# മാത്തൂർ ഗ്രാമ പഞ്ചായത്ത്

# വികസന രേഖ

ജനകീയ ആസൂത്രണം



എന്റെ ജീവിതമാർഗ്ഗമാണ്
എന്റെ സന്ദേശം

\- മഹാത്മാ ഗാന്ധി

# MATHUR PANCHAYAT



105-4

# പഞ്ചായത്ത് നഗരപാലികബിൽ

## 73-74



"ഞാൻ ഒരിന്ത്യയെ സ്വപ്നം കാണുന്നു.
ശക്തവും സ്വതന്ത്രവും സ്വയം പര്യാപ്തവും
ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ
നിൽക്കുന്നതുമായ ഒരു ഇന്ത്യ."

രാജീവ് ഗാന്ധി

# "വെളിച്ചമേ നയിച്ചാലും"



യശഃ ശരീരനായ

## ശ്രീ. എൻ. മാധവൻ

സ്ഥാപക പ്രസിഡണ്ട്

**മാത്തൂർ പഞ്ചായത്ത്**

**[1963-1979]**

മാത്തൂർ പഞ്ചായത്തിനെ സർവ്വതോന്മുഖമായ പുരോഗതിയിലേക്ക് നയിക്കുവാൻ പ്രയത്നിച്ച അങ്ങയുടെ ദീർഘവീക്ഷണത്തെ ഈ അവസരത്തിൽ ഞങ്ങൾ സ്മരിക്കുന്നു.

# മാത്തൂർ ഗ്രാമപഞ്ചായത്ത്
# ഭരണ സമിതി


ജി. ശിവരാജൻ
പ്രസിഡണ്ട്


എ.കലാധരൻ
വൈസ് പ്രസിഡണ്ട്


പി.അനന്തകൃഷ്ണൻ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ


സി.ഇടുമ്പൻ
മെമ്പർ


എം.നാരായണൻ
മെമ്പർ


ഓമന
മെമ്പർ


വേലായുധൻ
മെമ്പർ


സി.പ്രേമലത
മെമ്പർ


എൻ.ഷർമിളാമോൾ
മെമ്പർ


തങ്കം
മെമ്പർ


സ്വാമിനാഥൻ
[redacted]
ഗ്രാമപഞ്ചായത്ത്
സെക്രട്ടറി

# താളുകൾ മറിക്കുമ്പോൾ

| നമ്പർ | | പേജ് നമ്പർ |
|---|---|---|
| 1. | ആമുഖം | 1 |
| 2. | സാമൂഹിക സാംസ്കാരിക ചരിത്രം | 3 |
| 3. | ഭൂപ്രകൃതിയും വിഭവങ്ങളും | 7 |
| 4. | കൃഷിയും ജലസേചനവും | 11 |
| 5. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | 20 |
| 6. | വിദ്യാഭ്യാസം | 25 |
| 7. | കുടിവെള്ളവും പൊതുജനരോഗ്യവും | 29 |
| 8. | വ്യവസായം | 35 |
| 9. | ഗതാഗതവും ഊർജ്ജവും | 39 |
| 10. | ഭവനനിർമ്മാണവും സാമൂഹ്യക്ഷേമവും | 48 |
| 11. | സംസ്ക്കാരവും വനിതാക്ഷേമവും | 54 |
| 12. | സഹകരണവും മാർക്കറ്റും | 59 |
| 13. | പട്ടികജാതി പട്ടികവർഗ്ഗക്ഷേമം | 63 |
| 14. | വിഭവസമാഹരണം | 66 |
| 15. | ഉപസംഹാരം | 68 |

I

# ആമുഖം

നാടിൻെറ വികസനത്തിൽ ഒരു നിർണ്ണായക സ്ഥാനമാണ് ആസൂത്രണത്തിനുള്ളത്. സ്വതന്ത്രാനന്തര ഭാരതത്തിൽ കാർഷിക വ്യവസായിക രംഗത്തും, ശാസ്ത്രസാങ്കേതിക രംഗത്തും നാം കൈവരിച്ച നേട്ടങ്ങൾ നിരവധിയാണ്. തൊണ്ണൂറുകോടിയോളം വരുന്ന നമ്മുടെ രാജ്യത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി നിറവേറ്റാൻ കഴിയണമെന്ന ലക്ഷ്യമാണ് നമുക്കുള്ളതെങ്കിലും നമ്മുടെ വിഭവങ്ങളുടെയും ശാസ്ത്രസാങ്കേതിക ജ്ഞാനങ്ങളുടേയും അപര്യാപ്തത അടിയന്തരാവശ്യങ്ങൾ മുൻഗണന നല്കി പരിഹരിക്കുകയാണ്-ആസൂത്രണത്തിൻെറ ലക്ഷ്യം. നാളിതുവരെയുള്ള പദ്ധതികളുടെ ഗുണഭോക്താക്കളാണ് നമ്മുടെ പ്രദേശത്തെ ജനങ്ങൾ. എങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നതിലും ആയത് നടപ്പിലാക്കുന്നതിൽ ഓരോ പൗരൻേറയും കടമ നിർവ്വഹിക്കുന്നതിലും നാം വേണ്ടത്ര ബോധവാൻമാരല്ല. സർക്കാർ തലത്തിൽ തയ്യാറാക്കുന്ന പദ്ധതി പ്രദേശത്തിന് അനുയോജ്യമല്ലാത്തതിനാൽ പ്രയോജനം ലഭിക്കാതെ പോകുന്ന അവസ്ഥയും ഇന്ന് നിലനിൽക്കുകയാണ്. മഹാത്മഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി 73, 74 -ാം ഭരണഘടനാ ഭേദഗതി വഴി അധികാരം ജനങ്ങൾക്കു നല്കാനുള്ള ഭരണഘടനാ വ്യവസ്ഥ പ്രാവർത്തികമാക്കുകയാണ് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന മുദ്രവാക്യം ഏറ്റെടുക്കാൻ നമ്മെ പ്രേരിപ്പിച്ചത്. മുകളിൽ നിന്ന് പദ്ധതി തയ്യാറാക്കുക എന്നതിനു വിപരീതമായി ഗ്രാമതലങ്ങളിൽ നിന്ന് നമ്മുടെ പ്രദേശത്തിന് അനുയോജ്യമായ പദ്ധതി ചർച്ച ചെയ്ത് നടപ്പിലാക്കുക എന്നതാണ് ഇന്ന് നാം ഏറ്റെടുത്തിട്ടുള്ള ഉത്തരവാദിത്വം. പദ്ധതിലക്ഷ്യം കൈവരിക്കുന്നതിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങൾ ഏതെന്ന് കണ്ടുപിടിച്ച് അവ നീക്കം ചെയ്യുകയും നമ്മുടെ പഞ്ചായത്തിൻെറ സർവ്വതോമുഖമായ പുരോഗതിക്ക് ഉപയുക്തമായ വിഭവങ്ങളും മനുഷ്യാധ്വാനവും വിദഗ്ദരുടെ സേവനവും ലഭ്യമാക്കുക എന്നതും ജനകീയാസൂത്രണത്തിൻെറ മുഖ്യലക്ഷ്യങ്ങളിലൊന്നാണ്. അനുവദിക്കപ്പെടുന്ന പദ്ധതി വിഹിതം പൂർണ്ണമായും പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കുകയും ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാൻ പര്യാപ്തമായ ജനങ്ങളുടെ ദൈനംദിന ഇടപെടലും ഉണ്ടായേ മതിയാകൂ.

കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിലാണ് ബഹുഭൂരിപക്ഷം ജനങ്ങളും ഏർപ്പെട്ടിരിക്കുന്നത്. പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടവരും ഈ പഞ്ചായത്തിലുണ്ട്. 96 സെപ്തംബർ 21 മുതൽ ഒക്ടോബർ 8 വരെ 10 വാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ 1069 പേർ പങ്കെടുത്തു. രണ്ടാം ഘട്ട പരിശീലനപരിപാടികളിൽ വെച്ച് വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യമായ വിവരങ്ങൾ ശേഖരിക്കപ്പെട്ടു.

അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം) നല്കുന്നതിനാൽ ജനതാല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന സാഹചര്യം വളർന്നുവന്നിട്ടുണ്ട്. ഇതിനെല്ലാം പുറമേ കേന്ദ്രസംസ്ഥാന സർക്കാരിൻെറ പദ്ധതി വിഹിതവും വിവിധ ഏജൻസികളിൽ നിന്ന് കിട്ടുന്ന സഹായവും നികുതി വരുമാനവും എല്ലാറ്റിനുമുപരി ജനകീയ സംഭാവനകളും (പണം, വിഭവങ്ങൾ, അധ്വാനം) വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന ഘടകങ്ങളാണ്. ഈ അന്യഘടകങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ വികസന റിപ്പോർട്ടിൻെറ ഉള്ളടക്കം കുറ്റമറ്റതാക്കാനും പദ്ധതി ജനങ്ങൾക്കു വേണ്ടി എന്ന ആശയം പ്രാവർത്തികമാക്കാനും രാഷ്ട്രീയ-ജാതി-മത-പ്രാദേശിക ചിന്താഗതികൾക്കതീതമായി കൈകോർത്തു മുന്നേറാം എന്ന് ഈ അവസരത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

നമ്മുടെ ഭരണഘടന പഞ്ചവത്സര പദ്ധതികളുടെ ആസൂത്രണത്തിൽ പഞ്ചായത്തീരാജ്, നഗരപാലിക സംവിധാനങ്ങൾക്ക് പങ്കാളിത്തം ഉറപ്പുനല്ക്കുന്നുണ്ട്. രാജ്യത്തെ വിവിധ പ്രദേശങ്ങളുടെ മുന്നോക്കാവസ്ഥയും പിന്നോക്കാവസ്ഥയും വിഭവങ്ങളുടെ ലഭ്യതയും, ദൗർല്ലഭ്യവും ഒക്കെ വിലയിരുത്തികൊണ്ടു വേണം ആസൂത്രണം നടത്താൻ. ജനപങ്കാളിത്തത്തോടെ അതു ചെയ്യാൻ കഴിയണം. ഈ ലക്ഷ്യം വെച്ചുകൊണ്ട് ജനങ്ങളുടെ സർഗ്ഗശക്തി കെട്ടഴിച്ചു വിട്ടുകൊണ്ട് ഓരോ പ്രദേശത്തിനും ചേരുന്ന വിധത്തിൽ സാദ്ധ്യമാക്കുന്നിടത്തോളം ആസൂത്രിതവികസനം സമസ്ഥമേഖലയിലും നടപ്പിലാക്കാൻ ശ്രമിക്കുക എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ട് ഉദേശിക്കുന്നത്.

ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ നാളിതുവരേയുള്ള പ്രവർത്തനങ്ങളിൽ (ഒന്നാംഘട്ടവും രണ്ടാം ഘട്ടവും) പഞ്ചായത്ത് ഭരണസമിതിയും, പരിശീലകരും, ഉദ്യോഗസ്ഥന്മാരും സ്തുത്യർഹമായ പങ്കാണ് വഹിച്ചിരുന്നത്. 96 സെപ്റ്റംബർ 21 മുതൽ ഒക്ടോബർ 8 വരെ, 10 വാർഡുകളിലായി നടന്ന ഗ്രാമസഭകളിൽ 1069 പേർ പങ്കെടുത്തു. അതിൽ 125 പേർ സ്ത്രീകളായിരുന്നു. ഒന്നാംഘട്ട പഞ്ചായത്തു തല പരിശീലനത്തിൽ 76 പേർ പങ്കെടുത്തതിൽ 7 സ്ത്രീകളും, 7 ഉദ്യോഗസ്ഥരും, 8 പഞ്ചായത്തു മെമ്പർമാരും ഉണ്ടായിരുന്നു. പരിശീലനത്തിനുശേഷം ദ്വിതീയ വിവരശേഖരണം നടത്തുകയും, നിർദിഷ്ട സമയത്തു തന്നെ പ്രവർത്തനം പൂർത്തിയാക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

രണ്ടാംഘട്ട പ്രവർത്തനത്തിൻെറ ഭാഗമായി 22,23,24 തിയ്യതികളിൽ നടത്തിയ ജില്ലാതല പരിശീലന ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് 6 D.R.P മാർ പങ്കെടുത്തു. 8-11-96 നു നടത്തിയ പഞ്ചായത്തുതല പരിശീലന ക്യാമ്പിൽ ഒരു K.R.P അടക്കം 96 പേർ പങ്കെടുക്കുകയുണ്ടായി. അതിൽ സ്ത്രീകളുടെ പങ്കാളിത്തം 30 ഉണ്ടായിരിന്നു. ഉദ്യോഗസ്ഥർ 27 ഉം ജനപ്രതിനിധികൾ 9 പേരും ഉണ്ടായിരുന്നു.

ചരിത്ര പശ്ചാത്തലവും സാമൂഹ്യ ചുറ്റുപാടുകളും നാട്ടറിവിൻേറയും കേട്ടറിവിൻേറയും അടിസ്ഥാനത്തിൽ ശേഖരിക്കപ്പെട്ട വിവരങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ L.R.P മാരുടെ സജീവത ഉണ്ടായില്ല എന്ന പരിമിതിയുണ്ടെങ്കിലും DRP മാരുടെയും പഞ്ചായത്തു പ്രസിഡണ്ട്, ഭരണസിതിഅംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാർ മറ്റു സഹൃദയരായ നാട്ടുകാർ എന്നിവരുടെ സഹകരണത്തോടെ ഈ റിപ്പോർട്ട് പൂർത്തീകരിക്കുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ചാരിതാർത്ഥ്യമുണ്ട്.

**"ഭാരതത്തിൻെറ ആത്മാവ് ഗ്രാമങ്ങളിൽ ജീവിയ്ക്കുന്നു."**



*മഹാത്മാ ഗാന്ധി*

# 2

# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

മാത്തൂർ ഗ്രാമ പാഞ്ചായത്തിൻെറ ചരിത്ര പശ്ചാത്തലത്തിലേക്ക് ഒരെത്തിനോട്ടം നടത്താനേ ഈ വികസന റിപ്പോർട്ടിലൂടെ തുനിയുന്നുള്ളൂ. നാട്ടുകാരണവൻമാരുടെ കേട്ടറിവിൻെറ അടിസ്ഥാനത്തിൽ മാത്തൂർ എന്ന പേര് "മഹദ്" ഊര് (മഹത്വമുള്ള നാട്) എന്ന സംസ്കൃ തപദം കാലക്രമത്തിൽ ലോപിച്ച് മാത്തൂർ എന്ന പേരായി.

ദേശീയ സ്വാതന്ത്ര്യ സമരത്തിൻെറ മുൻ നിരയിൽ നിൽക്കാൻ കഴിഞ്ഞ ഏതാനും വ്യക്തികളെ സംഭാവന ചെയ്യാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. സർവ്വശ്രീ. കേളപ്പൻ കുന്നുപറമ്പ്, K.T. ഫിലിപ്പ്, കോമ്പി അമ്പാട്, ഗോപാലൻ എന്ന നാഗുഅപ്പൻ തച്ചൻകാട്, പി. ചാത്തു, കുമാരൻ മുതലി പല്ലൻചാത്തന്നൂർ മുതലായവർ അത്തരക്കാരാണ്. ബ്രിട്ടീഷ്കാർക്കെതിരെയുള്ള സമരത്തിൽ ജനങ്ങളെ അണിനിരത്താൻ വേണ്ടി ചേർന്ന പൊതുയോഗത്തിൽ ശ്രീ. കേളപ്പൻ അദ്ധ്യക്ഷനായിരുന്നു. K.T. ഫിലിപ്പ് പ്രാസംഗികനും ആയിരുന്നു. ഇതിൻെറ പേരിൽ ശ്രീ. K.T.ഫിലിപ്പിനെ പിറ്റേ ദിവസം അറസ്റ്റ് ചെയ്ത് ഒന്നര വർഷകാലം ജയിലിലടച്ചു. ശ്രീ. K.T. ഫിലിപ്പിൻെറ പേര് മാധവൻ എന്നായിരുന്നു അക്കാലത്ത് അഗ്രഹാരങ്ങളുടെ മദ്ധ്യത്തിലൂടെ പോകുന്ന റോഡിൽ ബ്രാഹ്മണൻ, നായൻമാർ, തുടങ്ങി സവർണ്ണ ജാതിക്കാർക്കു മാത്രമേ വഴി നടക്കാൻ പാടുള്ളൂ. ആ അവകാശത്തിനു വേണ്ടിയാണ് മാധവൻ ശ്രീ.K.T. ഫിലിപ്പായതും കിട്ട എന്നത് ശ്രീ. ജോണായി മാറിയതും.

സ്വാതന്ത്ര്യത്തിനു ശേഷം ചെങ്ങണിയൂർ പഞ്ചായത്ത് പ്രസിഡണ്ട്, ഡിസ്ട്രിക്ട് ബോർഡ് മെമ്പർ, കേരളയൂണിവേഴ്സിറ്റി സെനറ്റ് മെമ്പർ, തണ്ണിരങ്കാട് സർവ്വീസ് സഹകരണ ബാങ്ക് പ്രസിഡൻറ് എന്നീ നിലകളിൽ യശ്ശ:ശ്ശരീരനായ ശ്രീ.K.T.ഫിലിപ്പ് പ്രവർത്തിക്കുകയുണ്ടായി യശ്ശശരീരനായ ശ്രീ. K.V.ജോൺ കേരള നിയമസഭയിലേക്ക് നമ്മുടെ മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു.

ശ്രീമാൻ കേളപ്പൻ, തച്ചൻകാട്, ഗോപാലൻ എന്ന നാഗുഅപ്പൻ തുടങ്ങിയവർ പേരും മതവും മാറാതെ സവർണ്ണ മേധാവിത്തത്തിനെതിരെ പോരാടി. പല്ലൻചാത്തനൂർ വടക്കുനാഥ ക്ഷേത്രത്തിനകത്തു കയറി ദർശനം നടത്തിയത് അക്കാലത്തെ പ്രധാന സംഭവമായിരുന്നു.

കലാ-സാംസ്ക്കാരിക രംഗത്ത് പഞ്ചായത്ത് ഒട്ടും പിറകിലായിരുന്നില്ല. പാവകൂത്തിൻെറ ഉത്സവസ്ഥാനവും നമ്മുടെ പഞ്ചായത്താണെന്ന് വിശ്വാസമുണ്ട്. കുറപ്പത്ത് മാനവിക്രമ പുലയാർ ആയിരുന്ന കമ്പരാമായണത്തെ അടിസ്ഥാനമാക്കി തമിഴ്-മലയാളം കലർന്ന ശൈലിയിൽ കൂത്ത് അവതരിപ്പിച്ചത്. പ്രശ്തരായ കൂത്തു കവികളായ ചെമ്പോട്ടിൽ രാഘവൻ നായർക്കും, മനയങ്കത്ത് ഗോപാലൻ നായർക്കും ജനമം നൽകിയത് നമ്മുടെ പഞ്ചായത്താണ്. " മാനവിക്രമ പുലയരെ" സ്തുതിക്കുന്ന പരാമർശം ഇന്നും കൂത്തു കവിതയിൽ കാണാവുന്നതാണ്. കൂത്തുകവിതയിൽ പണ്ഡിതനായ മാത്തൂർ പടിഞ്ഞാറെ വീട്ടിൽ രാഘവൻ നായർക്ക് പട്ടാമ്പി കടമ്പായത്തു കാവിൽ കഴിഞ്ഞ 55 വർഷം കൂത്തു നടത്തി വരുന്നതിനുള്ള കൃതജ്ഞതാ സൂചകമായി ഒരു സുവർണ്ണഹാരം നൽകി ( മലയാള മനോരമ വാർത്ത) കൂടാതെ പ്രമുഖ കലാരൂപങ്ങളായ പുള്ളുവൻ പാട്ടിൽ പ്രശ്സതനായ ശ്രീ കുപ്പാണ്ടി തച്ചൻകാട്, പ്രമുഖ അയ്യപ്പൻ പാട്ടുക്കാരൻ വി. കണ്ട മുത്തസ്വാമികൾ ചുങ്കമന്ദം എന്നിവരും ഈ പഞ്ചായത്തുകാരാണ്.

ഒട്ടനവധി പ്രഗൽഭ വ്യക്തികളേയും ജൻമം നൽകാൻ പഞ്ചായത്തനു കഴിഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്ത് പറയത്തക്കവരാണ്. പ്രശ്സത നരവംശ ശാസ്ത്രജ്ഞനായ ഡോക്ടർ പി.ആർ.ജി മാത്തൂർ കുഴൽമന്ദം നിയോജക മണ്ഡലത്തെ തുടർച്ചയായി 3 തവണ പ്രതിനിധീകരിച്ച മുൻ എം.എൽ.എ. ടി.കെ. ആറുമുഖൻ ചിത്തിര തിരുന്നാൾ മെഡിക്കൽ ട്രസ്റ്റിൻെറ ന്യൂറോളജി വിഭാഗം തലവൻ ഡോക്ടർ കെ. രാധാകൃഷ്ണൻ MD. DM M N.A.M.S (ന്യൂറോളജി) അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. മോഹൻ കുമാർ ഐ.എ.എസ്. (മാടംമ്പത്ത്). ആദ്യമായി ഐ.എ.എസ് കേഡർ ലഭിച്ച കാനൂർ പുത്തൻ വീട്ടിൽ കെ. പി. വിശ്വനാഥൻ നായർ, ലഫ്റ്റനൻ കേണൽ ബാലചന്ദ്രൻ (പനമ്പിള്ളി), പരമ്പരാഗതമായി നാടി വൈദ്യർ അന്തരിച്ച ശ്രീ കളത്തിൽ ഗോപാലൻ നായർ, മഞ്ഞപിത്തം ചികിത്സാ വിദ്ഗദൻ സ്വാമിമേനോൻ, (കിഴക്കേത്തറ) വിഷചികിത്സാ, പേപ്പട്ടി വിഷചികിത്സാവിദഗ്ദർ ഹുസൈൻ റാവുത്തർ തച്ചൻകാട് വെള്ളമ്മാ പെരിങ്കരങ്കാട് ജഡ്ജി അയിരുന്ന ആറ്റാഞ്ചേരി കൃഷ്ണൻകുട്ടി നായർ, ശ്രീ. ശങ്കരയ്യർ, ആദ്യകാല വക്കീലൻമാരായ കുറുമത്ത് ശ്രീ രാമൻകുട്ടി നായർ, പാട്ടത്തിൽ ശിവരാമൻ മന്ദാടിയാർ, ശ്രീ ശങ്കരയ്യർ മാത്തൂർ അഗ്രഹാരം. ആഡിറ്റർ ശ്രീ ശേഷാദ്രി, അദ്ധ്യാപകനായ കോലത്ത് രാമൻകുട്ടി മാസ്റ്റർ, ആയുർവേദ ചികിത്സയിലും ജോതിഷത്തിലും പേരുകേട്ട മനയങ്കത്ത് ബാലകൃഷ്ണൻ നായർ, യു.പി. വിഭാഗത്തിൽ ആദ്യമായി അവാർഡ് ലഭിച്ച കള്ളി വളപ്പിൽ ശ്രീ കൃഷ്ണൻ കുട്ടിനായർ, പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യ സമരസേനാനിയുമായ ശ്രീ കർത്താവ് ബാലചന്ദ്രൻ പട്ടിക ജാതി വിഭാഗത്തിലെ ആദ്യ ഡോക്ടർ ശ്രീ. കെ. കുട്ടമണി (കോറാം കോട്) എന്നിവരാണ്.

അയിത്തം കൊടികുത്തി വാണിരുന്ന കാലഘട്ടത്തിൽ താഴ്ന്ന ജാതി എന്ന വ്യത്യാസം ഇല്ലാതെ വിദ്യ അഭ്യസിക്കുന്നതിന് പാട്ടത്തിൽ കളത്തിൽ അപ്പുകുട്ടി മന്ദാടിയാർ എന്ന കൃഷ്ണമന്ദാടിയാർ "വിദ്യവിലാസിനി" എന്ന സംസ്കൃത പാഠശാല സ്ഥാപിച്ചതായിട്ടാണറിവ് ആയതിൻെറ ഉദ്ഘാടനം നിർവ്വഹിച്ചത് പുന്നശേരി നീലകണ്ഠ ശർമ്മ ആയിരുന്നു. എല്ലാ ജാതി മതസ്തർക്കും പ്രവേശനം നൽകിയ പാഠശാലയിൽ യാതൊരു ഫീസും വാങ്ങാതെയാണ് പഠിപ്പിച്ചത്.

നമ്മുടെ പഞ്ചായത്തിൻെറ സവിശേഷതകളിൽ എടുത്തു പറയതക്കതാണ് ജോതിഷ രംഗത്ത് അപ്പുപണിക്കർ, മാധവപണിക്കർ, ശിവരാമപണിക്കർ, തച്ചു ശാസ്ത്ര രംഗത്ത് വിദഗ്ദർ മാഞ്ചുആശാരി കാനൂർ തൊടി ചെല്ലനാശാരി, കുട്ടനാശാരി തുടങ്ങിയവർ പണ്ടാരങ്ങൾ, കവറകൾ, കളമെഴുത്താശാൻമാർ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടവർ എല്ലാം തന്നെ വിവിധ പ്രദേശങ്ങളിൽ ഉണ്ട്.

1954-ൽ രൂപികരിക്കപെട്ട നമ്മുടെ പഞ്ചായത്തിൽ മാത്തൂർ ചെങ്ങണിയൂർ പല്ലൻഞ്ചാത്തനൂർ എന്നി വില്ലേജ് പഞ്ചായത്തുകളും ഡിസ്ട്രിക് ബോർഡ് നേരിട്ട് ഭരിച്ച തച്ചങ്കാട് പ്രദേശവും ഉൾപെടുന്നവയാണ്.

## ആദ്യകാല വില്ലേജ് പഞ്ചായത്ത് പ്രസിഡൻറ്മാർ

| | |
|---|---|
| മാത്തൂർ | ശ്രീ. കെ. അച്ചുകുട്ടിനായർ |
| ചെങ്ങണിയൂർ | ശ്രീ കെ. ടി. ഫിലിപ്പ് |
| പല്ലൻഞ്ചാത്തനൂർ | ശ്രീ. അമ്പാട് രാഘവൻ |

ആദ്യകാലങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ വോട്ടർമാർക്കും പഞ്ചായത്തു പ്രസിഡൻറിനെ തിരഞ്ഞെടുക്കുവാനുള്ള അവസാരം ഉണ്ടായിരുന്നു. കൈപൊക്കിയാണ് തിരഞ്ഞെടുപ്പ് രീതി വില്ലേജ് പഞ്ചായത്തുകളുടെ എകീകരണത്തെ തുടർന്ന് 1963 ഡിസംബർ 16 നാണ് ഇന്നത്തെ പഞ്ചായത്ത് നിലവിൽ വന്നത് പ്രസ്തുത പഞ്ചായത്തിൻെറ പ്രസിഡൻറ് ആയി യശശരീരനായ ശ്രീമാൻ എൻ. മാധവൻ തിരഞ്ഞെടുക്കപെട്ടു. സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം വളരെ ഏറെ കുറഞ്ഞ ആ കാലഘട്ടത്തിൽ പോലും ഈ പഞ്ചായത്തിന് സ്വതന്ത്രമായി ഒരു കെട്ടിടം നിർമ്മിക്കുകയും ചെറുതും വലുതുമായ നിരവധി പദ്ധതികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. നിലവിലുള്ള പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൻെറ ഉദ്ഘാടനം നിർവ്വഹിച്ചത് 13-12-1969 ന് അന്നത്തെ കൃഷി ജലസേജന വകുപ്പ് മന്ത്രി ആയിരുന്ന ശ്രീ. ഒ. കോരൻ ആയിരുന്നു.

## ഏകീകൃത പഞ്ചായത്തിൻെറ ഒന്നാമത്തെ ഭരണ സാരഥികൾ

| | | |
|---|---|---|
| 1. | ശ്രീ. എൻ. മാധവൻ | പ്രസിഡൻറ് |
| 2. | ശ്രീ. എൻ. രാമകൃഷ്ണൽ | വൈസ് പ്രസിഡൻറ് |
| 3. | ശ്രീ. രാമയ്യർ | മെമ്പർ |
| 4. | ശ്രീ. കോമ്പി | " |
| 5. | ശ്രീ. എം. എൻ. രാഘവൻ | " |
| 6. | ശ്രീ. എം. കെ. അച്ചുതൻ നായർ | " |
| 7. | ശ്രീ. ചാമുണ്ണി | |
| 8. | ശ്രീ. പഴണൻ | |
| 9. | ശ്രീമതി. ഉള്ളാട്ടിൽ വള്ളിയമ്മ | (നോമിനേറ്റഡ്) |

## 29-9-1979 ന് നിലവിൽ വന്ന ഭരണ സാരഥികൾ

| | | |
|---|---|---|
| 1. | ശ്രീ. കെ. വേലുണ്ണി | പ്രസിഡൻറ് |
| 2. | ശ്രീ. ടി. കെ. ആറുമുഖൻ | വൈസ് പ്രസിഡൻറ് |
| 3. | ശ്രീ. കെ. വി. ബാലകൃഷ്ണൻ | മെമ്പർ |
| 4. | ശ്രീ. എ. കലാധരൻ | " |
| 5. | ശ്രീ. ശിവരാമ മേനോൻ | " |
| 6. | ശ്രീ. പി. കെ. രാജൻ | " |
| 7. | ശ്രീ. പി. കെ. മാധവൻ | " |
| 8. | ശ്രീ. വി. ദിവാകരൻ | " |
| 9. | ശ്രീമതി വിജയലക്ഷമി | " |

## 5-2-1988 ന് നിലവിൽ വന്ന ഭരണസമിതി

| | | |
|---|---|---|
| 1. | ശ്രീ. വി. രാധാകൃഷ്ണൻ | പ്രസിഡൻറ് |
| 2. | ശ്രീ. സി. വേലായുധൻ | വൈസ് പ്രസിഡൻറ് |
| 3. | ശ്രീമതി വിലാസിനി | മെമ്പർ |
| 4. | ശ്രീമതി. ഗംഗ | |
| 5. | ശ്രീ. പി. സുദേവൻ | |
| 6. | ശ്രീ. ഇ. നാരായണൻ കുട്ടി | |
| 7. | ശ്രീ. പി. എം. രവീന്ദ്രൻ | |
| 8. | ശ്രീ. മായൻ | |
| 9. | ശ്രീ. കുട്ടപ്പൻ | |
| 10. | ശ്രീ. ബാലചന്ദ്രൻ | |

സ്വാതന്ത്ര്യ സമരത്തിനും സാമൂഹ്യമാറ്റത്തിനും വേണ്ടി പ്രവർത്തിച്ച നിരവധി മഹത് വ്യക്തികളെ സംഭാവന ചെയ്ത പഞ്ചായത്ത് എന്നതിലുപരി മത സൗഹാർദത്തിന് പേരുകേട്ട ഉൽസവങ്ങളും നമ്മുടെ പ്രദേശത്ത് നടന്നു വരുന്ന തെരുവത്ത് പള്ളി നേർച്ച അക്കൂട്ടത്തിൽ പെട്ടതാണ്.

കൊടിയ വരൾച്ച ബാധിച്ച് കൃഷിനശിച്ചു കൊണ്ടിരുന്ന സമയത്ത് സഞ്ചാരി ആയി വന്ന സെയ്തുമുഹമദ് എന്ന ഇസ്ലാം മത പണ്ഡിതന്റെ പ്രാർത്ഥനയുടെ ഫലമായി ശക്തിയായ മഴ മാത്തൂർ പഞ്ചായത്തിൽ ഉണ്ടാവുകയും അങ്ങനെ കൃഷിയെ രക്ഷിക്കാൻ കഴിഞ്ഞു എന്നും ആണ് ഐതിഹ്യം. ആ മതപണ്ഡിതൻ ഇന്നുള്ള തെരുവത്ത് പള്ളി നിൽക്കുന്ന സ്ഥലത്ത് വെച്ച് യശശരീരനായി. ഇസ്ലാം മത പണ്ഡിതൻ അന്ത്യ വിശ്രമം കൊണ്ടസ്ഥലത്ത് ഒരു പള്ളി പണിയുവാൻ ഇളയാട്ടു തറവാട്ടു കാരണവർ താങ്കളുടെ കൈവശമുള്ള സ്ഥലത്തിന്റെ ഒരു ഭാഗം ദാനം ചെയ്തു എന്നും അവിടെ പണിത പള്ളിയാണ് തെരുവത്ത് പള്ളി എന്നും വിശ്വസിക്കുന്നു. മകരമാസത്തിലെ പൗർണമി ദിനത്തിന്റെ തലേന്ന് ജില്ലയിലേയും തമിഴ്നാടിന്റെയും സമീപ പ്രദേശങ്ങൾ തുടങ്ങി നാനാ ഭാഗങ്ങളിൽ നിന്നും വന്നു ചേരുന്ന പതിനായിരക്കണക്കിന് വിവിധ മതസ്ഥരായ തീർത്ഥാടകരുടെ ഒത്തു ചേരലോടെയാണ് പള്ളി നേർച്ച കൊണ്ടാടുന്നത് കന്നുകാലികളുടെ ആരോഗ്യ രക്ഷയ്ക്ക് പള്ളിയിൽ നേർച്ച വഴിപാട് സമ്പ്രദായം ഇന്നും നിലനിൽക്കുന്നുണ്ട് കൂടാതെ കാർഷികോൽപ്പന്നങ്ങളും പണവും നേർച്ചയായി ലഭിക്കും. മുസ്ലീം ദേവാലയം ആണെങ്കിലും പ്രസുതുത നേർച്ചാ ചടങ്ങിൽ പങ്കെടുക്കുന്നതിൽ മഹാ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. ഹിന്ദു മുസ്ലീം മത മൈത്രിക്ക് ഉത്തമ മാതൃകയാണ് നമ്മുടെ പള്ളിനേർച്ച.

അതുപോലെ വടക്കുനാഥക്ഷേത്രം (പല്ലൻഞ്ചാത്തനൂർ) ശ്രീകൃഷ്ണ ക്ഷേത്രം, മന്നത്ത് ഭഗവതി, കാളികാവ് ക്ഷേത്രം, തട്ടാരപൊറ്റ സ്വയംഭൂപുലിയന്നൂർ ക്ഷേത്രം, മന്ദംപുള്ളി ക്ഷേത്രം, പീച്ചാംകുറുശ്ശി കാളി ഭഗവതി, ചെങ്ങണിയൂർ ക്ഷേത്രം, ചെങ്ങണിയൂർ കാവ്, കുതിരമട ക്ഷേത്രം തുടങ്ങി ചെറുതും വലുതുമായ ക്ഷേത്രങ്ങളും അവയോടനുബന്ധിച്ച് ഉത്സവങ്ങളും നിരവധിയാണ്.

കാർഷിക വിനോദത്തിന്റെ ഭാഗമായി കന്നുപൂട്ടു മൽസരം നടത്തിയിരുന്ന തച്ചങ്കാട് പ്രദേശം ഇന്നും പ്രസിദ്ധമാണ് പേരുകേട്ട കന്നുതെളി ജാക്കി ശ്രി കുഞ്ചൻ ജില്ലയ്ക്ക് അകത്തും പുറത്തും അറിയപെടുന്ന വ്യക്തിയാണ്. ക്യാറ്റിൽ റൈസ് ക്ലബ് ഓഫ് ഇന്ത്യ രൂപീകരിച്ച് കാളവണ്ടി ഓട്ടത്തിനും കന്നുതെളിമൽസരത്തനും പ്രോത്സാഹനം കൊടുത്ത അന്തരിച്ച ഡോക്ടർ കെ. വി. അശോകൻ നമ്മുടെ പഞ്ചായത്തിൽ നിന്നുള്ള വെറ്റിനറി ഡോക്ടർ ആയിരുന്നു. കൃഷി ജോയിൻറ് ഡയറ്കടർ ശ്രി. കെ. വി. വാസുദേവൻ, സൂപ്രണ്ടിങ്ങ് ഇഞ്ചിനീയർ ആയി റിട്ടയർ ചെയ്ത ശ്രീ. സുകുമാരൻ ഇലട്രിക്കൽ എഞ്ചിനിയർ രാമകൃഷ്ണൻ തുടങ്ങി. പ്രഗൽഭ മതികളായ സാമൂഹിക സാംസ്കാരിക്ക രംഗത്ത് പ്രവർത്തിക്കുന്ന ഒട്ടനവധി മഹത് വ്യക്തികളെ സംഭാവന ചെയ്ത പഞ്ചായത്താണ് മാത്തൂർ

"ഒരു ജാതി
ഒരു മതം
ഒരു ദൈവം
മനുഷ്യന്"



ശ്രീനാരായണഗുരു

# 3 ഭൂപ്രകൃതിയും വിഭവങ്ങളും

കുന്നുകളും ചരിവും ചതിപ്പുനിലങ്ങളും തീരെ കുറവായ ഒരു പഞ്ചായത്താണ് മാത്തൂർ പഞ്ചായത്ത്. കൃഷിയിടവും പുരയിടവും കുറച്ചുതരിശുഭൂമിയും ഉൾപ്പെടുന്ന കൂടുതലായും നെൽകൃഷിയാണ്. മലമ്പുഴ വെള്ളം ലഭ്യമായതോടെ ഇരുപ്പൂ കൃഷിമാത്രമായി മാറി. കനാൽ വെള്ളം ലഭ്യമാകാത്ത സ്ഥലങ്ങളിൽ മധുരക്കിഴങ്ങ് കൃഷിചെയ്യുന്നത്. ഈ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.

## ഭൂപ്രകൃതി

പട്ടിക 1 ൽ കാണിച്ചിരിക്കുന്നതുപോലെ കൂടുതലും കൃഷിനിലവും പുരയിടവുമാണ് ഈ പഞ്ചായത്തിലുടനീളം കാണാൻ കഴിയുന്നത്. വെട്ടിക്കാട് എന്ന സ്ഥലത്ത് മാത്രം ഒരു കുന്ന് കാണാം. തണ്ണീരങ്കാട്ടിലെ പാറക്കെട്ട്, ആനിക്കോട്ടിലെ പാറയക്കൽ എന്നീ പ്രദേശത്ത് ചെറിയ പാറ പ്രദേശം കാണാം.

## മണ്ണ്

കൃഷിയോഗ്യമായ പശിമരാശി മണ്ണും ചെമ്മണ്ണുമാണ് പഞ്ചായത്തിലുടനീളം കാണുന്നത്. പുഴയോരത്ത് മണൽ കലർന്ന മണ്ണായതിനാൽ അവിടെ ഇഷ്ടിക നിർമ്മാണം വ്യാപകമായി നടക്കുന്നു. ചുരുക്കം ചില ഭാഗങ്ങളിൽ ചരൽ മണ്ണും പാറയും കാണുന്നുണ്ട്.

## ജലം

പട്ടിക 3. പഞ്ചായത്തിൽ മുഖ്യമായ ജലസമ്പത്ത് കുളങ്ങളും കിണറുകളുമാണ്. ആകെ 89 കുളങ്ങൾ ഉള്ളതിൽ 45 എണ്ണവും മുഴുവനായി വറ്റാത്തവയാണ്. ജലസേചനത്തിനുള്ള വെള്ളം ഉപയോഗിക്കുന്ന ചില സ്വകാര്യ വ്യക്തികളുടെ കുളങ്ങൾ ഭാഗികമായി വറ്റുന്നു. ചുരുക്കം ചില ചെറിയ കുളങ്ങൾ മുഴുവനായും വറ്റുന്നവയാണ്. കിണറുകൾ ഉള്ളതിൽ പൂർണ്ണമായി ജലലഭ്യത ഉള്ളത് ഏകദേശം 200 എണ്ണം മാത്രമാണ്. ബാക്കിയൊക്കെ വേനൽക്കാലത്ത് വറ്റുന്നവയാണ്. മഴ കുറയുന്ന സന്ദർഭങ്ങളിൽ കുടിവെള്ളക്ഷാമം പഞ്ചായത്തിലെ ചില മേഖലകളിൽ ഉണ്ടാകുന്നുണ്ട്.

പഞ്ചായത്തിൽ രണ്ട തോടുകൾ ഉണ്ടെങ്കിലും വേനൽക്കാലത്ത് വെള്ളം ഉണ്ടാകുന്നില്ല. പുഴയിൽനിന്ന് പമ്പ് ചെയ്ത് കുടിവെള്ളം പൈപ്പ്ലൈൻ വഴി പഞ്ചായത്തിന്റെ കേന്ദ്രഭാഗങ്ങളിൽ എത്തിക്കുന്നുണ്ട്.

മഴ ലഭ്യതയെക്കുറിച്ചു പറയുകയാണെങ്കിൽ പാലക്കാട് ജില്ലയിലെ മഴ ലഭ്യത ഏറെക്കുറെ പൂർണ്ണമായി ലഭിക്കുന്ന പഞ്ചായത്താണ് മാത്തൂർ. കഴിഞ്ഞ 76, 83, 87 എന്നീ വർഷങ്ങളിൽ മഴ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. സാധാരണയായി ജൂലൈ മുതൽ ആഗസ്റ്റ് വരെ 1459 മില്ലി ലിററർ മഴലഭിക്കുന്നുണ്ട്. അതിന്റെ പകുതിയോളം സെപ്തംബർ, നവംബർ മാസങ്ങളിൽ ലഭിക്കുന്നു. ഡിസംബർ മുതൽ ഏപ്രിൽവരെ മഴതീരെകുറവായിരിക്കും.

## ഭൂവിനിയോഗം

കൃഷിയോഗ്യമല്ലാത്ത ഭൂമി ഈ പഞ്ചായത്തിൽ കുറവാണ്. തീരെ ചെറിയ വിസ്തീർണ്ണം മാത്രമേ തരിശായിട്ടുള്ളൂ. പുരയിടവും കൃഷിസ്ഥലവും ആയി ബാക്കിയുള്ളവ ഉപയോഗിക്കപ്പെടുന്നു. പട്ടിക 2ൽ കാണിച്ചിരിക്കുന്നു. മുഖ്യമായി നെൽകൃഷിയും പിന്നെ തെങ്ങ്, ചക്കരവെള്ളി, കപ്പ, വാഴ എന്നീ കൃഷികളും വ്യാപകമായി കാണാം.

## ജൈവസമ്പത്ത്

നെൽകൃഷിയും തെങ്ങ് കൃഷിയുമാണ് മുഖ്യമായ വിളവ് എങ്കിലും കുറച്ചുകാലമായി ഇഞ്ചികൃഷി വ്യാപകമാണ്. വയലുകൾ നികത്തി വീടുവെയ്ക്കുന്നത് ഏററവും കുറവായി കണ്ടുവരുന്ന ഒരു

പഞ്ചായത്താണ് മാത്തൂർ . അതിനെക്കുറിച്ചു നടത്തിയ പഠനത്തിൽ 10 സെൻറിനുതാഴെ ഭൂമിയുള്ളവർ 621 പേരും, 25 സെൻറിനുതാഴെ 10 സെൻറിനുമുകളിൽ ഭൂമിയുള്ളവർ 1416 പേരും, 25 സെൻറിനും 50 സെൻറിനും ഇടയ്ക്ക് ഭൂമിയുള്ളവർ 1602 പേരും, 50 സെൻറിനും ഒരേക്കറിനും താഴെയുള്ളവർ 913 പേരും, 1 ഏക്കറിനും 2 ഏക്കറിനും ഇടയിൽ ഭൂമിയുള്ളവർ 710 പേരും 2 ഏക്കർ മുതൽ 5 ഏക്കർ വരെ ഭൂമിയുള്ളവർ 378 പേരും, 5 ഏക്കറിനു മകളിൽൽ ഉള്ളവർ 146 പേർ മാത്രവും ആണെന്നുകാണുന്നു.

## വൃക്ഷങ്ങൾ

പഞ്ചായത്തിൽ പനമരങ്ങൾ വ്യാപകമായിരുന്ന ഒരു കാലഘട്ടമുണ്ടായിരുന്നു. ഇപ്പോൾ വംശനാശം വന്നിരിക്കുന്ന ഒരു വൃക്ഷമാണ് പന. മാവ്, പുളി, പ്ലാവ് എന്നിവ വ്യാപകമായി കാണാവുന്ന മരമാണ്. വേങ്ങ, വാക, കഴനി എന്നീ മരങ്ങളും കാണുന്ന പഴയതൊടികൾ ഇന്നും പഞ്ചായത്തിൽ കാണാം.

## ഔഷധസസ്യങ്ങൾ

പാലക്കാടിൻെറ പ്രത്യേകതയായിരുന്നു വേലിപ്പടർപ്പുകളും തൊടികളും ധാരാളം ഉണ്ടായിരുന്ന ഒരു പഞ്ചായത്തായിരുന്നു മാത്തൂർ. അത്തി ഇത്തി, അരയാൽ, പേരാൽ എന്ന നാൽപ്പാമരം കൊണ്ട് ശുദ്ധിചെയ്യാത്ത വീടുകൾ ഉണ്ടാവില്ല. ഏതു വേലികളിലും കുറുന്തോട്ടി, പാതംകൊല്ലി, വള്ളിക്കടലാടി, ആവണക്കിമൂരില, വെള്ളക്കൊടുവേലി എന്നിവ ഉണ്ടായിരുന്നു. അതൊക്കെ വേരററുപോയി എന്നുതന്നെ പറയാം. പറമ്പുകളിൽ തുമ്പച്ചെടികാണാത്തവരായി പഴയതലമുറയിൽ ആരുംതന്നെ ഇല്ല എന്നു പറയാം. പക്ഷെ ഇന്നത്തെ തലമുറക്ക് അതുകാണാനുള്ള ഭാഗ്യം ഇല്ലാതായി. കാഞ്ഞിരം, കരിനൊച്ചി, ആടലോടകം തിന്നാമ്പാല, നാഗർതാളി എന്നിവ എന്തെന്നുപോലും അറിയാത്തവരായി നാം മാറിക്കഴിഞ്ഞിരിക്കുന്നു. ഒററപ്പെട്ട വീടുകളിൽവെച്ചുപിടിപ്പിക്കുന്ന കറിവേപ്പില, മാതളം, കരിതുളസി, കച്ചോലം, കീഴാർനെല്ലി, മഞ്ഞൾ, ഇഞ്ചി എന്നിവമാത്രമായി ഔഷധസസ്യങ്ങൾ ചുരുങ്ങിയിരിക്കുകയാണ്.

## പക്ഷികൾ

കോഴികൾ വളർത്തുന്നത് ഇന്നും ഒട്ടുമിക്ക വീടുകളിലും നിലനിൽക്കുന്നു. ചില വീടുകളിൽ താറാവും കാണാം. സാധാരണ കാണപ്പെടുന്ന പക്ഷികൾ കാക്ക, മൈന, കൊക്ക്, പഞ്ചവർണ്ണക്കിളി, കുരുവി, കുളക്കോഴി, പൊന്മ, പ്രാവ് എന്നിവയാണ്.

## വളർത്തുമൃഗങ്ങൾ

പാൽസൊസൈററികൾ സജീവമായതോടെ പശു വളർത്തൽ ഒരു തൊഴിലാക്കിവരുന്നു. പട്ടിക 4 നോക്കുക. എരുമകളുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നതു കാണാം. സങ്കര ഇനം പശുവിൻെറ വ്യാപനം ആണ് ഇതിനു കാരണം. കാളവണ്ടിയുഗം മാറിയെങ്കിലും ഈ പഞ്ചായത്തിൽ അങ്ങിങ്ങായി കാളവണ്ടി തൊഴിലുകാർ ഉണ്ട്. 300 ഓളം കാളകൾ പഞ്ചായത്തിൽ ഉണ്ട്. ആടുവളർത്തൽ ഉപജീവനമാർഗ്ഗമാക്കിമാററിയ ചുരുക്കം ചില കുടുംബങ്ങളും, പഞ്ചായത്തിൽ ഉണ്ട്. പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവ ഒട്ടുംതന്നെ വ്യാപിച്ചിട്ടില്ല.

## കാലാവസ്ഥ

ജൂൺ മുതൽ ആഗസ്റ്റുവരെ ഇടവപ്പാതിയും സെപ്തംബർ മുതൽ നവംബർ വരെ തുലാവർഷവും ലഭിക്കുന്ന ഒരു പഞ്ചായത്താണ മാത്തൂർ. ഫെബ്രുവരി മുതൽ ഏപ്രിൽ വരെ നല്ല ചൂടനുഭവപ്പെടുകയും തീരെ മഴയുണ്ടാവുകയും ഇല്ല. ഡിസംബർ ജനുവരി മാസങ്ങളിൽ മഴ തീരെ കുറവായിരിക്കുമെങ്കിലും നല്ല തണുത്ത കാലാവസ്ഥയാണ്. താപനില ഏററവും കൂടിയത് 38.49 ഉം കുറഞ്ഞത് 21.7 ഉം സെൽഷ്യസാണ്.

ഡിസംബർ ജനുവരി മാസങ്ങളിൽ മാത്തൂർ പഞ്ചായത്തിലെ വെട്ടിക്കാട് പ്രദേശത്ത് നല്ല ശക്തിയായി കാററു വീശുന്നതായി അനുഭവപ്പെടുന്നുണ്ട്.

## ജനസംഖ്യ

ഈ പഞ്ചായത്തിൽ മൊത്തം ജനസംഖ്യ 22627 അതിൽ സ്ത്രീകൾ 1169-0 പേർ 6000 ത്തോളം പട്ടികജാതിക്കാർ പഞ്ചായത്തിൽ ഉണ്ട്. ചെറുകിട കൃഷിക്കാരും കർഷകത്തൊഴിലാളികളും ആണ് ബഹുഭൂരിപക്ഷം പേരും. വൻകിട കൃഷിക്കാർ വിരലിൽ എണ്ണാവുന്നവർ മാത്രം. ഉദ്യോഗസ്ഥൻമാരായി ഏകദേശം 520 പേർ മാത്രമേ ഉള്ളു. അഭ്യസ്തവിദ്യരായ ധാരാളം ചെറുപ്പക്കാർ ഇന്ന് തൊഴിൽ രഹിതരായി പഞ്ചായത്തിൽ ഉണ്ട്. അഭ്യസ്തവിദ്യരായി വനിതകൾ വീട്ടുജോലിയിൽ ഒതുങ്ങിക്കഴിയുന്നവർ പഞ്ചായത്തിൽ കുറവല്ല. തൊഴിൽ വൈദഗ്ദ്യമുള്ള ഇലക്ട്രിഷ്യൻമാർ, പ്ലംബർമാർ, വെൽഡർമാർ തുടങ്ങിയവർ പഞ്ചായത്തിലൂടനീളം കാണാവുന്നതാണ്. ആയതിനാൽ പരിശീലനം ഉൾപ്പെടെ പഞ്ചായത്തുതലത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

### പട്ടിക 1

| വാർഡ് നമ്പർ | ഭൂപ്രകൃതി വിഭാഗങ്ങൾ | മൺതരങ്ങൾ | ജലസമ്പത്ത് | വിളവുകൾ |
|---|---|---|---|---|
| 1. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ് | കുളം, കിണർ<br>തോട് | നെല്ല്, കുരുമുളക്<br>ചക്കരവള്ളി, തെങ്ങ്, വാഴ, ഇഞ്ചി<br>മുതലായവ |
| 2. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ് | കുളം, കിണർ<br>തോട് | നെല്ല്, ചക്കരവള്ളി, കപ്പ,<br>തെങ്ങ്, വാഴ, കശുമാവ്, കൈതച്ചക്ക |
| 3. | കൃഷിനിലം<br>പുരയിടം<br>പാറപ്രദേശം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ്<br>പാറ | കുളം, കിണർ<br>തോട് | നെല്ല്, തെങ്ങ്, വാഴ, കശുമാവ് |
| 4. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 5. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 6. | കൃഷിനിലം<br>പുരയിടം<br>തരിശുഭൂമി | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ്<br>ചരൽമണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 7. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 8. | കൃഷിനിലം<br>പുരയിടം<br>പാറപ്രദേശം<br>തരിശുഭൂമി | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ്<br>ചരൽമണ്ണ്<br>പാറ | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 9. | കൃഷിനിലം<br>പുരയിടം<br>തരിശുഭൂമി<br>കുന്നുകൾ | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ്<br>ചരൽമണ്ണ്<br>മണൽമണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |
| 10. | കൃഷിനിലം<br>പുരയിടം | പശിമരാശിമണ്ണ്<br>ചുവന്നമണ്ണ്<br>മണൽകലർന്ന മണ്ണ് | കുളം, കിണർ | നെല്ല്, തെങ്ങ്, വാഴ, കപ്പ |

## പട്ടിക 2

| കൃഷിഭൂമി | കുടിയിരുപ്പ് | തരിശുഭൂമി | ആകെ |
|---|---|---|---|
| 1391 ഹെക്ടർ | 645.16 ഹെക്ടർ | 31.04 ഹെക്ടർ | |

## പട്ടിക 3

### ജലസ്രോതസ്സുകൾ

| കുളങ്ങൾ | കിണറുകൾ | തോടുകൾ | പുഴ |
|---|---|---|---|
| 89 | 515 | 2 | 1 |

പട്ടിക 4

| വർഗ്ഗം | പുരുഷൻമാർ | സ്ത്രീകൾ | കുട്ടികൾ (0-6) | പട്ടിക ജാതിക്കാർ | ആകെ |
|---|---|---|---|---|---|
| മനുഷ്യർ | 10937 | 11690 | 1920 | 5919 | 24547 |

## മൃഗങ്ങൾ

| പശു | കാള | എരുമ പോത്ത് | ആട് | പന്നി | മുയൽ |
|---|---|---|---|---|---|
| 2500 | 301 | 331 | 460 | 15 | 20 |

## പക്ഷികൾ

| കോഴികൾ | താറാവ് | മൈന | തത്ത |
|---|---|---|---|
| 3463 | 19 | 4 | 8 |

## മരങ്ങൾ

| പന | പ്ലാവ് | നാരകം | നെല്ലി | മാവ് | പുളി |
|---|---|---|---|---|---|
| 55 | 50 | 10 | 34 | 95 | |

# 4 കൃഷിയും ജലസേചനം

മാത്തൂർ പഞ്ചായത്തിൽ ഏററവും അധികം കുടുംബങ്ങൾ ആശ്രയിക്കുന്നതും, എന്നാൽ ഏററവും അധികം പ്രതിസന്ധികൾ നേരിടുന്നതുമായ മേഖലയാണ് കൃഷി. പഞ്ചായത്തിലെ പ്രധാന കൃഷി നെൽകൃഷിയാണ്. മററ് വിളകളിലുള്ള ആശ്രയണം നാമമാത്രമാണ്.

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ അറുപത്തിനാല് ശതമാനവും കൃഷിയിടങ്ങളാണ്. ഇവയിൽതന്നെ എൺപത്തിയൊമ്പത് ശതമാനവും നെൽകൃഷിയാണ്. അതുകൊണ്ടുതന്നെ കൃഷി പ്രധാന പഠനം അർഹിക്കുന്നു. പഞ്ചായത്തിലെ കൃഷി നിലങ്ങളുടെ വിനിയോഗം താഴെ കൊടുത്തിരിക്കുന്നു.

## 1. ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെയുള്ള കർഷക കുടുംബങ്ങളിൽ എഴുപത്തിയാറ് ശതമാനവും ഒരു ഹെക്ടറിൽ താഴെമാത്രം കൃഷിയുള്ള ചെറുകിട കർഷകർ ആണ്. രണ്ട് ഹെക്ടറിൽ കൂടുതലുള്ള കർഷകർ രണ്ട് ശതമാനം മാത്രമാണ്. കൈവശഭൂമിയുടെ തോത് അനുസരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു.

| ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം |
|---|---|
| ഒരു ഹെക്ടറിൽ തഴെ | 1790 |
| ഒരു ഹെക്ടറിനും, രണ്ട് ഹെക്ടറിനും ഇടക്ക് | 507 |
| രണ്ട് ഹെക്ടറിനു മുകളിൽ | 55 Source, KRISHI BHAVAN |

ബഹുഭൂരിപക്ഷം കർഷകരും ചെറുകിട നാമമാത്ര കർഷകർ ആയതുകൊണ്ട് സംഘടിതമായ കാർഷികവൃത്തി അത്യന്തം വിഷമകരമാവുന്നു. നെൽകൃഷിയൊഴിച്ചുള്ള മററ് കൃഷികൾ എടുത്ത് പരിശോധിക്കുകയാണെങ്കിൽ പ്രധാനമായും തെങ്ങ്, വാഴ, ഇഞ്ചി തുടങ്ങിയവയാണ്. ഇതിന് പുറമെ വ്യാപകമായി ചെയ്ത് വരുന്ന മധുരക്കിഴങ്ങ്, കൃഷിയും പ്രത്യേക പഠനം അർഹിക്കുന്നു. ഏകദേശം നൂറ് ഹെക്ടർ സ്ഥലത്ത് മധുരക്കിഴങ്ങ് കൃഷി ചെയ്യുന്നു എന്നതാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തെങ്ങ്, വാഴ തുടങ്ങിയ കൃഷികൾ ശാസ്ത്രീയമാണെന്ന് പറയാൻ സാദ്ധ്യമല്ല. വിവിധ കൃഷികളും അവ ചെയ്യുന്ന ഭൂവിസ്ത്രിതിയും എടുത്ത് പരിശോദിക്കുന്ന ഒരു രൂപ രേഖ താഴെ കൊടുക്കുന്നു.

| കൃഷിയിനം | വിസ്ത്രിതി (ഹെക്ടറിൽ) |
|---|---|
| ആകെ കൃഷിയിടം | 1569.1 |
| നെല്ല് | 1396 |
| തെങ്ങ് | 40 |
| വാഴ | 20 |
| മധുരക്കിഴങ്ങ് | 100 |
| മററുള്ളവ | 13.1 |

മേൽപ്പറഞ്ഞ പ്രധാന വിളകൾക്ക് പുറമെ റബ്ബർ, പയർ, മരച്ചീനി, വാഴ, കുരുമുളക് തുടങ്ങിയ കൃഷികൾ ഇടവിളയായും നടത്തുന്നു. ഇവയൊന്നുംതന്നെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നു എന്ന് പറയാവുന്നതല്ല.

| ഇടവിള കൃഷികൾ | വിസ്തൃതി |
|---|---|
| റബ്ബർ | 15 |
| പയർ | 45 |
| വാഴ | 60 |
| മരച്ചീനി | 6 |
| പച്ചക്കറി | 100 |
| കുരുമുളക് | 8 |
| കവുങ്ങ് | 15 |

നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത ഉയർന്ന നീർവാഴ്ച്ചയുള്ള പ്രദേശങ്ങളിലുള്ള കൃഷികൾ തീരെ വികസിക്കാത്ത പ്രദേശങ്ങളിലൊന്നാണ് മാത്തൂർ. രേഖകളിൽ നൂററിഅറുപത് ഹെക്ടർ സ്ഥലമാണ് കൃഷിക്ക് അനുയോജ്യമായ തരിശുഭൂമിയായി കണക്കാക്കപ്പെട്ടിരിക്കുന്നത് എങ്കിലും ഫലത്തിൽ തരിശായി കിടക്കുന്ന നീർവാഴ്ച്ചയുള്ള സ്ഥലങ്ങൾ ഇതിലും എത്രയോ മടങ്ങാണ് എന്നതാണ് സത്യം. വാണിജ്യ വിളകളുടെ പ്രചാരത്തിലുള്ള കുറവ് ഇവിടെ പ്രത്യക്ഷമാണ്.

## നെൽകൃഷി

രണ്ട്പുവൽ കൃഷിയാണിവിടെ ചെയ്ത് വരുന്നത്. ഒരു പരിധിവരെ അത്യുൽപ്പാദനശേഷിയുള്ള വിത്തുകൾ ഉപയോഗിച്ചുവരുന്നു. രാസവളങ്ങൾ, കീടനാശിനികൾ എന്നിവയും വ്യാപകമായി ഉപയോഗിച്ചുവരുന്നു. ഒരു ഹെക്ടറിൽ ഏകദേശം 2-3 M.T (Metric tone) നെല്ലാണ് ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നത്. ആറേഴ് വർഷങ്ങൾക്ക് മുമ്പ് ഇത് 6-7 M.T ആയിരുന്നു. ഉല്പാദനക്ഷമതയിൽ ഉളള അത്തരം പ്രത്യേകം പഠനം അർഹിക്കുന്നു.

രണ്ട്പുവൽ കൃഷിയിൽ രണ്ടാംവിള ഒന്നാം വിളയെക്കാൾ ഏകദേശം ഇരുപത് ശതമാനം ഉല്പാദനക്ഷമമാണ് എന്ന വസ്തുത പഠനത്തിൽ തെളിയുന്നു. നെൽ വയലുകൾ അല്പം അമ്ലഗുണമുള്ളതാണ്. മണ്ണിന്റെ PH ആറ് മുതൽ ഏഴുവരെ കാണപ്പെടുന്നു. നെൽവയലുകൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പ്രവണത താരതമ്യേന കുറവാണ്. എന്നാൽ നെൽവയലുകൾ ഇഷ്ടിക നിർമ്മാണത്തിന് ഉപയോഗിക്കുന്ന ആനിക്കോട് മേഖലകളിൽ കാണപ്പെടുന്നു.

## രാസവളം

സഹകരണമേഖലയിലും സ്വകാര്യമേഖലയിലുമായി ഏകദേശം പത്തോളം രാസവള വില്പനശാലകൾ പഞ്ചായത്തിലുണ്ട്. ഇവയിലൂടെ നടത്തിയ വില്പനയുടെ അടിസ്ഥാനത്തിൽ നാല്പത് ശതമാനം യൂറിയ, നാല്പത് ശതമാനം ഫോസ്ഫേററ്, ഇരുപത് ശതമാനം പൊട്ടാഷുമാണ് വിൽപ്പന നടത്തിയിട്ടുള്ളത എന്ന് കാണാം. മണ്ണിന്റെ ഘടന അടിസ്ഥാനപ്പെടുത്താതെ അമിതമായി യൂറിയ ഉപയോഗിക്കുന്ന പ്രവണത ഇവിടത്തെ കർശകരിൽ കണ്ടുവരുന്നു. കാലാകാലങ്ങളിൽ ആവശ്യമായ രാസവളങ്ങൾ തോത് അനുസരിച്ച് ശാസ്ത്രീയമായല്ല ചേർക്കുന്നത്.

## കീടനാശിനികൾ

സ്വകാര്യമേഖലയിൽ മൂന്ന് കീടനാശിനി വില്പന കേന്ദ്രങ്ങൾ ആണ് നിലവിൽ ഉള്ളത്. കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിർദ്ദേശിക്കപ്പെട്ട അളവിൽ അല്ലാ ചെയ്യുന്നത്. ഒരു വർഷം ഏതാണ്ട് അഞ്ഞൂററി ഇരുപത്തഞ്ച് ലിററർ ദ്രവ കീടനാശിനികളും, നൂററിപത്ത് കിലോ ഗ്രാം ഖര കീടനാശിനികളും ഉപയോഗിക്കുന്നു എന്നാണ് കണക്കുള്ളത്. യഥാക്രമം ഹെക്ടറിനെ 0.33 ലിററർ 0.07 കി.ഗ്രാം എന്ന അളവിലാണ്.

## കാർഷികോപകരണങ്ങൾ

ആധുനിക കാർഷിക യന്ത്രങ്ങൾ ഒരു പരിധിവരെ ഈ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്. എന്നാൽ കൊയ്ത്ത് യന്ത്രം, മെതി യന്ത്രം, നടീൽ യന്ത്രം എന്നിവ പ്രചാരത്തിലില്ല. ഇരുപത്തിരണ്ട് ടാക്ടറുകളും, ഒമ്പത് പവ്വർ ടില്ലറുകളും നിലവിലുണ്ട്. ഏകദേശം മുപ്പത്തിയൊമ്പത് നാടൻ കലപ്പകൾ നിലവിലുണ്ട്. കൃഷിഭൂമിയുടെ വൈവിധ്യവും അവയുടെ ഘടനയുമാണ് ഇന്നു പാരമ്പര്യ കൃഷി ഉപകരണങ്ങൾ പ്രചാരത്തിലിരിക്കാൻ കാരണമെന്ന് കാണുന്നു. ഇരുനൂററി അമ്പത് പമ്പ് സെററുകൾ നിലവിലുണ്ട്. ഇവയിലധികവും വൈദ്യുതി പമ്പ് സെററുകൾ ആണ്.

## പാടശേഖര സമിതികൾ

പഞ്ചായത്തിൽ മൊത്തം മുപ്പത്തിമൂന്ന് പാടശേഖര കമ്മിററികളാണ് നിലവിലുള്ളത്. ഇതിൽ ആസൂത്രിതവും സംഘടിതകവുമായ കാർഷികവൃത്തിക്ക് നേതൃത്വം നൽകുന്ന പാടശേഖര സമിതികൾ അപൂർവ്വമാണ്.

## തൊഴിൽ

കർഷകതൊഴിലാളികളുടെ ക്ഷാമം ഈ മേഖലയിൽ അനുഭവപ്പെടുന്നു. കാർഷിക മേഖലയിലെ ചുരുങ്ങിയ കൂലി നിരക്കും തൊഴിൽ ദിനങ്ങളുടെ കുറവും മൂലം തൊഴിലാളികൾ മററ് മേഖലകൾ തേടിപ്പോയതാണ് ഈ അവസ്ഥക്ക് കാരണം എന്ന് കാണാം. പഞ്ചായത്തിൽ ശരാശരി പുരുഷന് അറുപതും, സ്ത്രീക്ക് മുപ്പതും എന്നതാണ് കൂലി നിരക്കെങ്കിലും ഇവ ഏകീകൃതമല്ല. കാർഷികവൃത്തി അന്തസ്സില്ലാത്തതാണ് എന്ന ധാരണ യുവാക്കളെ ഈ മേഖലയിൽ നിന്ന് അകററുന്നു.

## കാർഷിക വായ്പ

പഞ്ചായത്തിൽ പ്രധാനമായും തണ്ണിരംകാട് സർവ്വീസ് കോ.ഓപ്പോറേററീവ് ബാങ്കാണ് കാർഷിക രംഗത്ത് ധനസഹായം എത്തിച്ചുകൊടുക്കുന്നതെങ്കിലും S.B.T, Coyalmannam, S.B.I, A.D.B പാലക്കാട്, നെടുങ്ങാടി ബാങ്ക്, ഫെഡറൽ ബാങ്ക് തുടങ്ങിയ ബാങ്കുകളും ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്.

## ജലസേചനം

നെൽകൃഷിയിൽ ഒന്നാം വിളക്ക് പ്രധാനമായും മഴയെ ആണ് ആശ്രയിക്കുന്നത്. മൺസൂണിലുണ്ടാവുന്ന ഏററകുറച്ചിലുകൾ ഉല്പാദനക്ഷമതയെ കാര്യമായി ബാധിക്കാറുണ്ട്. രണ്ടാം വിള നെൽകൃഷി മലമ്പുഴ ഡാമിനെ ആശ്രയിച്ചുള്ളതാണ്. ഒരു പരിധിവരെ മലമ്പുഴ വെള്ളം സുലഭമായ പ്രദേശമാണ്. അതുകൊണ്ടുതന്നെ രണ്ടാം വിളയുടെ ഉല്പാദനക്ഷമത ജലലഭ്യതയുടെ കുറവ് ബാധിക്കുന്നില്ലെങ്കിലും കർഷകരുടെ ആവശ്യാനുസരണം വെള്ളമെത്താത്തതും ചില ഒററപ്പെട്ട പ്രദേശങ്ങളിൽ കനാൽ വെള്ളം എത്താത്തതും ജലസേചന സൗകര്യങ്ങളിലെ പാളിച്ചതായി കാണിക്കപ്പെടുന്നു.

## തോടുകൾ

പ്രധാനമായും രണ്ട് തോടുകളാണ് പഞ്ചായത്തിലുള്ളത്. ഇവയിൽ വർഷക്കാലത്ത് വെള്ളം ഉയരുന്നതുമൂലം കൃഷിനാശം ഉണ്ടാവാറുണ്ട്. തോടുകൾ ജലസേചന സാധ്യതകൾ ഉള്ളതാണെങ്കിലും അവ ഉപയോഗപ്പെടുത്തിയിട്ടില്ല.

## കുളങ്ങൾ

ജലസേചനത്തിനാവശ്യമായ ഒട്ടനവധി കുളങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയിൽ ഭൂരിഭാഗവും ജലസേചനത്തിന് ഉപയോഗിക്കുന്നില്ല.

## തെങ്ങ്

പഞ്ചായത്തിൽ നാല്പത് ഹെക്ടർ സ്ഥലമാണ് പൂർണ്ണമായും തെങ്ങ് കൃഷിക്ക് ഉപയോഗിക്കുന്നത് ബാക്കി പുരയിടങ്ങളിലും വരമ്പുകളിലും (നെൽ പാടത്തിൻെറ വരമ്പുകളിൽ) മററുമായി കൃഷി ചെയ്യുന്നു. തെങ്ങിൻെറ ഉല്പാദനക്ഷമത തൃപ്തികരമല്ല. ജലസേചനത്തിൻെറ അപര്യാപ്തത തെങ്ങ് കൃഷിയെ ബാധിക്കുന്നു.

## വാഴ

പഞ്ചായത്തിൽ വ്യാപകമായികൊണ്ടിരിക്കുന്ന കൃഷിയാണ് വാഴകൃഷി. ഏകദേശം ഇരുപത് ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നു എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇടവിളയായും വാഴ കൃഷി ചെയ്യുന്നു.

## മധുരക്കിഴങ്ങ്

പഞ്ചായത്തിൽ വ്യാപകമായി ഏകദേശം നൂറ് ഹെക്ടർ സ്ഥലത്ത് ചെയതുവരുന്ന കൃഷിയാണ് മധുരക്കിഴങ്ങ് കൃഷി.

## ഇഞ്ചി

പഞ്ചായത്തിലെ മിക്കവാറും എല്ലാഭാഗങ്ങളിലും വൃപകമായി കൊണ്ടിരിക്കുന്ന കഷിയാണ് ഇഞ്ചികൃഷി.

## കുരുമുളക്

ഈ പ്രദേശത്ത് പ്രചാരത്തിലില്ലാത്തതും ധാരാളം സാധ്യതകൾ ഉള്ളതുമായ കൃഷിയാണ് കുരുമുളക്. ഏകദേശം എട്ട് ഹെക്ടർ സ്ഥലത്ത് ഇട വിളയായി കുരുമുളക് കൃഷി ചെയ്തു വരുന്നു.

## കൃഷിഭവൻ

നടീൽ വസ്തുക്കളുടെ വിതരണം സാങ്കേതിക ഉപദേശങ്ങൾ നൽകൽ തുടങ്ങിയ ഒട്ടനവതി കാര്യങ്ങൾ കൃഷിഭവൻ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. കൃഷിക്കാരും കൃഷിഭവനുമായി ഒരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് നിലനിൽക്കുന്നു എന്ന് വിശകലനത്തിൽ തെളിയുന്നു. ഇതിന് ഉപോൽപലകമായി കാണപ്പെടുന്ന കാരണങ്ങൾ കൃഷിഭവനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും കൃഷിക്കാരുടെ അജ്ഞതയും ആണ് എന്ന് കാണാൻ കഴിയുന്നു.

കൃഷിഭവൻ വിതരണം ചെയ്ത തടിൽ വസ്തുക്കളുടെ

രൂപരേഖ താഴെ കൊടത്തിട്ടുളളതാണ്.

| ഇനങ്ങൾ | എണ്ണം/അളവ് |
|---|---|
| 1. തെങ്ങ് | 13,111 |
| 2. കുരുമുളക് | 11,500 |
| 3. നെല്ല് | 4,300 kg. |
| 4. മാവ് | 95 |

കൃഷിഭവൻ മൂലം ലഭ്യമായ ദുരിതാശ്വാസത്തിന്റെ കണക്ക്

| വർഷം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|
| 1993--94 | 11 | 9564 |
| 1994-95 | 73 | 6630 |
| 1995-96 | 9 | 25200 |

# പ്രശ്നങ്ങൾ

## 1. ജലസേചനം

വർഷക്കാലത്ത് അമിതമായി ജലപ്രവാഹം മൂലം വൻതോതിൽ മണ്ണ് ഒഴുകിപോവുകയും വേനൽക്കാലത്ത് കടുത്തവരൾച്ചമൂലം മണ്ണിന്റെ ജൈവാംശം നഷ്ടപെടുകയും ചെയ്യുന്ന ഒരു പ്രത്യക സാഹചര്യമാണ് മാത്തൂർ പഞ്ചായത്തിൽ നിലവിലുള്ളത്. പെരിയപാലം തോടിന്റെ പരിസരങ്ങൾ, ചെങ്ങണിയൂർകാവ് തോടിന്റെ പരിസരങ്ങൾ ആറാം വാർഡിന്റെ പള്ളിയുടെ മുൻവശത്ത് നിന്നുള്ള നീരൊഴുക്ക് എത്തി ചേരുന്ന പാടങ്ങൾ എന്നിവ വർഷക്കാലത്ത് വെള്ളപൊക്കഭീഷണി നേരിടുന്ന കൃഷിയിടങ്ങളിൻ എടുത്ത് പറയേണ്ടവയാണ്. പഞ്ചായത്തിൽ മുഴുവനായും ജലദൗർലഭ്യം നേരിടുന്ന സമയങ്ങൾ വർഷത്തിൽ ഉണ്ടാവാറുണ്ട്. കൃഷിക്കാരുടെ ആവശ്യങ്ങളും മലമ്പുഴ അതികൃതരുടെ നിഗമനങ്ങളും തമ്മിലുള്ള അന്തരമാണ് ഈ പ്രശ്നം ഉണ്ടാക്കുന്നത്.

## തൊഴിൽ

മാത്തൂർ പഞ്ചായത്തിലെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഒന്ന് തൊഴിലാളികളുടെ ക്ഷാമമാണ്. പ്രധാനമായും നെൽകൃഷിയുടെ മേഖലയിൽ ഒന്നിച്ചുവരുന്ന കൃഷിപണികൾ മൊത്തമുള്ള തൊഴിലാളികളുടെ എണ്ണം അപര്യാപ്തമാവുന്നു.

## രാസവളം കീടനാശിനി

രാസവളലഭ്യത ചില സമയങ്ങളിൽ പ്രശ്നമാവാറുണ്ട്. അശാസ്ത്രീയമായ രാസവളപ്രയോഗം മണ്ണിന്റെ സന്തുലിതാവസ്ഥയെ ബാധിച്ചിട്ടുണ്ട്.

## വിപണി

മാത്തൂർ പഞ്ചായത്തിലെ കാർഷികരംഗം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം വിപണിയാണ്. ഒരു പരിതിവരെ നെല്ലിന് മാത്രമാണ് ശക്തമായ വിപണനസൗകര്യമുള്ളത്. എങ്കിലും നെല്ലിന്റെ വില നിശ്ചയിക്കുന്നതിൽ കർഷകന് ഒരു നിയന്ത്രണവും ഇല്ല. പച്ചക്കറികൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയ്ക്ക് വിപണനസൗകര്യം ഇല്ലാത്തതും ഇടനിലക്കാരുടെ ചൂഷണവും ഇത്തരം കൃഷികളെ മുരടിപ്പിക്കുന്നു.

## അശാസ്ത്രീയ കൃഷി രീതികൾ

കൃഷിയിടങ്ങളെ പരമാവധി ഉപയോഗപ്പെടുത്തി കൊണ്ടുള്ള കൃഷിരീതികളല്ല, പഞ്ചായത്തിൽ മൊത്തത്തിൽ നിലവിലുള്ളത്. തെങ്ങുകൃഷിയിൽ തെങ്ങുകൾ നിർദേശിക്കപെട്ടിട്ടുള്ള അകലത്തിലല്ല മിക്കവാറും കർഷകരും നട്ടിട്ടുള്ളത്. തെങ്ങിന് ഇടവിളകൃഷി ചെയ്യാറില്ല. ഇതുമൂലം മണ്ണിൻെറയും ഫലഭൂയിഷ്ഠത വർദ്ധിക്കുന്നില്ല. വരുമാനവർദ്ധനവ് ഉണ്ടാവുന്നുമില്ല നെൽവയലുകളിൽ ഇരുപൂവൽ കൃഷിക്കുശേഷമുള്ള മാസങ്ങളിൽ ഇടവിളകൃഷി ചെയ്യാറില്ല. നെൽവയലുകൾ അമിതമായതും അശാസ്ത്രീയമായതുമായ രാസവളയോഗങ്ങളും ജൈവവളങ്ങളുടെ അപര്യാപ്തതയും മൂലം അമ്ല രസമുള്ളതായി തീർന്നിട്ടുണ്ട്. (മണ്ണിൻെറ PH-6 മുതൽ 7 വരെ) ഇതിന് പരിഹാരമായി കുമ്മായം ചേർക്കാറില്ല. വർഷകാലത്തുണ്ടാവുന്ന മണ്ണൊലിപ്പു മൂലം നഷ്ടമാവുന്ന മേൽമണ്ണ് സംരക്ഷിക്കാൻ നടപടികളൊന്നും സ്വീകരിക്കാറില്ല.

## സാധ്യതകൾ

### I. ജലസേചനം

ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ അനുഭവപെടുന്ന കടത്തുവരൾച്ച ഒരുപരിധി വരെ തടയാൻ താഴെ കൊടുത്തിരിക്കുന്ന സാധ്യതകൾ ഉപകരിക്കും.

1. മലമ്പുഴ Left Main canal യാക്കര പുഴ cross ചെയ്യുന്ന ഭാഗത്ത് (കരിങ്കരപുള്ളി) തടയണ നിർമ്മിച്ച് പുഴയിലെ വെള്ളം കനാലിലേക്ക് തിരിച്ചുവിടുകയാണെങ്കിൽ പുഴയിൽ വെള്ളം സുലഭമായിരിക്കുന്ന ജനുവരിവരെയുള്ള മാസങ്ങളിൽ പുഴയിലെ വെള്ളം ഉപയോഗപെടുത്തി ജലസേചനം ചെയ്യുകയും ഡാമിൽ വെള്ളം സംഭരിക്കുകയും ചെയ്യാം. പുഴയിലെ വെള്ളം താഴുന്ന സമയങ്ങളിൽ ഡാം തുറന്ന് ജലസേചനത്തിന് ഉപയോഗിക്കാം. ഈ പദ്ധതിമൂലം കടുത്ത വരൾച്ച അനുഭവപെടുന്ന ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മെയ് മാസങ്ങളിൽ ഇടവിട്ടിടവിട്ട് ജലസേചനം നടത്താവുന്നതാണ്.
2. X-ാം വാർഡിലുൾപെടുന്ന ചുണയക്കാട് എന്ന സ്ഥലത്ത് പുഴയിൽ നിന്നും വെള്ളം ഉപയോഗിച്ച് -Lift irrgation പദ്ധതി നടപ്പാക്കാം.
3. ചെങ്ങണിയൂർകാവ് തോട്ടിൽ ചെക്ക്ഡാം നിർമ്മിച്ച് വെള്ളം ലിഫ്റ്റ് ചെയ്യാം.
4. തണ്ണിരംങ്കാട് ബ്രാഞ്ച് കനാലിൽ ഒരു ക്രോസ് ബ്രാർ നിർമ്മിച്ച് വെള്ളം ലിഫ്റ്റ് ചെയ്യാം.
5. പെരിയപാലം തോട് ആഴം കൂട്ടുകയും ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്താൽ വേനൽകാലത്തും ജലസേചനത്തിനും ഉപയോഗിക്കും.
6. പതിയാരപറമ്പ് കുണ്ടുകാട് എന്നീ പ്രദേശങ്ങളിലേയ്ക്ക് കനാൽ നിർമ്മിച്ച് ജലസേചനം എത്തിക്കാം.
7. പള്ളിയുടെ മുൻവശത്തെ പാടത്തുനിന്നും ഒഴുക്കി പോവുന്ന വെള്ളം എത്തിചേരുന്ന പാടങ്ങളിൽ കനാൽ നിർമ്മിക്കുകയാണ് എങ്കിൽ ശക്തമായ നിരൊഴുക്ക് തടയാനും ചീർപ്പ് ഇട്ട് കൊണ്ട് ജല ദൗർലഭ്യമുള്ള സമയത്ത് ജലസേചനത്തിനും സാധിക്കും.
8. താമരചിറതോട് ആഴം വർദ്ധിപ്പിച്ച് ചീർപ്പ് ഇടുകയാണെങ്കിൽ വർഷകാലത്ത് വെള്ളം കയറുന്നത് തടയാനും വേനൽ കാലത്ത് ജലസേചനത്തിനും സാധിക്കും.
9. ബാലംപറമ്പ് തോടുപാലത്തിൽ ക്രോസ് ബാർകെട്ടി വെള്ളം ലിഫ്റ്റ് ചെയ്ത് ഏകദേശം 80 ഹെക്ടർ സ്ഥലം ജലസേചനത്തിന് ഉപയോഗിക്കാം.

# തൊഴിൽ

വരുമാനത്തിലുള്ള കുറവാണ് തൊഴിലാളികളെ മറ്റുമേഖലകളിലേക്ക് ചേക്കേറാൻ പ്രേരിപ്പിക്കുന്നത്. ഇതൊഴിവാക്കാൻ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുകയും മെച്ചപെട്ട വേതനവ്യവസ്ഥ നടപ്പിലാക്കുകയും ചെയ്യണം. ലാഭക്ഷമത കുറഞ്ഞ നെൽകൃഷിയെ മാത്രം ആശ്രയിച്ചുകൊണ്ട് ഇതു ചെയ്യാനാവില്ല. ഒരു പരിധിവരെ ഈ പഞ്ചായത്തിലെ നെൽവയലുകൾ പച്ചക്കറി, കവുങ്ങ്, കുരുമുളക്, വാഴ, ഇഞ്ചി തുടങ്ങിയ കൃഷികൾക്ക് അനുയോജ്യമാണ്. ഇത്തരത്തിലുള്ള വിളകൾ ചെയ്യാൻ കൃഷിക്കാർക്ക് നിയമപരമായ അവകാശവും, പ്രോത്സാഹനവും നൽകുകയാണെങ്കിൽ കൂടുതൽ വിറ്റുവരവുണ്ടാക്കാൻ കൃഷിക്കാർക്ക് സാധിക്കുകയും തൊഴിലാളികൾക്ക് മെച്ചപെട്ട വേതനം നൽകാനും സാധിക്കും.

പഞ്ചായത്തിൽ മൊത്തത്തിൽ ഏകീകൃതമായ വേതനവ്യവസ്ഥ ഉണ്ടാക്കണം ഏകീകൃതമല്ലാത്ത വേതന വ്യവസ്ഥ തൊഴിലാളി - തൊഴിലുടമ ബന്ധങ്ങളെ വഷളാക്കുന്നു.

കാർഷിക ഉൽപന്നങ്ങൾ കയറ്റാനും ഇറക്കാനുമുള്ള അവകാശം കർഷക തൊഴിലാളികൾക്കു നൽകുകയാണെങ്കിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാവാനും, കൃഷിക്കാർക്ക് സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിക്കും.

## രാസവളം, കീടനാശിനി

രാസവളം കീടനാശിനി എന്നിവ കാലാകാലങ്ങളിൽ ലഭ്യമാവാൻ പഞ്ചായത്ത് തലത്തിൽ ഒരു കർഷകസമിതി ഉണ്ടാക്കാവുന്നതാണ്.

ശാസ്ത്രീയമായ രാസവള, ജൈവവള ഉപയോഗത്തെ കുറിച്ച് കൃഷിക്കാരെ ബോധവൽകരിക്കാൻ പാടശേഖരസമിതികൾ മുഖാന്തിരം ബോധവൽക്കരണം നടത്താം. മണ്ണിന്റെ അമ്ലഗുണം കുറക്കുന്നതിന് കുമ്മായം സാമ്പത്തിക സഹായത്തോടെ കർഷകർക്ക് എത്തിക്കേണ്ടിയിരിക്കുന്നു.

## വിപണി

കർഷകർക്ക് കാർഷികോൽപന്നങ്ങൾ വിറ്റഴിക്കുന്നതിന് വേണ്ടി മാത്തൂർ പഞ്ചായത്തിന്റെ വിപണന ആസ്ഥാനമായ ചുങ്കമന്ദം കേന്ദ്രമായി ഒരു വിപണന കേന്ദ്രം ആരംഭിക്കേണ്ടതാണ് പച്ചകറികൾ, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ന്യായവിലക്ക് വിൽക്കാൻ സാധിക്കും. വിപണന സൗകര്യം ഉണ്ടെങ്കിൽ പച്ചകറികൾ സുഗന്ധവ്യഞ്ജനങ്ങൾ എന്നീ കൃഷികൾ പുരോഗമിക്കാൻ സാധ്യതയുണ്ട്. വിപണന കേന്ദ്രം സഹകരണാടിസ്ഥാനത്തിലോ, പഞ്ചായത്തിന്റെ നിയന്ത്രണത്തിലൊ ആരംഭിക്കാവുന്നതാണ്.

## കൃഷി അനുബന്ധവ്യവസായങ്ങൾ

പഞ്ചായത്തിൽ വൻതോതിൽ ഉൽപാദിപിച്ചുവരുന്ന മധുരകിഴങ്ങ് കൃഷി വിപണന സൗകര്യത്തിന്റെ അപര്യാപ്തതയിൽ ശുഷ്കിച്ച് വരുന്നു. മധുരകിഴങ്ങ് വിളവെടുപ്പ് സമയത്ത് വിലയിടിവ് സാധാരണമാണ്. ഈ പ്രതിസന്ധിതരണം ചെയ്യുന്നതിനും പുതിയതൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി സഹകരണാടിസ്ഥാനത്തിലോ, ഗവർമെൻറ് തലത്തിലൊ ഒരു സ്റ്റാർച്ച് ഫാക്ടറി ആരംഭിക്കാവുന്നതാണ്.

തേങ്ങ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾക്കും പഞ്ചായത്തിൽ ധാരാളം സാധ്യതകളുണ്ട്.

നെല്ലിന്റെ വിലനിലവാരം പിടിച്ച് നിർത്താനും മെച്ചപ്പെട്ട രീതിയിൽ വിപണനം നടത്താനുമായി ഒരു സംഭരണകേന്ദ്രവും മോഡേൺ റൈസ് മില്ലും സഹകരണാടിസ്ഥാനത്തിലൊ, ഗവർമെൻറ് തലത്തിലോ ആരംഭിക്കാവുന്നതാണ്.

സാമ്പത്തികം

ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിട്ടു കൊണ്ടിരിക്കുന്ന വിഭാഗമാണ് നെൽകർഷകർ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനായി കൃഷിയിടങ്ങളിൽ വൈവിധ്യവൽകരണത്തിന് നിയമപരമായ സാധുതയും, പ്രോത്സാഹനങ്ങളും നൽകാവുന്നതാണ്.

സാമ്പത്തിക സഹായങ്ങൾ കൃഷിക്കാരിൽ എത്തിക്കാൻ ഗവൺമെൻറ് തലത്തിൽ നടപടികൾ കൈക്കൊള്ളണം.

കൃഷിക്കാർക്ക് ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുകയാണെങ്കിൽ കർഷകവൃത്തികൂടുതൽ ആകർഷകവും, ഭദ്രവും ആയതൊഴിലായിമാറ്റാൻ കഴിയും.

1. കാലാകാലങ്ങളിൽ കൃഷിക്ക് ഉപയോഗിക്കുന്നതിന് അനുയോജ്യമായ രാസവളങ്ങൾ കീടനാശിനികൾ എന്നിവ സഹകരണസംഘങ്ങൾ മുഖാന്തിരം സബ്സിഡി നിരക്കോടുകൂടി കർഷകർക്കും യഥാസമയം ലഭ്യമാക്കുക.
2. പ്രധാന കാർഷിക ഉൽപ്പന്നമായ നെല്ലിനും കാലാനുസൃതമായ താങ്ങുവില നിശ്ചയിക്കുക.
3. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്തുകൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് സൂക്ഷിച്ച് ആവശ്യസമയങ്ങളിൽ കർഷകർക്ക് വിതരണം ചെയ്യുക.
4. ജലസേചന ആവശ്യത്തിനുള്ള പമ്പ് സെറ്റുകൾ സബ്സിഡിയോടു കൂടി കർഷകർക്കു് ലഭ്യമാക്കുക.
5. രാസവളം, കീടനാശിനി മറ്റ് കൃഷി ഉപകരണങ്ങൾ വാങ്ങുന്നതിന് പലിശ രഹിതമായ വായ്പനൽകുവാനുള്ള സംവിധാനം ഉണ്ടാക്കുക.
6. വിള ഇൻഷ്വറൻസ് ഉദാരമാക്കുക ആയത് നെൽകൃഷിക്ക് കൂടി ബാധമാക്കുക.
7. കാർഷിക ആവശ്യത്തിനുള്ള യന്ത്രോപകരണങ്ങൾ കർഷക സമിതിക്കും സ്വകാര്യവ്യക്തികൾക്കും സബ്സിഡി നിരക്കിൽ അനുവദിക്കുക.
8. സഹകരണ സംഘങ്ങൾ മുഖാന്തിരം നെല്ല് സംഭരിക്കുക.

## മാത്തൂർ കൃഷിഭവനിൽ നിലവിലുള്ള പാടശേഖരങ്ങളുടെ പേരും റജിസ്റ്റർ നമ്പറും.

| നമ്പർ | പാടശേഖരത്തിൻെറ പേര് | കർഷരുടെ എണ്ണം | റജി. നമ്പർ |
|---|---|---|---|
| 1. | കീച്ചിരി പാടം | 41 | 285/94 |
| 2. | നടക്കാവ് പാടം | 52 | 362/93 |
| 3. | പുതുർത്തി പാടം | 38 | 78/94 |
| 4. | പൊടിക്കുളങ്ങര പാടം | 28 | 337/93 |
| 5. | മാത്തൂർ പാടം | 44 | 336/93 |
| 6. | പല്ലൻചാത്തനൂർ പാടം | 40 | 486/93 |
| 7. | ആലേയപാടം | 32 | 356/93 |
| 8. | അമ്പാട് പാടം | 76 | 405/93. |

| | | | |
|---|---|---|---|
| 9. | വിശ്വയം പാടം | 95 | 357/93 |
| 10. | പാലൊടി പാടം | 20 | 767/94 |
| 11. | കണ്ണിയം കോട് പാടം | 37 | 510/93 |
| 12. | ആണ്ടുതൊടി പാടം | 42 | 809/94 |
| 13. | മുള്ളുകാട് പാടം | 46 | 331/93 |
| 14. | തച്ചങ്കാട് പാടം | 85 | 568/93 |
| 15. | പുലിയനൂർ പാടം | 96 | 374/93 |
| 16. | കണ്ണൻ കുളങ്ങര പാടം | 98 | 506/93 |
| 17. | ചോറാംകോട് പാടം | 32 | 637/93 |
| 18. | ചെട്ടിയാർ പാടം | 67 | 583/93 |
| 19. | അമ്പാടുകുളമ്പ് പാടം | 65 | 339/93 |
| 20. | കുറുങ്ങോടു പാടം | 52 | 144/93 |
| 21. | കുന്നംപറമ്പ് പാടം | 59 | 334/93 |
| 22. | നടുപ്പാടം | 82 | 332/93 |
| 23. | പാലപൊറ്റ പാടം | 45 | 431/93 |
| 24. | കിഴക്കേപാടം ആനിക്കോട് | 47 | 386/93 |
| 25. | പത്തീശ്വരം പാടം | 57 | 114/93 |
| 26. | വള്ളിക്കോട് വാഴാപാടം | 45 | 432/93 |
| 27. | മാഹാളിക്കുടംപാടം | 29 | 631/93 |
| 28. | അന്നംകോട് പാടം | 71 | 482/93 |
| 29. | വില്ലുതുരുത്തി പാടം | 64 | 387/93 |
| 30. | കിഴക്കേപാടം (നെല്ലിയംപാടം) | 17 | 339/93 |
| 31. | കാവുംപാടം | 38 | 335/93 |
| 32. | കൊഴിഞ്ഞമേൽ പാടം | 85 | 316/93 |
| 33. | കിഴക്കേക്കരപാടം | 42 | 346/93. |

# 5 മൃഗസംരക്ഷണവും മൽസ്യബന്ധനവും

## മൃഗസംരക്ഷണം

മനുഷ്യന്റെ നിലനില്പിന് ആവശ്യമായ മൂന്ന് ഘടകങ്ങളിൽ രണ്ടും കേരളത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും നേടിക്കഴിഞ്ഞു. നിലനില്പിന് ആവശ്യമായ ഭക്ഷണത്തിന് പകരം ഇന്നും കേരള ജനതയ്ക്ക് ആവശ്യം ഉയർന്ന ചിന്താശേഷിയും കാര്യക്ഷമതയും ആവശ്യമുള്ള ജോലികൾ ചെയ്യുന്നതിനുള്ള പോഷക സമൃദ്ധമായ ഭക്ഷണവും ചിലവും കുറഞ്ഞ് അവയുടെ ഉൽപാദനവും ആണ് കുഞ്ഞുങ്ങളുടെ മാനസികവും ബുദ്ധിപരവും വിശ്യഷ ശാരീരികവും ആയ വളച്ചയ്ക്ക് ജന്തുജന്യമായ മാംസ്യം വളരെ അത്യന്താപേക്ഷിമാണ്. ഉദാ മനുഷ്യ ശിശുക്കളുടെ മസ്തിഷ്കകോശങ്ങളുടെ വളർച്ചയ്ക്ക് ലാറ്റോസ് എന്ന അന്നജം കൂടിയ അളവിൽ ആവശ്യമുണ്ട്. ഈ ആവശ്യം നേരിടുന്നത് പശുവിൻ പാലിലൂടെയാണ്. പ്രധാനമായും കേരള ജനതയ്ക്ക് കുഞ്ഞുങ്ങളുടെ വളർച്ചയ്ക്ക് അത്യാവശ്യം വേണ്ടുന്ന മാംസ്യവും ധാതുക്കളും പ്രധാനമായും ലഭിക്കുന്നത് കോഴിമുട്ട, മാംസ്യം എന്നിവയിലൂടെയാണ്.

കേരളത്തിലെ കുഞ്ഞുങ്ങൾക്ക് ആവശ്യമുള്ളത്ര മാംസ്യവും ധാതുക്കളും അവരുടെ മാംസാഹാരത്തിലൂടെ ലഭ്യമാക്കാൻ കഴിഞ്ഞകാലപ്രവർത്തനങ്ങൾകൊണ്ട് നമുക്ക് കഴിഞ്ഞിട്ടില്ല. ഇതിനുള്ള പ്രധാനകാരണം മൃഗസംരക്ഷണ മേഖലയിൽ പൂർണ്ണമായും മുഴുകിയുള്ള പ്രവർത്തനങ്ങൾക്ക് കർഷകർ തയ്യാറാകാത്തതും സാധാരണ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വേണ്ടതായ അളവിൽ പ്രോൽസാഹനങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടാണ് എന്ന് ഒരു പഠനം വ്യക്തമാക്കുന്നു.

മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ പ്രവർത്തന ഫലം പാൽ, മുട്ട, മാംസം എന്നിവ മാത്രമാണ് എന്ന സാധാരണ സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങളുടെ ഇടയിൽ ഉണ്ട് ഇത് ശരിയല്ല. മേൽപ്രറഞ്ഞവയ്ക്ക് പുറമെ വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ്, കൊഴുപ്പ് എന്നിവ മാംസ ഉൽപ്പാദനരംഗവും ആയി ബന്ധപ്പെട്ട അനുബന്ധ ഉൽപ്പന്നങ്ങളാണ്. ആരോഗ്യരംഗത്ത് പ്രധാന ഉൽപ്പന്നമായ ഇൻസുലിൻ, വാക്സിൻ എന്നിവയും മൃഗസംരക്ഷണമേഖലയുടെ സംഭാവനയാണ്. പരീക്ഷണ ശാലകളിലേക്കുള്ള മൃഗങ്ങൾ, രോഗാണുവിമുക്തമായ മുട്ടയുടെ വിതരണം എന്നിവ മൃഗസംരക്ഷകരുടെ കുത്തകയാണ്. രാസവളങ്ങുടെ അമിതമായ ഉപയോഗം നമ്മുടെ മണ്ണിന്റെ ജൈവാംശം നശിപ്പിക്കുന്നു എന്ന് മനസ്സിലാക്കിയ കർഷകർ വീണ്ടും ജൈവവളങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ കടുത്ത ഇന്ധനക്ഷാമം നേരിടുന്ന വേളയിൽ ഊർജ്ജ സ്രോതസ്സായി കർഷകർക്ക് ബയോഗ്യാസ് നിലനിൽക്കുന്നു. ശുദ്ധമായ മാംസോൽപ്പാദനത്തിന് വേണ്ടുന്ന സൗകര്യങ്ങൾ കേരളത്തിലെ ജില്ലാ ആസ്ഥാനങ്ങളിൽ നലപ്പിലാക്കിവരുന്നു. ഇത് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്നത് ആരോഗ്യകരമായ ജനതയ്ക്ക് അത്യന്താപേക്ഷിതമാണ്. പേരോഗ നിർമ്മാർജ്ജന ലക്ഷ്യം കൈരിക്കുന്ന വേളയിൽ മൃഗസംരക്ഷണ പ്രവർത്തകരുടെ സാമൂഹിക പ്രതിബദ്ധത പ്രത്യേകത അർഹിക്കുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ 94% ഗ്രാമീണരുടെ ഇടയിലാണ് എന്നതുകൊണ്ട് ഈ മേഖലയിൽ ഉള്ളവർക്കുള്ള പ്രോൽസാഹനം ഗൃഹജോലികളിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന വീട്ടമ്മമാരെകൂടി യഥാവിതം ഉപയോഗപ്പെടുത്തിയാൽ ഈ മേഖലയിലുള്ള ഭൗതികമായ വളർച്ച അനിർവചനീയമാകും.

## മാത്തൂർ പഞ്ചായത്തിലെ ചരിത്രം

1984 ആഗസ്റ്റ്മാസം പ്രവർത്തനം ആരംഭിച്ച മൃഗാശുപത്രി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന് സ്വന്തമായി ക്വോർട്ടേഴ്സോടുകൂടിയ കെട്ടിടം അത്യാവശ്യമാണ്. ഈ സ്ഥാപനം തുടങ്ങിയതിനുശേഷം മൃഗസംരക്ഷണമേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതി വളരെ വലുതാണ്.

പാലുല്പാദനം നാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. മാത്തൂരിലെ പ്രത്യേക കാർഷികരീതിയും ഭുപ്രകൃതിയും സമന്വയിപ്പിച്ച് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ അനുവർത്തിക്കാവുന്നതാണ്. ഉദാഹരണത്തിന് വീട്ടുമുറ്റത്തെ കോഴിവളർത്തലും, 1996ലെ കന്നുകാലി സെൻസസ് പ്രകാരം മാത്തൂർ പഞ്ചായത്തിലെ മൃഗങ്ങളുടെ പട്ടികതാഴെ കൊടുക്കുന്നു.

| മൃഗങ്ങൾ | എണ്ണം |
|---|---|
| സംങ്കര വർഗ്ഗ പശുക്കൾ | 2689 |
| കാളകൾ | 123 |
| നാടൻ കാളകൾ | 71 |
| നാടൻ പശുക്കൾ | 581 |
| എരുമകൾ | 127 |
| പോത്തുകൾ | 269 |
| ആടുകൾ പെൺ | 1514 |
| ആടുകൾ മുട്ടൻ | 585 |
| കോഴി പൂവൻ | 2865 |
| കോഴി പിട | 3930 |

മാത്തൂർ ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട മൃഗസംരക്ഷണ സ്ഥാപനമായ മാത്തൂർ മൃഗാശുപത്രിയും കൂടാതെ ഇതേ വകുപ്പിന്റെതന്നെ ഒരു ഉപകേന്ദ്രം ആനിക്കോടും പ്രവർത്തിക്കുന്നുണ്ട്. രോഗനിർണ്ണയത്തിനുവേണ്ടുന്ന സൗകര്യത്തോടുകൂടിയ ഒരു ലബോറട്ടറിയും ലഭ്യമാക്കേണ്ടതാണ്. മുട്ട ഉല്പാദകർക്കും ആടുവളർത്തലുകാർക്കും കൂടുതൽ വായ്പാസൗകര്യങ്ങളും സബ്സിഡികളും ഏർപ്പെടുത്തേണ്ടതാണ്. നല്ലതരം കന്നുകാലി സമ്പത്തിന് ആവശ്യമായ പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി കാലിത്തീറ്റ നിർമ്മാണകേന്ദ്രം ഫാം എയ്ഡ് യൂണിറ്റും അത്യാവശ്യതകൾ, കാലിത്തീറ്റ, നിർമ്മാണ കേന്ദ്രം പാൽ സംഭരണകേന്ദ്രത്തോട് ചേർന്നു തുടങ്ങേണ്ടതാണ്. കൂടാതെ കാലിത്തീറ്റയായ പച്ചപുല്ലിന്റെ ദൗർലഭ്യം പരിഹരിക്കാൻ രണ്ടാംവിള കഴിഞ്ഞശേഷം വയലുകളിൽ പച്ചപുൽ കൃഷി ചെയ്യേണ്ടതാണ്. മാംസോൽപ്പാദന രംഗത്ത് മാത്തൂർ പഞ്ചായത്തിന്റെ സംഭാവന വെറും 4%ൽ താഴെയേ വരൂ. ബ്രോയിലർ ഫാമുകൾക്കും ആട്ടിറച്ചി ഉൽപ്പാദകർക്കും വേണ്ടത്ര ലോണിന് സബ്സിഡിയും നൽകേണ്ടതാണ്. ആട്, മാട്, കോഴി മുയൽ, പന്നി എന്നിവ വളർക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി പ്രോൽസാഹിപ്പിക്കേണ്ടതാണ്.

കർഷകരുടെ കാലാകാലങ്ങളിലുള്ള പരിശീലനത്തനായി മൃഗാശുപത്രിയിൽതന്നെ സൗകര്യം ഉണ്ടാക്കുകയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുക. പഞ്ചായത്തിലെ എല്ലാ കർഷകർക്കും ഉപയോഗപ്രദമാകുംവിധം ക്ഷീരസഹകരണസംഘങ്ങളുടെ സഹകരണത്തോടെ സംമ്പൂർണ്ണ ഇൻസൂറൻസ് പദ്ധതി നടപ്പിലാക്കുക. നല്ലയിനം കന്നുകാലികളെ സംരക്ഷിയ്ക്കുന്ന കർഷകർക്ക് പ്രോൽസാഹന സമ്മാനവും കന്നുകാലി പ്രദർശനവും നടത്തുക.

## പ്രശ്നങ്ങൾ

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം ഇല്ല.
2. കാലിത്തീറ്റയുടെ വില കൂടുതൽ.
3. സങ്കരവർഗ്ഗ പശുക്കുട്ടികളുടെ പരിചരണത്തെക്കുറിച്ച് കർഷകർക്ക് അറിവില്ലായ്മ.
4. പച്ചപുല്ലിന്റെ അപര്യാപ്തത.
5. പേപ്പട്ടി ശല്യം.
6. സമയാസമയഹങ്ങളിൽ കുത്തിവയ്പിന് കർഷകർക്കുള്ള ബുദ്ധിമുട്ട്.

## പരിഹാരമാർഗ്ഗങ്ങൾ

1. മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം, ലബോറട്ടറി സൗകര്യത്തോടെ നിർമ്മിക്കുക, അതിനോടനുബന്ധിച്ച് ഒരു ക്വോർട്ടേഴ്സും നിർമ്മിക്കുന്നതായാൽ ഡോക്ടറുടെ സേവനം എല്ലാസമയത്തും ലഭ്യമാവും.
2. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃതവസ്തുക്കൾ ഉപയോഗിച്ച് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കുക, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക.
3. വേനൽക്കാലത്ത് പച്ചപുല്ല് ലഭ്യമല്ലാത്ത സാഹചര്യത്തിൽ രണ്ടാം കൃഷി ചെയ്തശേഷം പയർവർഗ്ഗചെടികളോ ചോളം മുതലായ പുല്ലുവർഗ്ഗ ചെടികളോ കൃഷി ചെയ്യാൻ ജലസേജന വകുപ്പുമായി ചേർന്ന് ആവിഷ്കരിക്കുക.
4. ഈ പഞ്ചായത്തിൽ ആറ് പാൽവിപണന സഹകരണസംഘങ്ങൾ ഉണ്ടെങ്കിലും നടക്കാവ് എന്ന സ്ഥലത്തെ ക്ഷീരകർഷകർക്ക് നാലുകിലോമീറ്ററോളം നടക്കണം. അതിനാൽ അത്തരത്തിലുള്ള സ്ഥലങ്ങളിൽ പുതിയ സംഘങ്ങളും അല്ലെങ്കിൽ കളക്ഷൻ സെന്ററോ ഉണ്ടാക്കുക.
5. പട്ടികജാതിക്കാർക്കും മറ്റു സമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും ആടുകളേയും കോഴികളേയും വിതരണം നടത്തിയാൽ ഇവയുടെ വൻതോതിലുള്ള വികസനം നടക്കും.
6. പേപ്പട്ടിശല്ല്യം നിയന്ത്രിക്കുന്നതിനും എല്ലാ വളർത്തുപട്ടികളെ കുത്തിവയ്ക്കുകയും അലഞ്ഞുതിരിയുന്നവയെ കൊല്ലാനും പദ്ധതി തയ്യാറേക്കണ്ടതാണ്.
7. കന്നുകുട്ടി പരിപാലനം, സർക്കാർ നൽകുന്ന വളത്തുമൃഗങ്ങളുടെ വിതരണം എന്നിവ ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക.
8. അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്തുവാൻ സഹായം സബ്സിഡിയോടുകൂടി നൽകുന്നതിനാവശ്യമായ സംവിധാനം ഉണ്ടാക്കുകയ
9. അത്യുൽപ്പാദനശേഷിയുള്ള പശുക്കിടാരികൾ മുഴുവൻ സബ്സിഡിയോടുകൂടി ക്ഷീരസഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യുക.
10. മൃഗാശുപത്രിയിലും മറ്റു മൃഗസംരക്ഷണ കേന്ദ്രങ്ങളിലും മുഴുവൻ ജീവനക്കാരെയും നിയമിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.
11. ജൈവ വള ഉൽപ്പാദനത്തിനായി പശുക്കളെയും എരുമകളെയും വളർത്തുന്നതിന് കർഷകരുടെ ഇടയിൽ ബോധവൽക്കരണം നടത്തുക.
12. പഞ്ചായത്തിൽ ഉൽപ്പാദിക്കപ്പെടുന്ന പാൽ, മാംസം, മുട്ട എന്നിവയ്ക്ക് വാണിജ്യസൗകര്യം ഏർപ്പെടുത്തുക.
13. ഇന്ധനക്ഷാമം പരിഹരിക്കുന്നതിന് ബയോഗ്യാസ് പ്ലാൻറ്രീതി പ്രചരിപ്പിക്കുക

## മൽസ്യബന്ധനം

നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം ജനങ്ങൾ മത്സ്യം കഴിക്കുന്നവരാണ്. പ്രത്യേകിച്ചും പാവപ്പെട്ടവരുടെ ആഹാരക്രമത്തിൽ മീൻ ഒരു പ്രധാന പങ്കുവഹിക്കുന്നുണ്ട്. മത്സ്യങ്ങൾ രണ്ടു തരത്തിൽ (1) പച്ചമീൻ, (2) ഉണക്കമീൻ. ആദ്യഇനത്തിൽ നമുക്ക് പരമ്പരാഗതമായി നമ്മുടെ കുളങ്ങളിലും തോടുകളിലും പുഴയിൽനിന്നുമായി ലഭിച്ചുകൊണ്ടിരുന്നതും പരമ്പരാഗതമായ മത്സ്യസമ്പത്തുമായ കണ്ണൻ, മുഴ്യ്, കടുക്, ചീക്, പരൽ, ആരൽ ചോട്ട, പൂഴാൻ, മെഴുക്, ചെള്ളി, കൊഴിച്ച, മനങ്ങ്, ചട്ടിത്തലയൻ, ചട്ടിപറമ്പൻ, വാള തുടങ്ങിയവയിൽ എല്ലാം തന്നെ ഇന്ന് നാമാവിശേഷമായിപ്പോയി എന്ന് പറയുന്നതിൽ തെറ്റില്ല. അത്യാവശ്യം നമുക്ക് മുഴ്യ്, കടുക്, എന്നിവയെ കാണാൻ കഴിയുന്നുണ്ട്. ഈ സ്ഥാനത്ത് സങ്കരയിനങ്ങളായ തിലോപ്പിയ, കട്ട്ള, മൃഗാല, രോഹു, ഗൗരായി, കരിമീൻ, സൈപ്രസ് എന്നിവ സ്ഥലം പിടിച്ചിരിക്കുന്നു.

ഉണക്കമത്സ്യങ്ങളായ മാന്തൾ, ഐല, ചെമ്മീൻ, മുള്ളൻ, സ്രാവ്, തുടങ്ങിയവ നമ്മുടെ പഞ്ചായത്തിൽ വിൽപ്പനക്ക് എത്തുന്നത് കൊടുവായൂർ, പാലക്കാട് എന്നീ മാർക്കറ്റുകളിൽ നിന്നാണ്. വർഷകാലങ്ങളിൽ കുളങ്ങളിലേക്ക് വെള്ളം തിരിച്ചുവിട്ട് കുരുത്തി ഉപയോഗിച്ചാണ് മീൻ പിടിക്കുന്നത്. വേനൽക്കാലത്ത് വെള്ളം വറ്റുന്ന കുളങ്ങൾ കലക്കി ഒറ്റൽ ഉപയോഗിച്ച് മീൻ ഒറ്റി പിടിക്കുന്നതും കാണാൻ രസമുള്ളതാണ്. വേനൽക്കാലത്ത് വറ്റാറായ കുളം കലക്കി മീൻ പിടിക്കൽ ആവേശം ഉണർത്തുന്നു. കണ്ടങ്ങളിൽനിന്നും വെള്ളം തുറന്നുവിട്ട് മീൻ കൂട്ടത്തോടെ ഏറ്റുമീൻ കയറുന്നത് മഴക്കാലത്ത് പ്രത്യകിച്ച് രാത്രികാലങ്ങളിൽ കാണാൻ കൗതുകമായിരിക്കും. നമ്മുടെ പഞ്ചായത്തിൽ ......... കുളങ്ങൾ ഉള്ളതിൽ ...... വറ്റാത്തവയാണ്. കുളങ്ങൾ നികത്തുന്നതും, ചെളി വാരി വൃത്തിയാക്കാതിരിക്കുന്നതും, ഇപ്പോൾ പതിവായിത്തീർന്നിരിക്കുന്നു. ശുദ്ധജല മത്സ്യകൃഷിക്ക് ധാരാളം സാദ്ധ്യതകൾ ഉണ്ട്. അടുത്തകാലംവരെ സങ്കരയിനം മത്സ്യങ്ങൾ ധാരാളം വളർത്തിയിരിക്കുന്നതായി നമുക്ക് കാണാൻ കഴിയും.

ശാസ്ത്രീയ രീതിയിൽ മത്സ്യം വളർത്തുന്നതിന് ശാസ്ത്രീയ ഉപദേശം കൂടിയേ തീരൂ. ശാസ്ത്രീയ ഉപദേശം തേടുന്നതിന് മലമ്പുഴയിലുള്ള ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെ സമീപിക്കണം. സാധാരണക്കാർ അത്തരം കാര്യങ്ങൾക്ക് മുതിരാറില്ല.

നമ്മുടെ പഞ്ചായത്തിൽ 50 ഓളം ആളുകൾ മത്സ്യം പിടിച്ച് വിറ്റ് ഉപജീവനം കഴിക്കുന്നുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ് നമ്മുടെ പട്ടികജാതി സേവന സംഘത്തിന് മീൻ പിടിക്കുന്നതിനായി ഒരു വലയും 9-ാം വാർഡിൽ മത്സ്യം പിടിച്ച് വിറ്റ് ഉപജീവനം കഴിക്കുന്നവർക്ക് ഒരു സൈക്കിളും വിതരണം ചെയ്തതായി അറിയുന്നു. മത്സ്യം പിടിച്ച് വിറ്റ് ഉപജീവിനം കഴിക്കുന്നപരുടെ മക്കൾക്ക് പഠന സൗകര്യത്തിനായി Lum-sum-Grant നൽകുന്നുണ്ട്. പട്ടികജാതിയിൽപ്പെട്ടവർ മത്സ്യം വളർത്തുകയാണെങ്കിൽ പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പടുത്തി മത്സ്യകുഞ്ഞുങ്ങൾ ചുരുങ്ങിയ വിലയക്ക് കൊടുക്കുന്നുണ്ട്. മീൻകരയിലുള്ള മത്സ്യവികസന ഏജൻസിവഴിയായി മത്സ്യങ്ങൾക്ക് കുത്തിവെക്കാനുള്ള പരിശീലനം നൽകുന്നുണ്ട്. മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നവർക്ക് ക്ഷേമനിധി ബോർഡ് ഉണ്ട്. ഇത് പ്രവർത്തിക്കുന്നത് പാലക്കാട്, തൃശ്ശൂർ എന്നീ രണ്ടു ജില്ലകൾക്ക് കൂടി തൃശ്ശൂരിലാണ്. ക്ഷേമനിധി ബോർഡിൽനിന്നും വല വാങ്ങിക്കുവാനും വീട് നിർമ്മിക്കുന്നതിനും, കല്ല്യാണത്തിനും, കുളം നേരാക്കുന്നതിനും വായ്പ അനുവദിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. മത്സ്യ മാർക്കറ്റില്ല.
2. മത്സ്യ ബന്ധനത്തിനുള്ള ഉപകരണങ്ങൾ വാങ്ങാൻ സബ്സിഡി ഇല്ല.
3. മത്സ്യകൃഷിക്കാവശ്യമായ ധനസഹായം ലഭിക്കുന്നില്ല.
4. മത്സ്യ കൃഷിക്കാർക്ക് പെൻഷനില്ല.
5. പൊതുകുളങ്ങളിലും മിച്ചഭൂമിക്കുളങ്ങളിലും മത്സ്യകൃഷി ചെയ്യുന്നില്ല.
6. മത്സ്യതൊഴിലാളികൾക്ക് മറ്റു ജില്ലകളിൽ ലഭിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.
7. നല്ല ഇനം മത്സ്യകുഞ്ഞുങ്ങൾ സബ്സുഡി നിരക്കിൽ ലഭിക്കുന്നില്ല.
8. മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യത്തീറ്റ മിതമായ വിലയ്ക്ക് ലഭ്യമല്ല.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. അനുയോജ്യമായ സ്ഥലത്ത് മത്സ്യമാർക്കറ്റ് ആരംഭിക്കുക.
2. മത്സ്യബന്ധനോപകരണങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
3. മത്സ്യക്കൃഷിക്കാർക്ക് ഇൻഷുറൻസ് നടപ്പിലാക്കുക.
4. മത്സ്യക്കൃഷിക്കാർക്ക് ചുരുങ്ങിയ പലിശയ്ക്ക് പണം കൊടുക്കുക.

5. എല്ലാ മത്സ്യ കൃഷിക്കാർക്കും പെൻഷൻ അനുവദിക്കുക.

6. പൊതു മൃഗങ്ങളിൽ മത്സ്യം വളർത്തുവാൻ അനുവദിക്കുക.

7. സംസ്ഥാന വ്യാപകമായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുക.

8. മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദന കേന്ദ്രങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആക്കുക.

9. മത്സ്യകുഞ്ഞുങ്ങളും, മത്സ്യത്തീറ്റയും സബ്സിഡി നിരക്കിൽ അനുവദിക്കുക.

10. തൊഴിലില്ലാത്തവർക്കും മത്സ്യം വളർത്താൻ ആഗ്രഹിക്കുന്നവരുമായ ചെറുപ്പക്കാർക്ക് ബ്ലോക്കടിസ്ഥാനത്തിൽ പരിശീലനം നൽകുക.

11. ക്ഷേമനിധി ബോർഡ് പാലക്കാട് ജില്ലയിലേക്ക് മാത്രമായി പാലക്കാട് സ്ഥാപിക്കുക.

12. മത്സ്യബന്ധനം നടത്തുന്ന മുഴുവൻ ആളുകളേയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുക.

13. മത്സ്യബന്ധനം നടത്തുന്നവരെ ആനുകൂല്യങ്ങളെക്കുറിച്ച് ബോധവൻമാരാക്കുക.

14. വെള്ളം വറ്റാത്ത എല്ലാ കുളങ്ങളിലും മത്സ്യം വളർത്താൻ പ്രേരണനൽകുക.

15. തീരജ്യോതി നേത്രജ്യോതി നമ്മുടെ പഞ്ചായത്തിലും നടപ്പിലാക്കുക.

അലങ്കാര മത്സ്യകൃഷി പ്രോൽസാഹിപ്പിക്കാവുന്നതാണ്. ചളി നിറഞ്ഞുകിടക്കുന്ന കുളങ്ങൾ വൃത്തിയാക്കാൻ വേണ്ട സാമ്പത്തിക സഹായം നൽകാം. ശാസ്ത്രീയ മത്സ്യകൃഷിയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾകക്ക് ഭവന നിർമ്മാണത്തിന് 35,000 രൂപ ഗ്രാന്റ് നൽകുന്നുണ്ട്. ഈ പദ്ധതി നമ്മുടെ പഞ്ചായത്തിലെ മത്സ്യ തൊഴിലാളികൾക്കിടയിലും നടപ്പിലാക്കേണ്ടതാണ്.

കർഷകരും കർഷകത്തൊഴിലാളികളും ബഹുഭൂരിപക്ഷമുള്ള നമ്മുടെ പഞ്ചായത്തിൽ മത്സ്യകൃഷിയിലൂടെ നമ്മുടെ പഞ്ചായത്തിന്റെ ഭാവി ഭാസുരമാക്കുവാൻ കഴിയും.

**"ഞാൻ ഒരിന്ത്യയെ സ്വപ്നം കാണുന്നു.**
**ശക്തവും സ്വതന്ത്രവും സ്വയം പര്യപ്തവും**
**ലോകരാഷ്ട്രങ്ങളുടെ മുൻപന്തിയിൽ**
**നിൽക്കുന്നതുമായ ഒരു ഇന്ത്യ."**

*രാജീവ് ഗാന്ധി*

# 6 വിദ്യാഭ്യാസം

1920 കൾക്ക് മുമ്പ് കുടിപ്പള്ളി കൂടങ്ങളായിരുന്നു ഉണ്ടായിരുന്നത്. നമ്മുടെ പഞ്ചായത്തിലും തണ്ണിരങ്കാട് രാപറമ്പിലും മാത്തൂർ പടിഞ്ഞാമറതറയിലും അത്തരം കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. പാട്ടത്തിൽ അപ്പു മന്ദാടിയാർ എന്ന കൃഷ്ണൻ മന്ദാടിയാർ "വിദ്യവിലാസിനി സംസ്കൃത പാഠശാല" എന്ന പേരിൽ കുത്തുമഠത്തിനടുത്ത് ഒരു സംസ്കൃത പാഠശാല തുടങ്ങിയത് ആയിതിൻെറ ഉൽഘാടനം നിർവ്വഹിച്ചത്. "ശ്രീ പുന്നശ്ശേരി നിലകണ്ഠ ശർമ്മ" ആയിരുന്നു. അവിടെ സംസ്കൃതവും മലയാളവും അത്യാവശ്യം കണക്കും പഠിപ്പിച്ചിരുന്ന എല്ലാ ജാതിയിൽപ്പെട്ടവർക്കും പഠിക്കുവാൻ അനുവാദം നൽകിയിരുന്നു എങ്കിലും പട്ടികജാതിക്കാർ ഒഴികേയുള്ള മറ്റുജാതിക്കാർ ഈ വിദ്യാലയത്തിൽ ചേർന്നു പഠിച്ചിട്ടുണ്ട്. 1 മുതൽ 4 വരെ ക്ലാസുകൾമാത്രമേ ഉണ്ടായിരുന്നുള്ളു. അന്ന് ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളും ഈ വിദ്യാലയത്തിൽ ചേർന്ന് പഠിച്ചിട്ടുണ്ട്. 1914,15 കാലത്ത് ഈശ്വരയ്യർ സ്വന്തമായി മാത്തൂർ പടിഞ്ഞാറെ തറയിൽ ഒരു L.P. School സ്ഥാപിച്ചു. അതാണ് ഇന്നത്തെ ബംഗ്ലാവ് സ്ക്കൂൾ, 1924 ൽ ആണ് കോലത്തു രാമൻകുട്ടിമാസ്റ്റർ കിഴക്കേതറ School സ്ഥാപിച്ചത്. തുടർന്ന് ആനിക്കോട് L.P.School ഉം ഉണ്ടായി. 1930 ൽ രൂപംകൊണ്ട ജില്ലാബോർഡ് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മലബാർ പ്രദേശത്തെ ഉയർത്തുന്നതിനു വേണ്ടി GLP School Chenganiyoor, G.L .P. S വിശ്വലം, G.L.P.S പല്ലൻഞ്ചാത്തനൂർ, G.L.P.S തണ്ണീരങ്കാട് എന്നിങ്ങനെ 4, വിദ്യാലയങ്ങൾ ആരംഭിച്ചു. അന്ന് ഈ വിദ്യാലയങ്ങൾ ആരംഭിച്ചത് വാടക കെട്ടിടങ്ങളിലാണ്. ഇന്നും ആ നിലതന്നെ തുടരുന്നു എന്നതും വളരെ വിശേഷമായി തോന്നുന്നു. 1950ൽ6,7,8 ക്ലാസുകളുള്ള ഒരു U,P വിദ്യാലയം ചുങ്കമന്ദത്ത് ശ്രീരാമസ്വാമി അയ്യർ സ്ഥാപിച്ചു. 50 വരെയുള്ള കാലഘട്ടങ്ങൾ 6 -ാംക്ലാസു മുതൽ പഠിക്കണമെന്നുണ്ടെങ്കിൽ കണ്ണന്നൂരിനടുത്തുള്ള പുതുക്കോട് ഒലീവ് മൗണ്ട് സ്ക്കളിൽ പോകണമായിരുന്നു. തുടർ വിദ്യാഭ്യാസത്തിന് പാലക്കാട് നൂറണി സ്ക്കുളിനെയാണ് ആശ്രയിച്ചിരുന്നത്. ഇന്നത്തെ പ്പോലെ യാത്രാ സൗകര്യം ഉണ്ടായിരുന്നില്ല എന്നു മാത്രമല്ല ഉള്ളബസ്സിൽകുട്ടികൾക്ക് ഇന്നത്തെ പോലെ യാത്ര കൂലി നിരക്കിൽ യാതൊരു ഇളവും ഉണ്ടായിരുന്നില്ല. അതുകൊണ്ട് തന്നെ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ഏറ്റവും പിന്നോക്കം ആവുകയും ചെയ്തു. അക്കാലത്ത് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന നിലയ്ക്ക് L.P. സ്ക്കൂളിൽ ചർക്ക ഉപയോഗിച്ച് നൂല് എടുക്കുന്നതും. U.P. സ്ക്കുളിൽ നെയ്ത്തും പഠിപ്പിച്ചിരുന്നു. ജില്ലാബോർഡ് കോട്ടായി ഹൈസ്ക്കൂൾ സ്ഥാപിച്ചത് വിദ്യാഭ്യാസത്തിന് ഏറ്റവും സഹായകരമായി. 1951-52 കാലത്ത് ശ്രീ. ശർമ്മ മാസ്റ്റർ പെരിയപാലത്തിനടുത്ത് ഒരു ഹൈസ്ക്കുൾ സ്ഥാപിച്ചു. അന്ന് അഞ്ച് മുതൽ ഏഴുവരെ പ്രതിമാസം 3രുപ ഫീസും 8,9മുതൽ ക്ലാസുകളിൽ 10രുപ ഫീസും ഉണ്ടായിരുന്നു. 1967 ആണ് 10-ാംക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം പ്രഖ്യാപിച്ചത്. 1956-ാം കേരള പിറവിയ്ക്ക് ശേഷം വിദ്യാഭ്യാസ സംമ്പ്രദായത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടായി. 1979 -ൽ അധികാരത്തിൽ വന്ന സർക്കാർ ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്ന തത്വത്തിലൂടെ നമ്മുടെ പഞ്ചായത്തിൽ മുൻ പഞ്ചായത്ത് പ്രസിഡണ്ട് ദിവംഗതനായ ശ്രീ. കെ. വേലുണ്ണി അവർകളുടെ നേതൃത്വത്തിൽ "കൗൺസിൽ ഫോർ ഡവലപ്പ്മെൻറ് എഡ്യുക്കേഷൻ ട്രസ്റ്റ്" മുൻകൈയ്യെടുത്ത് C.F.D. സ്ക്കൂൾ സ്ഥാപിതമായി. ഉദാരമതികളായ സർവ്വശ്രീ കുഞ്ഞികൃഷ്ണൻ നായർ 1 ഏക്കർ സ്ഥലവും നിരവധിപേരുടെ അകമഴിഞ്ഞ സഹകരണവും ഈ അവസരത്തിൽ സ്മരിക്കേണ്ടതാണ്.

| നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അദ്ധ്യാപകർ ആൺ | പെൺ | ആകെ |
|---|---|---|---|---|---|---|---|---|
| 1. | സി. എഫ്. ഡി. വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ | Aided | 85 | 58 | 143 | 12 | 7 | 19 |
| 2. | സി. എഫ്. ഡി ഹൈസ്കൂൾ | " | 282 | 282 | 564 | 10 | 12 | 22 |
| 3. | എ. യു. പി. സ്കൂൾ ചെങ്ങനിയൂർ | " | 458 | 499 | 857 | 6 | 22 | 28 |
| 4. | ജി. എൽ. പി. ചെങ്ങനിയൂർ | Govt. | 199 | 194 | 393 | 1 | 8 | 9 |
| 5. | ജി. എൽ. പി. തണ്ണീരംകാട് | " | 41 | 49 | 90 | 1 | 3 | 4 |
| 6. | ജി. എൽ. പി. വിശാലം | " | 103 | 84 | 187 | 1 | 4 | 5 |
| 7. | ജി. എൽ. പി. പല്ലൻചാത്തനൂർ | " | 155 | 138 | 293 | 1 | 6 | 7 |
| 8. | എ. എൽ. പി. ആനിക്കോട് | Aided | 135 | 116 | 251 | 2 | 6 | 8 |
| 9. | എ. എൽ. പി. മാത്തൂർ | " | 82 | 63 | 145 | 0 | 4 | 4 |
| 10. | എ. എൽ. പി. മാത്തൂർ വെസ്റ്റ് തറ (ബംഗ്ലാസ്കൂൾ) | " | 129 | 121 | 250 | 4 | 5 | 9 |

സ്വാതന്ത്ര്യാനന്തര കാലത്ത് വിദ്യാഭ്യാസ മേഖലയിൽ മുന്നേറ്റമുണ്ടായി 82 ൽ CFD high School ഉം 92 ൽ C.F.D വെക്കേഷനൽ ഹയ്യർ സെക്കൻഡറി സ്കൂളും സ്ഥാപിതമായതോടുകൂടി മൊത്തം വിദ്യാലയങ്ങളുടെ എണ്ണം പത്തായി. 22627 ജനസംഖ്യയുള്ള പഞ്ചായത്തിൽ 1 മുതൽ 10 വരെയുള്ള ക്ലാസുകളിലായി 3016 കുട്ടികൾ പഠിക്കുന്നുണ്ട് കൂടാതെ ഏക വൊക്കേഷണൽ ഹയ്യർസെക്കൻഡറി സ്കൂളിൽ 143 കുട്ടികൾ പഠിക്കുന്നുണ്ട്.

**L.P., U.P., H.S. വൊക്കേഷണൽ ഹയർ സെക്കൻഡറി പെൺകുട്ടികളുടെ വിവരം**

| ആകെ | L.P | | U.P | | H.S | | Vocational | |
|---|---|---|---|---|---|---|---|---|
| വിദ്യാർത്ഥികൾ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1069 | 844 | 765 | 458 | 499 | 282 | 282 | 85 | 58 |

സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ ചെറിയൊരു ശതമാനം കുട്ടികൾ ഇടക്കു വെച്ച് പഠനം നിർത്തിയതായി നമ്മുക്കു കാണാൻ കഴിയും. ആകെയുള്ള പത്തു വിദ്യാലയങ്ങളിൽ 4 L.P വിദ്യാലയങ്ങൾ മാത്രമാണ് സർക്കാർ ഉടമയിൽ നടത്തപ്പെടുന്നത്. വിദ്യാഭ്യാസത്തെ വരേണ്യവൽക്കരിക്കാൻ നടത്തുന്ന ബോധപൂർവമായ ശ്രമം നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ പോലും ചെലുത്തിയ സ്വാധീനം ചെറുതല്ല. നമ്മുടെ പഞ്ചായത്തിൽ കുറച്ചു കുട്ടികൾ ദൂരസ്ഥലത്തുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങളോ നമ്മുടെ പഞ്ചായത്തിലില്ല. ഉയർന്ന വിദ്യാഭ്യാസത്തിനുവേണ്ടി പാലക്കാട് ചിറ്റൂർ, ആലത്തൂർ, നെൻമാറ എന്നീ ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടുന്ന സ്ഥിതിയാണുള്ളത്.

പഞ്ചായത്തിലെ ഏക high School ലെ വിജയശതമാനം താരതമ്യേന കുറവാണ്. വിജയിക്കുന്നവരുടെ മാർക്കിലുള്ള കുറവ് കോളേജുകളിൽ മുഴുവൻ പേർക്ക് പ്രവേശം ലഭിക്കാൻ പ്രയാസമുണ്ടാകുന്നു. ഇവർ തുടർന്നുള്ള പഠനത്തിനായി പാരലൽ കോളേജുകളെ ആശ്രയിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ ഇത്തരത്തിൽ Tution നൽകുന്ന രണ്ട് സ്ഥാപനങ്ങൾ ഉണ്ട്. ഇവയിൽ കുട്ടികൾക്ക് Tution ന് പുറമെ പ്രീഡിഗ്രി, ഡിഗ്രി കോഴ്സുകൾ നടത്തുന്നുണ്ട്. C.F.D. വെക്കേഷണൽ ഹയ്യർ സെക്കൻഡറി സ്കൂളിൽ മൂന്നു കോഴ്സുകളിലായി 75 കുട്ടികൾക്ക് പ്രവേശനം നൽകുന്നുണ്ട്. IVth Group ൻെറ രണ്ടു കോഴ്സുകളും Ist group ൻെറ ഒരു കോഴ്സും നടത്തുന്നുണ്ട്. Ist group ൽ പ്രധാനമായും നടത്തുന്നുണ്ട്. Ist group ൽ പ്രധാനമായും കംപ്യൂട്ടറാണ്. ഈ വിദ്യാലയത്തിൽ സംസ്ഥാന ശരാശിരയെക്കാൾ മെച്ചപ്പെട്ട വിജയ ശതമാനം ഉണ്ടാക്കുന്നുണ്ട് എന്നത് ആശാവഹമാണ്.

1994-95 വർഷത്തിൽ 65%, 1995-96. ൽ 84% വിജയവും കരസ്ഥമാക്കി 2 ടൈപ്പ് റൈറ്റിങ്ങ് സ്ഥാപനങ്ങളിൽ ഏകദേശം 70 കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഷോർട്ട് ഹാൻറ് പരിശീലനം വേണ്ട വിധത്തിൽ നടക്കുന്നില്ല. രണ്ട് ഇംഗ്ലീഷ് മീഡിയം നഴ്സറികൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. 22627 ൽ പരം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ 12 അംഗനവാടികളും 2 ബാലവാടികളും മാത്രമാണ് ഉള്ളത്. 3 അംഗനവാടി പുതുതായി നിർദ്ദേശപ്പെട്ടിട്ടുണ്ട്.

മത പഠന സ്ഥാപനങ്ങളായ 10 മദ്രസ്സകളിലായി 380 കുട്ടികൾ പഠിക്കുന്നുണ്ട്. കാലത്തും വൈകുന്നേരം ആയിട്ടാണ് പ്രസ്തുത പഠനം സ്ക്കൂൾ വിദ്യാഭ്യാസത്തെ ബാധിക്കുന്നില്ല. നിരവധി വിദ്യാലയങ്ങളും അനേകം വിദ്യാസമ്പന്നരും ഉണ്ടെങ്കിലും പഞ്ചായത്തിൻെറ എല്ലാ വാർഡിലും നിരക്ഷരരായ നിരവധി പേരെ കാണാൻ കഴിയുന്നുണ്ട്.

ഭൂരിപക്ഷം വിദ്യാലയങ്ങളും സ്വകാര്യമേഖലയിൽ ആയതുകൊണ്ട് അധ്യാപകരുടെ നിയമനം പൂർണ്ണമായും യോഗ്യതാ അടിസ്ഥാനത്തിൽ അല്ല എന്നുള്ളതുകൊണ്ട് സ്വാകാര്യസ്ക്കൂളുകളിൽ സഹായിക്കുന്നതിൽ സാധാരണ ജനങ്ങൾ മടികാണിക്കുന്നതിൽ എന്നാൽ ഇതിൽ നിന്ന് എല്ലാം വ്യത്യാസമായി ആനിക്കോട് സ്ക്കൂൾ സ്വകര്യമേഖലയിൽ ആണെങ്കിലും സ്ക്കുൾകെട്ടിടം നന്നാക്കുന്ന തിന് വേണ്ടി പൊതുജനങ്ങളുടെ സഹായവും സഹകരണവും കിട്ടി. പൊതുജനങ്ങളിൽ നിന്ന് സംഭാവനയായി ലഭിച്ച 85000 രൂപ ഉപയോഗിച്ച് സ്ക്കൂൾ കെട്ടിടം നന്നാക്കി. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത വിദ്യാലയത്തിൻെറ ചുറ്റുപാടിൽ അധ്യായനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥികൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെടുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. അധ്യാപകരും രക്ഷിതാക്കളും ബഹുജനങ്ങളും അടങ്ങിയ കൂട്ടായ്മ വളർത്തിയെടുക്കേണ്ടതുണ്ട്. മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനം നൽകണം നമ്മുടെ പഞ്ചായത്തിനെ C.F.D സ്ക്കൂളിൽ S.S.L.C പരീക്ഷക്ക് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ടു കുട്ടികൾക്ക് ആയിരം അഞ്ഞുറ് എന്ന നിരക്കിൽ പ്രോത്സാഹന സമ്മാനം നൽകുന്നത് ടി. കെ. ബാലൻ നായർ മെമ്മോറിയൽ സ്കോളർഷിപ്പ് എന്ന പേരിൽ അദ്ദേഹത്തിൻെറ മകൻ ശ്രീ. മധുസുദനൻ അവർകൾ ആണ് ഇതുപോലെ P.T.A യുടെ നേതൃത്വത്തിൽ എല്ലാ വിദ്യാലയങ്ങളും എല്ലാ ക്ലാസുകളിലും കൂടുതൽ മാർക്കുവാങ്ങുന്ന കുട്ടികൾക്ക് പ്രോത്സാഹനം ഏർപ്പെടുത്താവുന്നതാണ്.

ഇത്തരത്തിലുള്ള ഈ റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യങ്ങൾ. ക്ലാസ് മുറിയിൽ ചടഞ്ഞ് കൂടിയ കുട്ടികൾക്ക് ഉൻമേഷവും ഉണർവും പകർന്നുകൊടുക്കാനുള്ള സൗകര്യങ്ങൾ. ഉണ്ടാവണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ ദൃശ്യ ശ്രവണ ഉപകരണങ്ങൾ വൃത്തിയുള്ള ബോർഡുകൾ, ഫർണിച്ചറുകൾ, ചെറിയക്ലാസിലെ കുട്ടികൾക്കുള്ള കളികോപ്പുകൾ തുടങ്ങിയവ വദ്യാലയത്തിൻെറ യോഗ്യത ചിഹ്നങ്ങളായി പരിഗണിക്കപ്പെടണം വിദ്യാലയ പരിമിത വെളിപ്പെടുത്തുന്ന പട്ടിക താഴെ കൊടുക്കുന്നു.

| | ലൈബ്രറി | പ്രവർത്തിക്കുന്നു | ലാബ് | പ്രവർത്തിക്കുന്നു | പഠനോപകരണം | റേഡിയോ | ടേപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊ | സ്ലൈഡ് പ്ര ജക്റ്റർ | ബ്ലാക്ക് ബോർഡ് | മാതൃസംഘം | പി.റ്റി.എ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളവ | 2 | - | 2 | 2 | - | 3 | 8 | | 1 | 2 | 3 | 9 | 5 |
| ഇല്ലാത്തവ | 8 | 10 | 8 | | 7 | 2 | | 10 | 9 | 8 | 7 | 1 | 5 |

76 മുതൽ തണ്ണിരങ്കാടു സ്ക്കൂളിന് വാടക കിട്ടാത്തതു കൊണ്ട് സ്ക്കൂൾ കെട്ടിടത്തിൻെറ അറ്റകുറ്റപണികൾ ചെയ്യുന്നില്ല. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്ത School കൾ പ്രത്യേകിച്ച് U.P. high School വിഭാഗം വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശം നിഷേധിക്കപ്പെടുന്നു. വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാലയ മേഖലയുടെ വലിയ പോരായ്മ തന്നെയാണ്. സർക്കാർ മേഖലയിലുള്ള G.L.P. School വിശാലം തീരെ സ്ഥലസൗകര്യമില്ല എന്നുമാത്രമല്ല ഉള്ള കെട്ടിടം തന്നെ ഇടിഞ്ഞു വീഴാനുള്ള പരിതസ്ഥിതിയിലാണ് ഇപ്പോൾ. കെട്ടിടം നേരാക്കുന്നതിന് ജനപങ്കാളിത്തത്തോടുകൂടി പ്രവർത്തനം ആരംഭിച്ചു.

നിരവധി വസ്തുതകൾ വിദ്യാഭ്യാസം നിലവാരം താഴ്ന്നതിനായി ചൂണ്ടികാണിക്കാൻ കഴിയും ദൃശ്യമാധ്യമങ്ങളുടെ വ്യാപനം. നിലവാരം കുറഞ്ഞ പ്രസിദ്ധികരണങ്ങളുടെ പ്രചരണം എന്നിവ കുട്ടികളിൽ അനഭിലഷണിയമായ പ്രവണതകൾ ഉളവാക്കുന്നു. നല്ലൊരു ശതമാനം വിദ്യാർത്ഥികളും ട്യൂഷൻ ക്ലാസുകളെ ആശ്രയിക്കുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്തിൻെറ പ്രസിദ്ധീകരണങ്ങളായ യൂറിക്കയും, ശാസ്ത്രകേരളവും യഥാക്രമം 34 ഉം 22 ഉം വിറ്റഴിക്കപ്പെടുന്നു.

## ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങൾ

1.തച്ചങ്കാട്, വിശാലം എന്നീ സ്ഥലങ്ങളിലെ വിദ്യാർത്ഥികൾ U.P.Schoo.പഠനത്തിന് ഏകദേശം 5 കി.മി. നടക്കേണ്ടതുണ്ട്. ആയതിനാൽ G.L.P School വിശാലം U.P. School ആയി ഉയർത്തുക. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലുള്ള കുട്ടികൾ ഉപരിപഠനത്തിനായി ദൂരെ സ്ഥലങ്ങളിൽ പോയി പഠിക്കാൻ അസൗകര്യമുള്ളതുകൊണ്ട് ഈ ബ്ലോക്കിൽ ഒരു college ഇല്ലാത്തതുകൊണ്ട് ഒരു college അനുവദിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട തൊഴിൽ കൃഷി ആയതുകൊണ്ട് ഒരു അഗ്രികൾച്ചറൽ college അനുവദിക്കേണ്ടതാണ്. ടെസ്റ്റ്ബുക്കുകൾ യഥാസമയം വിദ്യാലയങ്ങളിൽ എത്തിക്കണം. അദ്ധ്യാപകരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ School ആരംഭത്തിൽ തന്നെ നികത്തണം. ഉച്ചകഞ്ഞിവിതരണത്തിൻെറ ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കണം. G.L.P School വിശാലത്തിന് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക. G.L.P.School ചെങ്ങണിയൂരിന് കുടിവെള്ള സൗകര്യം ഇല്ലാത്തതിന് പരിഹാരം കണ്ടെത്തുക. പ്രീ പ്രൈമറി ക്ലാസുകൾ എല്ലാ L.P School of ആരംഭിക്കുക.

അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ നിർത്തലാക്കുക.

P.T.a കളും മാതൃസംഗമങ്ങളും സജീവമാക്കുക. പഠനയാത്രകൾ സംഘടിപ്പിക്കുക യൂണിഫോം ഏർപ്പെടുത്തുക.ലൈബ്രറി, ലബോറട്ടറിയുടെ പ്രയോജനം പരമാവധി ഉപയോഗപ്പെടുത്തുക. പരീക്ഷാസമ്പ്രദായത്തിൽ മാറ്റംവരുത്തുക പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക. കലാപരമായ കഴിവ് പ്രകടിപ്പിക്കുന്നതിന് School day കൊണ്ടാടുക.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വളരെ മുമ്പേ പഞ്ചായത്തിൽ നടത്തിയിട്ടുണ്ട് ആദ്യകാലങ്ങളിൽ

7 മുതൽ 9 വരെ വിദ്യാലയങ്ങളോടനുബന്ധിച്ച് നിശാപാഠശാലകൾ പ്രവർത്തിച്ചിരുന്നു. പല്ലഞ്ചാത്തനൂരിൽ പ്രവർത്തിക്കുന്ന ക്യാൻഫെഡ്, ശാസ്ത്രസാഹിത്യപരിഷത്ത് സൗജന്യമായി അനൗപചാരിക വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ച് വരുന്നു. സാക്ഷരതാ പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ 146 ക്ലാസുകളിലായി 1386 പേർക്ക് ഗുണങ്ങൾ ഉണ്ടാക്കികൊടുത്തു പഞ്ചായത്ത് സാക്ഷരതാ സമിതിയുടെ നേതൃത്വത്തിൽ മലമ്പുഴക്കും ഏറണാകുളത്തേക്കും 60 പേർ വീതം വരുന്ന പഠിതാക്കളേയുംകുടി പഠനയാത്രകൾ നടത്തിയിട്ടുണ്ട്. ക്ലാസുകൾ അധികം കൈകാര്യം ചെയ്തിരുന്നതും ക്ലാസുകളിൽ വളരെ കൂടുതൽ പഠിച്ചതും വനിതകളായിരുന്നു. തുടർവിദ്യാഭ്യാസത്തിൻെറ കുറവു മൂലം ഉദ്ദേശിച്ച ഫലം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇവർക്ക് തുടർവിദ്യാഭ്യാസം അനിവാര്യമാണ്. അനൗപചാരിക വിദ്യാഭ്യാസം പ്രധാനം ചെയ്യുക എന്ന ലക്ഷ്യം മുൻ നിർത്തി ഒരു ദൃശ്യ-ശ്രവ്യസങ്കേതത്തിന് രുപം നൽകണം. എല്ലാ സ്ക്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തുണം ഈ കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ തൽപരരായ എല്ലാവർക്കും ആരോഗ്യ-വിദ്യാഭ്യാസ-പരിസ്ഥിതിനൈപുണ്യം കൈവരിക്കാനുതകുന്ന ഹ്രസ്വകാലകോഴ്സുകൾ ജനപങ്കാളിത്തത്തോടെ ആരംഭിക്കണം.

വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ നിർജ്ജീവമായി കിടക്കുന്ന School complex കൾ സജീവമാക്കുക-മുഖ്യമായും വിദ്യാലയങ്ങളുടെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നിനിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിതപ്പെടുത്തുകയും അതുവഴി പഠനപ്രവർത്തനങ്ങൾ നയിക്കുകയുമാണ് വേണ്ടത്. School Parilament, സ്കൗട്ടുകൾ, ക്ലബ്ബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുക്ക് ചിത്രമാസികൾ, പൂന്തോട്ട, പച്ചക്കറിതോട്ടങ്ങൾ പ്രധാനദിനചാരങ്ങളുടെ ആസൂത്രണം ഇങ്ങനെ അനേകം പരിപാടികൾ അനായാസേന ഏറ്റെടുക്കാവുന്നതാണ്. മാതൃ സംഗമം, P.T.A കളു ഒത്തുചേർന്നാൽ തീർച്ചയായും നാം പരിതപിക്കുന്ന വിദ്യാഭ്യാസമേഖലയിലെ ശോചനിയവസ്ഥ ഇല്ലാതക്കാൻ കഴിയും. പ്രീപ്രൈമറി രംഗത്തും തുടർ വിദ്യാഭ്യാസരംഗത്തും അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്യണം.

# 7 കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ജീവൻെറ നിലനിൽപ്പുതന്നെ കുടിവെള്ളത്തെ ആശ്രയിച്ചിരിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ 10 വാർഡുകളിലുംകൂടി വെള്ളക്ഷാമം ഉണ്ട്. 87% ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെ ആണ് ആശ്രയിക്കുന്നത്. നമ്മുടെ പഞ്ചായത്തിൽ ഏകദേശം 1204 കിണറുകളിൽ 58 പൊതു കിണറുകളും 43 കുഴൽ കിണറുകളും 1103 വ്യക്തികളുടെ കിണറുകളുമാണ്. എന്നാൽ 50% കിണറുകളിലും വേനൽകാലത്ത് വെള്ളം ലഭിക്കാറില്ല.

1985 ൽ ആണ് ഭാരതപ്പുഴയുടെ ശാഖയായ ശോകനാശിനി (പുടൂർപുഴ) പുഴയിൽ നിന്ന് വെട്ടിക്കാട് എന്ന സ്ഥലതത് ടാങ്ക് കെട്ടി ശുദ്ധജല വിതരണപദ്ധതി ആരംഭിച്ചു. പദ്ധതി ആരംഭിക്കുമ്പോൾ വേനൽക്കാലത്ത് ഗ്യാലറിയിൽ നിന്നും കിണറുകളിൽലേക്ക് എത്തിയ നീരൊഴുക്ക് 72000 ലിററായിരുന്നു. അന്ന് പമ്പ് ഹൗസിൽ 25 H.P ഉള്ള രണ്ട് മോട്ടോറുകളും ഉണ്ടായിരുന്നു. 2.25 ലക്ഷം ലിററർ സംഭരണശേഷിയുള്ള ഒരു ടാങ്കും 900 ലിററർ പമ്പിംഗ് മെയിൽ 11079 മീററർ പൈപ്പ് ലൈനും 49 പൊതു ടാപ്പുകളും ഉണ്ടായിരുന്നു. 1993 ൽ 200 മീററർ പൈപ്പ് ലൈൻ ഇട്ട് പെരിങ്ങരക്കാട്വരെയാക്കി.

1992 93ൽ തച്ചങ്കാട് തട്ടുപറമ്പിലും വീശലത്തും ജനങ്ങൾ സംഘടിച്ച് രാജീവ്ഗാന്ധി ടെക്നോളജി മിഷൻെറ സഹായത്തോടെ 100 കുടുംബങ്ങൾക്ക് ഉപയുക്തമായ 2 ജലവിതരണ പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ടാങ്കു കെട്ടാനും മോട്ടോർ സ്ഥാപിക്കാനും മററുമായി വരുന്ന പണം ഈ കുടുംബങ്ങളിൽ നിന്നും ശേഖരിച്ചാണ് പദ്ധതി പൂർത്തീകരിച്ചത്. കറൻറ് ചാർജ്ജ് കൂടി കുടുംബങ്ങളിൽ നിന്ന് പിരിച്ച് സുഗമമായി നടത്തികൊണ്ടുപോകുന്നു എന്നത് ഒരു ഉത്തമ മാതൃകയാണ്. കുടുവെള്ളക്ഷാമം അനുഭവിക്കുന്ന മററു സ്ഥലങ്ങളിൽ ഇത്തരം മാതൃക പരിശോധിക്കാവുന്നതാണ്.

1992 93ൽ വേനൽക്കാലത്ത് ഗ്യാലറിയിൽ ഉണ്ടായിരുന്ന നീരൊഴുക്ക് നാലിൽ ഒന്ന് ആയി ചുരുങ്ങിയതിൻെറ ഫലമായി രണ്ട് മാസക്കാലം വെള്ളമെത്തിക്കാൻ കഴിഞ്ഞിട്ടില്ല. പ്രശ്നം പരിഹരിക്കുന്നതിനായി പുടൂർ പുഴയിൽ പമ്പ് ഹൗസിനടുത്ത് 15 മീററർ ഉയരത്തിൽ തടയണ കെട്ടിയാണ് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞത്. വെള്ളം കുറഞ്ഞതിൻെറ അടിസ്ഥാനത്തിൽ നേരത്തെ ഉണ്ടായിരുന്ന രണ്ട് മോട്ടോറുകളും മാററി 22.5 എച്ച്.പി സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിച്ചു.

ജലവിതരണ പദ്ധതി തുടങ്ങി ഒമ്പത് വർഷത്തിനുശേഷം 1994 95ൽ 84 വാട്ടർ കണക്ഷനുകൾ അനുവദിച്ചതിൽ 80 ഗാർഹിക കണക്ഷനുകളും 4 ഗാർഹിക ഇതരണ കണക്ഷനുകളും കൊടുത്തിട്ടുണ്ട്.

1996- 97ൽ വേനൽക്കലം ആകുന്നതിനുമുമ്പുതന്നെ കുടെവെള്ളക്ഷാമം അനുഭവപ്പെട്ടതിൻെറ അടിസ്ഥാനത്തിൽ മാത്തൂർ അഗ്രഹാരത്ത് ആയുർവ്വേദ ഡിസ്പെൻസറിക്കടുത്ത് ഒരു കുഴൽക്കിണർ കുഴിച്ച് 15 എച്ച്.പി മോട്ടോർ സ്ഥാപിച്ച് അമ്പലക്കാട് ഹരിജൻ കോളനി രാം പറമ്പ്, നെല്ലിയംപറമ്പ് എന്നീ സ്ഥലങ്ങളിലേക്ക് 3400 മീററർപൈപ്പ് ലൈൻ ഇട്ട് 11 പൊതുടാപ്പുകൾ സ്ഥാപിച്ചു.

ജനങ്ങൾ പ്രധാനമായും കുടിവെള്ളത്തിന് കിണറുകളെ ആണ് ആശ്രയിക്കുന്നത്. സ്വന്തം കിണറുകൾ ഉള്ളവർ കുറഞ്ഞ ശതമാനമാണ്. കിണറില്ലാത്തവർ കുഴൽകിണറുകളെയും പൊതുടാപ്പുകളേയുമാണ് ആശ്രയിക്കുന്നത്.

## വാർഡ് 1

പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കൊല്ലാട്, മുതുകുളമ്പ് എന്നീ സ്ഥലങ്ങളിലും ചെങ്ങണിയൂർ കാവിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അഗ്രഹാരത്ത് നിലവിലുള്ള ബോർവെൽ സ്കീമിൽ നിന്ന് വാട്ടർ അതോറിററിയുടെ പൈപ്പ് ലൈൻ നീട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരമാവും.

## വാർഡ് 2

കവറപ്പാടി, പറയമ്പടി, ഒഴയാടി, പേഴുംകാട്, തെക്കുമുറി, വയറക്കാട്, പാലക്കോട് എന്നീ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അഗ്രഹാരത്ത് നിലവിലുള്ള സ്കീമിൽ നിന്ന് വാട്ടർ അതോറിററിയുടെ പൈപ്പ് ലൈൻ നീട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരമാവും.

## വാർഡ് 3

വെമ്മറക്കോട്, ആലുങ്കൽ പറമ്പ്, പള്ളിക്കളം എന്നീ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. വാട്ടർ അതോറിററിയുടെ പഴയ സ്കീമിൽ നിന്ന് പൈപ്പ് ലൈൻ നീട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരമാവും.

## വാർഡ് 4

നരിക്കോട്, പെലച്ചേരിപറമ്പ്, പനക്കൽ പറമ്പ്, പൊള്ളപ്പാടം, മായക്കാട്, വാക്കാട് പറമ്പ് എന്നീ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലത്ത് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇതിന് പരിഹാരമായി അമ്പാട്, ഭാരതപ്പുഴയിൽ പുതിയ തടയണ നിർമ്മിച്ച് ഒരു പമ്പ് ഹൗസും ഒരു ടാങ്കും സ്ഥാപിച്ച് പൈപ്പ് ലൈൻ നീട്ടിയാൽ മതിയാകും.

## വാർഡ് 5

തേനക്കാട്, പതിയാരപറമ്പ്, കൂത്ത്പറമ്പ്, കോഴിക്കാട്ട് പറമ്പ്, തൊടിയക്കാവ്, കണ്ണിയക്കോട് എന്നീ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. വാട്ടർ അതോറിററിയുടെ പഴയ സ്കീമിൽ നിന്ന് അമ്പാട് പുതുതായി നിർമ്മിക്കേണ്ടിയിരിക്കുന്ന സ്കീം അനുവദിക്കുകയാണെങ്കിൽ അതിൽനിന്ന് പൈപ്പ് ലൈൻ നീട്ട് പ്രശ്നം പരിഹരിക്കാവുന്നതാണ്.

## വാർഡ് 6

കുന്നംപറമ്പ്, പഴയകളം, ഇളയാട്ട്കളം, വാരിയത്ത് കളം, ചിററടിക്കാട് എന്നീ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം ഉണ്ട്. അമ്പാട് പുതുതായി ഒരു സ്കീം അനുവദിക്കുകയാണെങ്കിൽ അതിൽനിന്നും പൈപ്പ് ലൈൻ നീട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

## വാർഡ് 7

പാട്ടത്തിൽകളം, മനയങ്കത്ത് തറ, കുന്നുപറമ്പ്, എന്നീ സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. അമ്പാട് പുതിയ സ്കീം അനുവദിക്കുകയാണെങ്കിൽ അതിൽ നിന്നും പൈപ്പ്ലൈൻ നീട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

## വാർഡ് 8

ആനയംകുണ്ട്, പാറയ്ക്കൽ, മണ്ണാത്തിക്കാട്, മന്ദംപ്പുള്ളി, പൈലേറി പറമ്പ്, പൊടികുളങ്ങര, കുറുപ്പത്ത് കളം, പഴയകാവ് എന്നീ പട്ടികജാതക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ കുടിവെള്ളക്ഷാമം

അനുഭവപ്പെടുന്നു. അഗ്രഹാരത്ത് നിലവിലുള്ള ബോർവെൽ സ്കീമിൽ നിന്ന് വാട്ടർ അതോറിററിയുടെ പൈപ്പ് ലൈൻ നീട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരമാവും.

## വാർഡ് 9

അയ്യപ്പൻകാവ്, പുത്തൻതൊടി, കണക്കത്തറ, ചിറവെള്ളിക്കാട്, അരുമ്പിൽ, വെട്ടിക്കാട്, മൂലോട് മന്നത്ത്പറമ്പ് എന്നീ സ്ഥലങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. മാത്രമല്ല ചേരിങ്കൽ പാലപ്പാറ, ചൊണയക്കാട്, പെരുങ്കരക്കാട്, കുമുള്ളിതൊടിയ എന്നീ സ്ഥലങ്ങളിലും സ്ഥിതി ഇതുതന്നെയാണ്. അമ്പാട് (ഭാരതപ്പുഴ) പുതുതായി ഒരു സ്കീം അനുവദിച്ചുതരുകയാണെങ്കിൽ അതിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി പ്രശ്നം പരിഹരിക്കാവുന്നതാണ്.

## വാർഡ് 10

അമ്പാട്, ആങ്കിരകാട്, ആലൻതോട്, കൽനാട്ട് പറമ്പ്, പനംമ്പുള്ളിത്തൊടി, ചിറയ്ക്കൽ, ചുണയ്ക്കാട് എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം ക്ഷാമം അനുഭവപ്പെടുന്നുണ്ട്. അമ്പാട് പുതിയ സ്കീം അനുവദിക്കുകയാണെങ്കിൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

1. നിലവിലുള്ള ജലവിതരണ പദ്ധതിയുടെ പ്രവർത്തനത്തിനാവശ്യമായ പമ്പ് ഹൗസിൻേറയും ടാങ്കിൻേറയും നില പരിശോധിക്കേണ്ടതാണ്.
2. നിലവിലുള്ള ജലവിതരണ പദ്ധതിയുടെ ഗ്യലറി പൈപ്പ് ലൈൻ, അടഞ്ഞുകിടക്കുന്നത് ശരിയാക്കേണ്ടതാണ്.
3. ഭാരതപ്പുഴയിൽ നിലവിലുള്ള തടയണവെള്ളം കെട്ടിനിൽക്കേണ്ട വിധത്തിൽ ഷട്ടറുകൾ സ്ഥാപിക്കേണ്ടതാണ്.
4. ഭാരതപ്പുഴയിൽ അമ്പാട് എന്ന സ്ഥലത്ത് തടയണകെട്ടി പുതിയ പമ്പ് ഹൗസും ടാങ്കും ഉണ്ടാക്കി ജലവിതരണ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ മാത്തൂർ പഞ്ചായത്തിൻെറ എല്ലാ ഭാഗത്തും കുടിവെള്ളം എത്തിക്കാൻ കഴിയും.
5. പൂടൂർ പുഴയിൽ കെട്ടിയിട്ടുള്ള തടയണയുടെ ഉയരം വർദ്ധിപ്പിക്കുക.
6. പൈപ്പ് വെള്ളം ഉപയോഗിക്കുന്നു. 10 (പത്ത്) കുടുംബങ്ങളെ ഒരു പൊതു ടാപ്പ് സുരക്ഷിതമായി സൂക്ഷിക്കാനുള്ള കർത്തവ്യം ഏൽപ്പിക്കുക.
7. അപ്പപ്പോഴുള്ള പൈപ്പ് ലൈൻ ലിക്കുകളും അതിനോട് അനുബന്ധിച്ചുവരുന്ന മററ് അററകുററപ്പണികളും കാര്യക്ഷമമാക്കുകയാണെങ്കിൽ ശുദ്ധജല വിതരണം കാര്യക്ഷമമാക്കാവുന്നതാണ്.
8. വെള്ളക്കരം സർക്കാർ നേരിട്ട് അടയ്ക്കാൻ സംവിധാനം ഉണ്ടാക്കുക.
9. ഹൗസ് കണക്ഷൻ അനുവദിക്കുക.
10. സൌകര്യ കിണർ, പഞ്ചായത്ത് കിണർ, എന്നിവയ്ക്ക് ആവിശ്യമായ ബ്ലീച്ചിംഗ് പൗഡർ പഞ്ചായത്തിലൂടെ പൊതുജനങ്ങളിലേക്ക് നൽകുക.

# പൊതുജനാരോഗ്യം

മാനസികമായും, ശാരീരകമായും, സാമൂഹികമായുമുള്ള ഒരു സുസ്ഥിതി അതായത് രോഗമില്ലാത്ത അവസ്ഥ. . ആരോഗ്യമുള്ള ജനതയാണ് നാട്ടിൻെറ സമ്പത്ത്. മേൽപ്പറഞ്ഞ മൂന്ന് അവസ്ഥയും ഉൾക്കൊള്ളുന്ന ഒരു വ്യക്തിയേയോ സമൂഹത്തിനേയോ മാത്രം ആരോഗ്യവാൻ എന്നും ആരോഗ്യമുള്ള ജനത എന്നും പറയുന്നു.

1974 വരെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെ ആണ് ആശ്രയിച്ചിരുന്നത്. യശശരീരരായ മനയങ്കത്ത് ഗോപാല വൈദ്യർ ബാല വൈദ്യർ എന്ന ബാലകൃഷ്ണ വൈദ്യർ എന്നീ പാരമ്പര്യ വൈദ്യൻമാരെ സ്മരിക്കേണ്ടതാണ്. ചരട് ജപിച്ച്കെട്ടുക, മന്ത്രം ജപിച്ച് ഊതുക, അമ്പലങ്ങളിലേക്ക് വഴിപാട് നേരുക തുടങ്ങിയ അന്ധവിശ്വാസങ്ങളിൽ അതിഷ്ടിതമായിരുന്നു അന്നത്തെ സമൂഹം. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും ഇത്രയൊക്കെ പുരോഗമിച്ച ഈ കാലഘട്ടത്തിലും ഇത്തരം അന്ധ വിശ്വസത്തിലാണ് ഒരു വിഭാഗം ജനത.

നമ്മുടെ പഞ്ചായത്തിലെ ആധുനിക ചികിത്സാ സമ്പ്രദായത്തെ അടിസ്ഥാനമാക്കി പല്ലഞ്ചാത്തനൂരിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിച്ചത്. ആയതിന് സ്വന്തമായി കെട്ടിടമുണ്ടാക്കിയത് 92 ൽ ആയിരുന്നു. അതുവരെയും വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചിരുന്നത്. ഹോമിയോ ആശുപത്രിയിൽ സാമാന്യം രോഗികൾ പോകുന്നുണ്ട്. മരുന്നിൻെറ ലഭ്യതയും ജീവനക്കാരുടെ കുറവും പരിഹരിക്കേണ്ടതാണ്. ഇത് കിടത്തി ചികിത്സിക്കാനുള്ള ഒരു ആശുപത്രിയായി വളർത്താവുന്നതാണ്.

ആയുർവ്വേദ ആശുപത്രി ബംഗ്ലാവ് സ്കൂളിനു സമീപം വാടക കെട്ടിടത്തിൽ ആരംഭിച്ച് അഗ്രഹാരത്തിനടുത്ത് 81ൽ പഞ്ചായത്ത് നിർമ്മിച്ചുകൊടുത്ത കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്നു. ധാരാളം രോഗികൾ ഈ സ്ഥാപനത്തിൽ വന്നുപോകുന്നു. ആവിശ്യമായ മരുന്നും ജീവനക്കാരെയും കൊടുക്കേണ്ടിയിരിക്കുന്നു. സർക്കാറിൻെറ പ്രത്യേക പദ്ധതി പ്രകാരം അതായത് ഒരു പഞ്ചായത്തിൽ ആതുരശുശ്രൂഷാ കേന്ദ്രം നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക ആരോഗ്യകേന്ദ്രം നിലവിൽ വന്നു.

കുമംകാട്ടിൽ ബാലകൃഷ്ണൻ എന്ന ആൾ വാടകയില്ലാതെ ആശുപത്രിക്കായി സ്വന്തം കെട്ടിടം നിർമ്മിക്കുന്നതുവരെ വിട്ടുതന്നു. പഞ്ചായത്തിൻെറ ജെ.ആർ.വൈ ഫണ്ട് ഉപയോഗിച്ച് ഇപ്പോഴത്തെ കെട്ടിടം നിലവിൽ വന്നു. മരുന്നിൻേറയും ജീവനക്കാരുടേയും കുറവ് ഉണ്ട്. 5000 ജലസംഖ്യയ്ക്ക് ഒരു Jr.P.H. Nurse ഉം ഒരു Jr. H.I എന്ന കണക്കിൽ 22670 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു Jr.H.I ഉം ഒരു Jr.H.I എന്ന കണക്കിൽ 22670 ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു Jr. H.I ഉം 2 Junior Nurse മാരേയും നിയമിക്കേണ്ടതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തോട് ചേർന്ന് രോഗികളെ കിടത്തി ചികിത്സിക്കുവാൻ സൗകര്യമുണ്ടാക്കേണ്ടതാണ്.

ഇന്ന് നമ്മുടെ പഞ്ചായത്തിൽ 3 മെഡിക്കൽ ഓഫീസർമാർ അടക്കം 23 ജീവനക്കാർ ഈ രംഗത്ത് സേവനം നടത്തുന്നുണ്ട്. പ്രാഥമിക കേന്ദ്രത്തിൻെറ കീഴിൽ മന്ദംപുള്ളി, പല്ലഞ്ചാത്തനൂർ, ആനിക്കോട്, പെങ്ങണിയൂർ എന്നീ സ്ഥലങ്ങളിലായി 4 സബ് സെൻറർ പ്രവർത്തിക്കുന്നുണ്ട്.

കുടുംബക്ഷേമം, മലമ്പനി നിർമ്മാർജ്ജനം, പോളിയോ നിർമ്മാർജ്ജനം എന്നിവയും കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ദേശീയതലത്തിലുള്ള രോഗപ്രതിരോധ പ്രവർത്തനങ്ങളും പൊതുജനാരോഗ്യ പ്രവർത്തന പരിധിയിൽ വരുന്നു.

അടുത്ത കാലത്തായി നമ്മുടെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ഛർദ്ദി, അതിസാരം, കോളറ, മഞ്ഞപ്പിത്തം മുതലായ പകർച്ചവ്യാധികൾ കാണുകയുണ്ടായി. യഥാസമയത്തുതന്നെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് പകർച്ചവ്യാധികളെ ഫലപ്രദമായി തടയാൻ കഴിഞ്ഞു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് വാഹനം ഇല്ലാത്തതിനാൽ പകർച്ചവ്യാധികൾ ഉണ്ടാകുന്ന സന്ദർഭങ്ങളിൽ വളരെ പെട്ടെന്ന് ചെയ്ത് തീർക്കേണ്ട പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയുന്നില്ല. കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ, കഴിഞ്ഞ കാലങ്ങളിലും ഇക്കാലത്തും നാല് സബ്ബ് സെൻററുകളും തനതായ വ്യക്തിമുദ്ര

പതിപ്പിച്ചിട്ടുണ്ട്. ശിശുമരണ നിരക്ക് വളരെ കുറവാണ്. അംഗനവാടികളിലും മററു സ്ഥലങ്ങളിലും ആരോഗ്യ ചർച്ചാ ക്ലാസുകളും ബോധ വത്കരണ ക്ലാസുകളും നടത്തുന്നുണ്ട്. പരിസര മലിനീകരണം ഒരു സ്ഥിരം പരിപാടിയായിമാറിയിരിക്കുന്നു.

ആശുപത്രിയിൽ ഒരു ലബോറട്ടറി ആവശ്യമാണ്. കിണറുണ്ടെങ്കിലും ആരോഗ്യകേന്ദ്രത്തിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. പഞ്ചായത്തിൻെറ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ശുചീരണ പ്രവർത്തനം നടക്കുന്നില്ല. കുഷ്ഠരോഗ പ്രതിരോധത്തിൻെറ ഭാഗമായി ആഴ്ചയിൽ ഒരു ദിവസം ക്ലിനിക്ക് ഉണ്ടെങ്കിലും. മുഴുവൻ രോഗികളും ഈ അവസരം വിനിയോഗിയ്ക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. ആശുപത്രിക്കയുടെ (കെട്ടിടം) അററകുററപ്പണി യഥാസമയം നടത്തുക.
2. വെള്ള സൗകര്യം കുറഞ്ഞ പ്രാഥമിക ആരോഗ്യകേന്ദ്രത്തിലും ഹോമിയോ ഡ്സ്പെൻസറിയിലും വെള്ള സൗകര്യം ഉറപ്പുവരുത്തുക.
3. ആവിശ്യമായ ഫർണീച്ചർ എത്തിക്കുക.
4. പ്രൈമറി ഹെൽത്ത് സെൻററിൽ ഒരു ജീപ്പ് സൗകര്യം ഉണ്ടാക്കുക.
5. രോഗികളെ കിടത്തിചികിത്സിക്കാൻ ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ കെട്ടിടം നിർമ്മിക്കുക.
6. മെഡിക്കൽ ഓഫീസർമാർ അടക്കമുള്ള ജീവനക്കാർക്ക് താമസ സൗകര്യം ഉണ്ടാക്കുക.
7. Jr. H.I യും രണ്ട് Jr. Nurse മാരേയും നിയമിക്കുക.
8. ലബോറട്ടറികൾ അനുവദിക്കുക.

## പൊതുജനാരോഗ്യ നിർദ്ദേശങ്ങൾ

ഗ്രാമപഞ്ചായത്തിൽ ജനങ്ങളുടെ ആയുർ ദൈർഘ്യം കൂട്ടുവാനും പകർച്ചവ്യാധികൾ മൂലമുള്ള മരണം ഒഴിവാക്കി ആരോഗ്യമുള്ള ജനസമൂഹത്തെ ഉണ്ടാക്കുവാൻവേണ്ടി പൊതുജനാരോഗ്യത്തിന് വരുംകാലങ്ങളിൽ വളരെ കൂടിയ മുൻഗണന കൊടുത്തെ തീരൂ.

## കുടിവെള്ളം

1. 70% ജനങ്ങളും ശുദ്ധമായ കുടിവെള്ളം കിട്ടാതെ വിഷമിക്കുന്ന പകർച്ചവ്യാധികൾ ഇതുമൂലം ഉണ്ടാകുന്നുണ്ട്.
2. കുടിവെള്ളം മലിനമാകാതെ നോക്കാൻ ജനങ്ങളെ ബോധവാന്മാരാക്കണം.
3. ജനങ്ങൾ തിങ്ങി താമസിക്കുന്ന ഭാഗങ്ങളിൽ ശുദ്ധജലം ലഭ്യമാക്കണം.
4. വ്യക്തികൾ തമ്മിലുള്ള വൈരാഗ്യം കുടിവെള്ളം ഇല്ലാതാക്കുന്ന അവസ്ഥ ഇവ ഒഴിവാക്കണം.

## കക്കൂസ്

1. 26% വീടുകളിൽ മാത്രമെ ഇപ്പോൾ കക്കൂസ് ഉള്ളു. എല്ലാ വീടുകളിലും കക്കൂസ് ഉണ്ടാക്കുവാനുള്ള സൗകര്യം ഉണ്ടാക്കണം.
2. സിനിമാ ശലകൾ, വിദ്യാലയങ്ങൾ എന്നിവയിൽ നിർബന്ധമായും കക്കൂസ് നിർമ്മിക്കേണ്ടതാണ്.

## പരിസരശുചീകരണം

1. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ കെട്ടിക്കിടക്കുന്ന ചപ്പുചവറുകൾ നീക്കം ചെയ്യണം.
2. ചപ്പുചവറുകൾ നിക്ഷേപിക്കാൻ സ്ഥലം ഉണ്ടാവണം.
3. ഇതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം.
4. എല്ലാ വാർഡുകളിലും സ്മശാനം ഉണ്ടായിരിക്കണം.
5. പച്ചക്കറികൾ, ഉണക്കമത്സ്യം, മാംസം എന്നിവ പഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള ചന്തയിൽ മാത്രം വിൽപ്പനയ്ക്ക് വെയ്ക്കണം.
6. അറവ്ശാല വേണം.
7. അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായക്കളെ ഇല്ലാതാക്കണം.
8. ഭക്ഷണ സാധനം വിൽക്കുന്ന കടകൾ വെള്ളപൂശിവൃത്തിയാക്കിയശേഷം മാത്രം ലൈസൻസ് നൽകണം.
9. അഴുക്ക്ചാൽ നിർമ്മിക്കുകയും യഥാസമയം വൃത്തിയാക്കുകയും വേണം.
10. ആവശ്യാനുസരണം അണുനാശിനി വിനിയോഗം ഉണ്ടായിരിക്കണം.
11. ആശുപത്രികളിൽ ആവിശ്യാനുസരണം മരുന്നുകൾ എത്തിക്കുക.
12. അംഗനവാടികളിൽ ശുദ്ധജലവിതരണം ഉണ്ടായിരിക്കണം.
13. കുഷ്ഠരോഗികളെ പുനരധിവസിപ്പിക്കുവാൻ പദ്ധതികൾ ആസൂത്രണം ചെയ്യണം.
14. സമൂഹത്തിലെ മുഖ്യവിഭാഗമായ വൃദ്ധജനങ്ങളെ അധിവസിപ്പിക്കുവാൻവേണ്ടി വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കാവുന്നതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവും ആയ പ്രശ്നങ്ങൾക്ക് പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ നിയമിക്കുക.

ആയുർവ്വേദ രംഗത്ത് രൂക്ഷമായിവരുന്ന ഔഷധ സസ്യങ്ങളുടെ കുറവ് പരിഹരിക്കുവാൻ സഹകരണാവസ്ഥയിൽ സൊസൈററികൾ രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതുജനാരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം എന്നിവ പ്രചരണം ബോധവത്ക്കരണംവഴി നിയന്ത്രിണ വിധേയമാക്കാം. രക്തധാനത്തെ കുറിച്ചുള്ള ഭയാശങ്ക മാററാനും നേത്രധാനത്തെ കുറിച്ചുള്ള മഹത്വം ബോധ്യപ്പെടുത്തുന്നതുകൊണ്ട് ദാതാക്കളുടെ രജസ്ട്രേഷൻ വ്യാപകമാക്കാം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്ത് സ്ഥാപനങ്ങളെയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ രണ്ടായിരാമാണ്ടിൽ എല്ലാവർക്കു പൂർണ്ണാരോഗ്യം എന്ന തത്വം വിജയിക്കുമെന്ന് നമുക്ക് പ്രതിജ്ഞ എടുക്കാം.

"സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നാരംഭിക്കണം അങ്ങിനെ ഒരോ ഗ്രാമവും പൂർണ്ണമായ അധികാരങ്ങൾക്കുള്ള ഒരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകും."

മഹാത്മാ ഗാന്ധി

# 8

# വ്യവസായം

മാത്തൂർ ഗ്രാമ പഞ്ചായത്ത് വ്യവസായം സംബന്ധിച്ച വികസന റിപ്പോർട്ട്

വ്യവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത് മുഖ്യതൊഴിലും വരുമാന മാർഗ്ഗവുമായ കാർഷിക രംഗത്തെ ഉദ്പാദനത്തെ ആസ്പദമാക്കിയ വ്യവസായ സംരംഭങ്ങൾ തീരെ ഇല്ലെന്നു തന്നെ പറയാവുന്നതാണ് അതുകൊണ്ട് തന്നെ ജനങ്ങളിൽ നല്ലൊരു ശതമാനത്തിൻെറ സാമ്പത്തിക നില മെച്ചപ്പെട്ട വിധത്തിലല്ല മുപ്പത്തിഅൻപത് വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് പുരുഷൻമാരും സ്ത്രീകളും ജോലി ചെയ്യുന്നവയാണ് ഇവയിൽ മിക്കതും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരും ഇതിൽ ഉൾപെടുന്നുണ്ട്.

പാരമ്പര്യ വ്യവസായങ്ങളായ കൊട്ട, പനമ്പ് നെയ്ത്ത് നൂൽനൂൽപ്പ്, കൊല്ലപണി, ആശാരിപണി, സ്വർണ്ണപണി, പപ്പട നിർമ്മാണം എന്നിവയിൽ കേന്ദ്രീകരിച്ച് ഒട്ടു മിക്ക വാർഡുകളിലും കുടുംബങ്ങൾ ജോലി ചെയ്യുന്നുണ്ട് പനമ്പ് നെയ്ത്ത് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള നാല്പതിലേറെ കുടുംബങ്ങളും പല്ലൻഞ്ചാത്തനൂർ തണ്ണീർ പന്തൽ എന്നീ ഭാഗങ്ങളിലായി കൈതറി രംഗത്ത് നൂറ്റിനാല്പത് കുടുംബങ്ങളും പണി എടുക്കുന്നു ആദ്യകാലങ്ങളിൽ കൈത്തറി മുഖ്യ ഉപജീവനമാർഗ്ഗമായിരുന്നു എങ്കിലും യന്ത്രവൽക്കരണം നൂലും മറ്റ് അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റം എന്നിവ ഈ തൊഴിലിൽ നിന്നുള്ള പിൻമാറ്റം പരമ്പരാഗത തൊഴിലാളികളെ പ്രേരിപ്പിക്കുന്നു. കൊല്ലപണിയിൽ ഏർപെട്ടിട്ടുള്ള അൻപതിലേറെ കുടുംബങ്ങൾ പഞ്ചായത്തിലുണ്ട് മരപണിയിൽ ഏർപെട്ട കുടുംബങ്ങൾ ഏറെ കുറെ എല്ലാ വാർഡുകളിലും ഉണ്ട് പഞ്ചായത്തിനു പുറത്തും മറ്റു ജില്ലകളിലും തൊഴിൽ തേടി പോകുന്നവരും ഈ രംഗത്ത് നിലനിൽക്കുന്നു സ്വർണ്ണപണി തൊഴിലായി സ്വീകരിക്കാൻ വിവിധ വിഭാഗം ആളുകൾ രംഗത്ത് വരുന്നുണ്ട്.

പാരമ്പര്യ വ്യവസായങ്ങളിൽ ഏർപെട്ടവരും വരുമാനം വർദ്ധിപ്പിക്കാനും തൊഴിൽ സാധ്യത മെച്ചപെടുത്താനും കഴിയുന്ന പരിപാടികൾ ആവിഷ്കരിച്ച് പരമ്പരാഗത വ്യവസായവും തൊഴിലും നിലനിർത്താൻ പറ്റിയ പരിപാടികൾക്ക് രുപം നൽകാവുന്നതാണ് വ്യവസായ വികസനത്തിൽ ആവശ്യമായ വൈദ്യുതി, ഗതാഗതം, എന്നീ അടിസ്ഥാന സൗകര്യങ്ങൾ വികസിച്ചു വരുന്നതെ ഉള്ളൂ. നെല്ല് ഉൽപാദനം ആണ് മുഖ്യമെങ്കിലും ആയതു സംഭരിച്ച് കർഷകന് ന്യായവില ലഭ്യമാക്കാൻ പറ്റിയ സംവിധാനം കുറവാണ്. സംഭരണവും സംസ്ക്കരണവും വിപണനവും പൂർണ്ണമായും സ്വകാര്യ വ്യക്തികളാണ് നടത്തിപോരുന്നത് സഹകരണമേഘലയുടെ പ്രവർത്തനം ഈ രംഗത്ത് വ്യാപിപ്പിച്ച് ഈ സ്ഥിതിക്ക് മാറ്റം വരുത്താവുന്നതാണ് നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായവളർച്ചയ്ക്ക് അനുകൂല ഘടകങ്ങളായ സാക്ഷരത, ആരോഗ്യ പരിരക്ഷ സാമാന്യം മെച്ചപെട്ട വാർത്തവിനിമയം ഗതാഗത സൗകര്യങ്ങൾ എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാത്തത് താഴെ പറയുന്ന കാര്യങ്ങൾ ഇടയാക്കുന്നുണ്ട്.

1. മുഖ്യ ഉൽപ്പന്നമായ നെല്ല് വ്യവസായ രംഗത്ത് പ്രയോജനപെടുത്തുന്നില്ല.
2. രണ്ടാം സ്ഥാനത്ത് നിൽക്കുന്ന നാളികേരം വ്യവസായ രംഗത്ത് പ്രയോജനപെടുത്തുന്നില്ല.
3. സഹകരണ മേഘലയിലെ നെയ്ത്തു വ്യവസായ സംഘം നഷ്ടത്തിലാണ്.
4. സാങ്കേതിക പരിജ്ഞാന കുറവ്.
5. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.

6. വിപണന സാധ്യത കുറവ്

7. വ്യവസായ പരിശീലനത്തിനുള്ള സാധ്യത കുറവ് (കാലാകാലങ്ങളായി)

8. വനിതകൾക്ക് തൊഴിൽ അവസരം കുറവ്.

9. സാങ്കേതിക പരിജ്ഞാനം ലഭിച്ചിവർക്ക് തൊഴിൽ നൽകാനുള്ള സാധ്യത കുറവ്.

10. തൊഴിൽ സംരംഭകർക്ക് വേണ്ട പ്രേരണ കുറവ്.

11. വ്യവസായ മേഖലയുമായുള്ള സംമ്പർക്ക കുറവ്.

12. വ്യവസായ വികസനവുമായി ബന്ധപെട്ട ശാസ്ത്രീയ ബോധകുറവ്.

13. അസംസ്കൃത സാധനങ്ങളുടെ ലഭ്യത കുറവ്.

14. മതിയായ വേതനം ലഭിക്കാത്തത്. (പ്രത്യേകിച്ച് വനിതകളിൽ)

## സാധ്യതകൾ

പാലക്കാട് ജില്ലയിൽ സാമാന്യ വിദ്യാഭ്യാസമുള്ള തൊഴിൽ രഹിതരിൽ (യുവതിയുവാക്കളിൽ) ഏകദേശം മുപ്പത് ശതമാനം(30%) പട്ടിക ജാതിക്കാർ ഉള്ള നമ്മുടെ പഞ്ചായത്തിൽ നല്ലൊരു ശതമാനം പേരും പഞ്ചായത്തിനു പുറത്തും സംസ്ഥാനത്തിനും രാജ്യത്തിനും പുറത്തുമാണ് ജോലി ചെയ്യുന്നത്. പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ക്രമേണ കുറഞ്ഞു വരികയാണ് എന്നാൽ കൈത്തറി രംഗത്ത് കൂടുതൽ കുടുംബങ്ങൾ നെയ്ത്തു തൊഴിലിനെ ആശ്രയിച്ച് ഇന്നും കഴിയുന്ന വരാണ് ഒരു നെയ്ത്തു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ തൊഴിലിൽ ഏർപെട്ടവരുടെ സാമ്പത്തിക നിലവാരം മെച്ചപെടുത്താനും വ്യവസായം ലാഭകരമായി കൊണ്ടുപോകാനും കഴിയാത്ത നിരവധി ഘടകങ്ങൾ ഇന്നും നിലനിൽക്കുകയാണ്. നെയ്ത്തു തൊഴിലിൽ നിന്ന് ലഭിക്കുന്ന വരുമാനം കുറവാണെങ്കിലും മറ്റൊരു പോം വഴി ഇല്ലാത്തതിൻെറ പേരിലാണ് ഈ തൊഴിൽ രംഗത്ത് തുടരാൻ പ്രേരിപ്പിക്കുന്നത്. പനമ്പ്, കൊട്ട എന്നിവയുടെ നിർമ്മാണത്തിലേർപെട്ടവരെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരുവാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന നാളികേരത്തിൻെറ എണ്ണം കണക്കിലെടുത്താൽ ആയത് സംസ്കരിച്ചെടുക്കാനുള്ള വ്യവസായ യൂണിറ്റുകൾ തീരെ ഇല്ല. ചകിരി സംസ്ക്കരിച്ച് എടുക്കുന്ന ഒരു ഫൈബർ യുണിറ്റ് നിലവിലുണ്ട് തേങ്ങ, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധ ചെറുകിട വ്യവസായങ്ങൾക്കുള്ള സാധ്യതകളും ആരായാവുന്നതാണ്.

## പട്ടിക

1. ചകിരി, ചവറ് ഉപയോഗിച്ച് ജൈവവളം.

2. തെങ്ങ്, പന എന്നിവ കൊണ്ട് ഫർണിച്ചർ

3. ചിരട്ട പൊടി കൊണ്ട് വാർണിഷ് നിർമ്മാണം

4. തേങ്ങ പൗഡർ ക്രീം നിർമ്മാണം

5. വെളിച്ചെണ്ണ

6. കന്നുകാലിതീറ്റ

7. റെഡിമെയ്ഡ് വസ്ത്രങ്ങൾ

8. കോഴിവളർത്തൽ

9. വാഷിങ്ങ് സോപ്പ് -സോപ്പുപൊടി നിർമ്മാണം

10. മത്സ്യം വളർത്തൽ

11. കറി പൗഡർ നിർമ്മാണം

12. ബാഗ് ചെരുപ്പ് കുട നിർമ്മാണം.

13. പവർലൂം ഉപയോഗച്ച് തുണി നിർമ്മാണം

14. നൂൽ ചായം മുക്കൽ യൂണിറ്റ്.

15. മധുരകിഴങ്ങ് ഉപയോഗിച്ച് സ്റ്റാർച്ച് ഫാക്ടറി

16. നേന്ത്രക്കായ്, ഉരുളകിഴങ്ങ്, കപ്പകിഴങ്ങ്, എന്നിവകൊണ്ട് ചിപ്സ് ഉണ്ടാക്കൽ

17. മാങ്ങ, പപ്പായ എന്നിവകൊണ്ട് ജൂസ് നിർമ്മാണം.

ഇന്ത്യയിൽ 75000ലധികം വരുന്ന വിവിധതരം ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായമേഖലയിൽ ഉൽപ്പാദിപ്പുക്കുന്നുണ്ട്. രണ്ടുലക്ഷം കോടി രൂപയുടെ ഉൽപ്പന്നങ്ങളാണ് ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നത്. അതിൽ 80,000 കോടി രൂപയുടെ സാധനങ്ങൾ കയറ്റുമതി ചെയ്യുന്നു. നമ്മുടെ പഞ്ചായത്തിനെ പത്തു വാർഡുകളിലായി ആയിരത്തിലധികം ആളുകൾ വ്യവസായ യൂണിറ്റ് തുടങ്ങാൻ സന്നദ്ധരാണെങ്കിലും പഞ്ചായത്തിൽ വിപണന സൗകര്യമുള്ള വസ്തുക്കളുടെ നിർമ്മാണത്തിന് മുന്നോട്ട് വരാത്ത അവസ്ഥ മാറ്റി എടുക്കേണ്ടതുണ്ട്. നമ്മുടെ യുവാക്കൾക്കിടയിൽ പുതിയ വ്യവസായ വികസനബോധം വളർത്തി എടുക്കാൻ പറ്റിയ സാഹചര്യം ഉണ്ടാക്കേണ്ടതാണ്

## വൻകിട വ്യവസായങ്ങൾ

1. മാത്തൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് കൊപ്ര സംസ്കരണ യൂണിറ്റ് സ്ഥാപിക്കാൻ സാധ്യതുണ്ട്.

2. മധുരകിഴങ്ങ് ഉപയോഗിച്ച് സ്റ്റാർച്ച് ഉൽപാദിപ്പിക്കുന്ന ഫാക്ടറി മറ്റു കാർഷിക വിളകളിൽ നിന്ന് സീസൺ അനുസരിച്ചുള്ള ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം

3. സ്വാക്ഷ് ( മാങ്ങ, പപ്പായ ) എന്നിവ ഉപയോഗിച്ച് സ്വാക്ഷ്.

4. മോഡേൺ റൈസ്മിൽ

5. പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിട വ്യവസായം തുടങ്ങുന്നതിനാവശ്യമായ സൗകര്യം ഉണ്ടാക്കുക.

കഞ്ചിക്കോട് വ്യവസായ മേഖല ഉപയോഗപ്പെടുത്തുന്ന വിധത്തിൽ ചെറുയൂണിറ്റുകൾ തുടങ്ങുകയും അതിന് സന്നദ്ധരായവർക്ക് പരിശീലനവും സാമ്പത്തിക സഹായവും മറ്റ് സൗകര്യങ്ങളും ചെയ്തു കൊടുക്കേണ്ടതാണ്.

ഇലക്ട്രോണിക്ക് യുഗത്തിലേക്ക് പോകാവുന്ന വിധത്തിൽ യുവാക്കൾക്ക് പരിശീലനം കൊടുക്കുകയും കഞ്ചിക്കോട് വ്യവസായ മേഖലകളിലുള്ള വ്യവസായ ശാലകളുടെ കരാർ പണി എടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുക.

ചകിരിയിൽ നിന്ന് ഫൈബർ (ഡി ഫൈബർ) ഉപയോഗിച്ച് കയർ കാർപറ്റ്, ചവിട്ടി എന്നിവ ഉണ്ടാകുന്ന ഫാക്ടറി.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. പ്ലാസ്റ്റിക്ക് വയർ കൊണ്ട് കുട്ട നിർമ്മാണം

2. കോഴി വളർത്തൽ

3. ക്ഷീരവ്യവസായ സഹകരണസംഘം

4. D.W.C.R.A യൂണിറ്റ്

5. തീപ്പെട്ടി നിർമ്മാണം

6. സഹകരണ ബീഡി വ്യവസായം

7. ബ്രഷ് നിർമ്മാണം

8. പൂച്ചെട്ടി വ്യവസായ അടിസ്ഥാനത്തിൽ വളർത്തൽ

## നിർദ്ദേശം

1. മാത്തൂർ പഞ്ചായത്ത് കേന്ദ്രീകരിച്ച് വ്യവസായ എസ്റ്റേറ്റ്

2. നെയ്ത്തു സഹകരണസംഘത്തിനുള്ള സബ്സിഡി യഥാസമയം വിതരണം ചെയ്യൽ

3. വ്യവസായ സംരംഭകരുടെ പട്ടിക പഞ്ചായത്തിൽ ശേഖരിച്ച് വിദഗ്ദ പരിശീലനം നൽകൽ

4. കരകൗശല രംഗത്ത് വിദഗ്ദ പരിശീലനം നൽകുന്നതിന് ഒരു ക്രാഫ്റ്റ് ഡവ: സെൻറർ തുടങ്ങാനുള്ള നടപടി സ്വീകരിക്കുക.

5. റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് നവീനരീതി, വിപണന സാധ്യതയെകുറിച്ച് ഒരു പരിശീലനം നൽകാനുള്ള പദ്ധതി.

6. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവരെ കണ്ടെത്തി പ്രോത്സാഹനം നൽകലും വ്യവസായം വിജയകരമായി നടത്തികൊണ്ടു പോകാൻ പറ്റിയ ദൈനം ദിന ബന്ധവും ആശയ വിനിമയവും നടത്തുക

7. വ്യവസായ കുറിച്ച് പഠിക്കുന്നതിന് വേണ്ടി ഒരു വ്യവസായ പഠന യാത്ര സംഘടിപ്പിക്കുക.

8. വ്യവസായത്തെ കേരളം പ്രസിദ്ധീകരണം പഞ്ചായത്തിൽ ലഭ്യമാക്കുക.

9. ഒരു സ്ഥിരം മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിക്കുക.

മുകളിൽ ചേർത്ത നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ചെറുകിട വ്യവസായരംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയും ചെറുകിട വ്യവസായ മേഖലയുടെ ഉൽപന്നങ്ങൾ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി മാറ്റാനു് തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനും ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും സാധ്യത നിലനിൽക്കുന്നുണ്ട് ജനങ്ങളുടെ സാമൂഹ്യസാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുവാനും പുതിയ ജീവിതാനുഭവങ്ങളിലൂടെ വികസന സംസ്കാരം വളർന്നു വരാനും ഇട നൽകുന്നതാണ്.

'രാജ്യസേവനത്തിൽ മുഴുകി മരിച്ചാലും
ഞാനതിൽ അഭിമാനം കൊള്ളും
എന്റെ ഒരോതുള്ളി രക്തവും
ഭാരതത്തിന്റെ ഐക്യത്തിനും
അഖണ്ഡതയേയും പരിപോഷിപ്പിക്കും.'

ഇന്ദിരാഗാന്ധി

# 9

# ഗതാഗതവും ഊർജ്ജവും

## ഗതാഗതം

മാത്തൂർ പഞ്ചായത്തിൽ നിലവിലുള്ള ഏതാനും വർഷങ്ങൾക്കുമുൻമ്പ് വരെ ഗതാഗതത്തിൻെറ അപര്യാപ്തത മൂലം ഒറ്റപെട്ട് കിടന്നിരുന്ന ഒരു പ്രദേശമാണ് മാത്തൂർ. എന്നാൽ N.H.47 മാത്തൂർ പഞ്ചായത്തിൻെറ സമീപത്ത് കൂടെ നിർമ്മിക്കപ്പെട്ടതും പഞ്ചായത്തിലെ റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപെടുത്തിയതും പഞ്ചായത്തിൻെറ മുഖചായ മാറ്റുവാൻ സഹായകമായി. എങ്കിലും ഒരു പരിധിവരെ മറ്റു പ്രദേശവും ആയി ബന്ധപെടുവാനുള്ള ഗതാഗതസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ ഇതുവരെ സാധിച്ചിട്ടില്ല.

കാളവണ്ടി ഗതാഗതത്തിൻെറ കാലഘട്ടത്തിനുശേഷം ആദ്യമായി മാത്തൂർ പഞ്ചായത്തിലൂടെ ഓടി തുടങ്ങിയത് അവിട്ടം മോട്ടോർസ് എന്ന കൽക്കരി ഉപയോഗിച്ചോടുന്ന ബസ്സാണ് ഇത് പാലക്കാട് മുതൽ പെരിങ്ങോടുകുറിശ്ശി വരെയാണ് ഓടിയത് തുടർന്നാണ് പെട്രോൾ ഡീസൽ എന്നിവ വാഹനങ്ങൾ ഓടി തുടങ്ങിയത്.

പഞ്ചായത്തിലൂടെ കടന്നുപോവുന്ന കുഴൽമന്ദം മങ്കരറോഡാണ് മറ്റ് പ്രദേശങ്ങളും ആയി പഞ്ചായത്തിനും ബന്ധിപ്പിക്കുന്ന പ്രധാന ഗതാഗതമാർഗ്ഗം ഈ റോഡ് അടുത്ത് കാലത്തായിരുന്നു വീതി കൂടിയത് പഞ്ചായത്തിൽ മേൽപറഞ്ഞ റോഡുകൂടാതെ രണ്ട് P.W.D. റോഡുകൾ കുടി കടന്നുപോവുന്നു. അമ്പാട് ആനിക്കോട് റോഡ്, ചുങ്കമന്ദം കണ്ണനൂർ റോഡ് എന്നിവയാണ്.

പഞ്ചായത്തിൽ മൊത്തം 60.K.M ഓളം റോഡുകൾ ഉണ്ട് എന്നാണ് കണക്ക് എന്നാൽ ഇതിൽ 45%ഓളം വാഹന ഗതാഗതത്തിനും അനുയോജ്യമല്ലാത്ത മൺറോഡുകളാണ്. മൊത്തം പഞ്ചായത്തിലെ റോഡുകളുടെ നീളത്തിൻെറ 28% P.W.D റോഡുകളാണ്. പഞ്ചായത്തിൻെറ റോഡുകൾ ഏകദേശം 43.3 K.M വരും ഇതിൽ 40% മാത്രമാണ് മെറ്റൽ ചെയ്യുകയൊ, ടാർ ചെയ്യുകയോ ചെയ്തിട്ടുള്ളത്. മൊത്തം പഞ്ചായത്ത് റോഡുകളുടെ 60%വും മൺറോഡുകളാണ്. ഇത് ഏകദേശം 26 K.M വരും എന്നാണ് കണക്കാക്കപെട്ടിരിക്കുന്നത്.

ചെറുതും വലുതുമായി 51 റോഡുകളാണ് പഞ്ചായത്തിൽ ഉള്ളത് ഇതിലധികവും നടവഴികൾ എന്ന് വിശേഷിപ്പിക്കാവുന്നവയാണ്. മെറ്റൽചെയ്യുകയോ ടാർ ചെയ്യുകയോ ചെയ്ത പഞ്ചായത്ത് റോഡുകളുടെ കണക്ക് താഴെ കൊടുത്തിട്ടുള്ളതാണ്

| റോഡിൻെറ പേര് | നീളം (മീറ്ററിൻെറ) | വീതി(ഫിറ്റിൻ)വാർഡ്) |
|---|---|---|
| പടിഞ്ഞാറെത്തറ റോഡ് | `1,200 | 14' |
| നടുത്തറ | 1,190 | 14' |
| ചുങ്കമന്ദം- കുത്തന്നൂർ | 1,610 | 14' |
| മാത്തൂർ- കാവ് | 1,810 | 14' |
| ചാത്തൻ കാവ്- പറയൻപടി | 1,610 | 14' |
| ആണ്ടിത്തറ | 2,410 | 14' |
| വിശാലം | 1,810 | 14' |

| | | |
|---|---|---|
| തണ്ണിരങ്കാട് | 800 | 12' |
| പഴയകുളം | 12,00 | 12' |
| ചിറക്കൽ വിശ്വലം | 500 | 10' |
| കോറാങ്കാട് | 500 | 19' |

**Source - Road Register**

ഇവ കൂടാതെ 36 മൺറോഡുകളും പഞ്ചായത്തിലുണ്ട് അവയുടെ ലിസ്റ്റ് താഴെ കൊടുത്തിരിക്കുന്നു.

| | റോഡിന്റെ പേര് | നീളം മീറ്റർ | വീതി | വാർഡ് |
|---|---|---|---|---|
| 1. | പൊടിക്കുളങ്ങര | 810 | 14 | |
| 2. | അഗ്രഹാരം | 600 | 13 | |
| 3. | മന്ദംപുള്ളികാവ് | 600 | 14 | |
| 4. | തെക്കുമുറി | 210 | 12 | |
| 5. | കിഴക്കേതറ | 1700 . | 14 | |
| 6. | തണ്ണീർ പന്തൽ | 100 | 12 | |
| 7. | പടിഞ്ഞാറെത്തറ വെസ്റ്റ് | 200 | 12 | |
| 8. | പൊടിക്കുളങ്ങര ഈസ്റ്റ് | 210 | 12 | |
| 9. | പയലിരികാവ് | 610 | 12 | |
| 10. | പടിഞ്ഞാറെത്തറ | 200 | 12 | |
| 11. | ചെരലികാട് | 410 | 12 | |
| 12. | കിഴക്കേത്തറ വെസ്റ്റ് | 200 | 12 | |
| 13. | താമരകുളം | 400 | 12 | |
| 14. | അഗ്രഹാരം നോർത്ത് | 400 | 12 | |
| 15. | കൊല്ലാട് | 1210 | 14 | |
| 16. | പാണത്തറ | 1610 | 12 | |
| 17. | ഉള്ളാട് | 400 | 12 | |
| 18. | കുത്തുപറമ്പ് | 800 | 12 | |
| 19. | നരിക്കോട് | 610 | 12 | |
| 20. | ആനിക്കോട് കാളികാവ് | 1000 | 12 | |
| 21. | കരിയങ്കോട് | 1010 | 14 | |
| 22. | കളപ്പക്കാട് | 800 | 12 | |
| 23. | മന്ദം തെക്കെത്തറ | 800 | 12 | |
| 24. | പെരിഞ്ഞിരങ്കാട് | 800 | 12 | |
| 25. | തണ്ണിരങ്കാട് ഇല്ലം | 610 | 12 | |

| | | |
|---|---|---|
| 26. | തണ്ണിരങ്കാട് രാംപറമ്പ് | 950 |
| 27. | കണകത്തറ | 400 |
| 28. | ചുങ്കമന്ദം തോട്കാട് | 700 |
| 29. | നെല്ലിയപറമ്പ് തൊണ്ണാംകാട് | 600 |
| 30. | കാളികാവ് ആനിക്കോട് | 200 |
| 31. | ആലതൊടി അത്താണി പറമ്പ് | 500 |
| 32. | കുന്നുംപറമ്പ് ഹരിജൻ കോളനി | 280 |
| 33. | കിഴക്കേത്തറ പെരിഞ്ഞിരംകാട് | 700 |
| 34. | കിഴക്കേകര | 400 |
| 35. | ആനയംകുണ്ട് | 530 |
| 36. | കുമുള്ളി തൊടി | 400 |

ആകെ പഞ്ചായത്ത് റോഡുകളുടെ നീളം എടുത്തു പരിശോധിച്ചാൽ അവയിൽ 43% റോഡുകൾക്ക് മാത്രമാണ് JRY പോലുള്ള പദ്ധതികൾക്ക് നിർദേശിക്കപെട്ടിട്ടുള്ള വീതി ഉള്ളു എന്ന് കാണാം. ഇത് പഞ്ചായത്തിന്റെ റോഡ് ഗതാഗത വികസനത്തെ ഒരു പരിധിവരെ ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ നേരിടുന്ന പ്രശ്നങ്ങളെ മൊത്തത്തിൽ ക്രോഡീകരിച്ചു രൂപരേഖ താഴെ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്കവാറും റോഡുകൾ നിർദേശിക്കപെട്ട 8-മീറ്റർ വീതി ഇല്ലാത്തവയാണ്. വിവിധ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയായതിനാൽ നിർദ്ദേശിക്കപെട്ട വീതി ലഭ്യമാവാൻ ബുദ്ധിമുട്ടുണ്ടാവുന്നു. ഇത് മൊത്തത്തിൽ റോഡുകളുടെ വികസനത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നു.
2. നിലവിലുള്ള പലറോഡുകളും ഗതാഗതത്തിന് പര്യാപ്തമല്ല ഇത് കാർഷിക വാണിജ്യ വികസനത്തിന് തടസ്സം സൃഷ്ടിക്കുന്നു.
3. പുരോഗമന സാധ്യതയുള്ള പലറോഡുകളും പൂർണ്ണമായും വികസിക്കപെട്ടിട്ടില്ല. ഉദാ:ആനിക്കോട് കുത്തനൂർ റോഡ്.
4. നിലവിലുള്ള സാധ്യമായ റുട്ടുകളിൽ ബസ് ഗതാഗതം സ്ഥാപിക്കപെട്ടിട്ടില്ല.
5. ജനസാന്ദ്രതയേറിയ, ചെങ്ങണിയൂർ കാവ് രാംപറമ്പ്, കൊല്ലാട്, നരിക്കോട് ഹരിജൻ കോളനി, മന്ദം, തൊടിയകാവ്, തെക്കേത്തറ, പെരിങ്കിരംകാട്, മന്ദംപുള്ളി പാറക്കൽ (അനയംകുണ്ട്, ചിറക്കൽ, ഉള്ളാട്, കൽനാട്ടുപറമ്പ്, ആലംതോട്, എന്നീ പ്രദേശങ്ങളിലേക്കുള്ള ഗതാഗത സൗകര്യമെച്ചമുള്ളതല്ല. രണ്ട് പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന ചുങ്കമന്ദം, കുത്തനൂർ റോഡു ഗതാഗത യോഗ്യമാക്കി ബസ്സ് സർവ്വീസ് പുനാരംഭിക്കണം.

പെരിയപാലം, മന്ദം റോഡു അടിയന്തരമായ ടാർ ചെയ്യുക. രണ്ട് പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്നു. പല്ലാഞ്ചാത്തനൂർ, കുഴൽമന്ദം റോഡു ഗതാഗതയോഗ്യമാക്കി ബസ്സ് സർവ്വീസ് പുനാരംഭിക്കണം താഴെ പറയുന്ന സ്ഥലങ്ങളിലേയ്ക്കു ട്രാൻസ്പോർട്ട് ബസ്സുകൾ അനുവദിക്കേണ്ടതാണ്.

തൃശ്ശൂർ, പെരിങ്ങോട്ടുകുറിശ്ശി, മാത്തൂർ, ചുങ്കമന്ദം,(Via) പാലക്കാട് to പെരിങ്ങോട്ടുകുറിശ്ശി, തിരുനെല്ലായ്, കണ്ണനൂർ, തച്ചങ്കാട്, പൂടൂർ

തോലനൂർ, പൂടൂർ, ആനിക്കോട്, കിഴക്കേത്തറ

## സാധ്യതകൾ

1. JRY പോലുള്ള പദ്ധതികൾക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വീതിയിൽ ഇളവുചെയ്തു കൊണ്ട്, ഒറ്റപെട്ട പലപ്രദേശങ്ങളിലേക്കും ഗതാഗതസൗകര്യം ഉണ്ടാക്കാം അതിനായി നിർദ്ദേശിക്കപ്പെട്ട വ്യവസ്ഥകളിൽ ഇളവു ചെയ്തുകൊണ്ട് നിയമനിർമ്മാണം ഉണ്ടാവണം.
2. ആനിക്കോട്-കുത്തനൂർ റോഡ് പ്രത്യേക പരിഗണന നൽകികൊണ്ട് വികസിപ്പിക്കുകയും പാലക്കാട് കുത്തനൂർ റൂട്ടിൽ സുഗമമായ ഗതാഗത സൗകര്യം ഉണ്ടാക്കുകയും ബസ്സ് റൂട്ട് സ്ഥാപിക്കുകയും ചെയ്യാം.
3. പഞ്ചായത്തിന്റെ കീഴിലുള്ള 38 ഓളം മൺറോഡുകൾക്കു പുറമെ ഒറ്റപ്പെട്ട പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന മൺറോഡുകൾകണ്ടെത്തി ജന പിന്തുണയോടുകൂടി, ഫണ്ടുകളുപയോഗിച്ച് ഗതാഗതയോഗ്യമാക്കാം
4. പാലക്കാടു നിന്നും മാത്തൂർ പ്രദേശത്തേക്ക് സാധ്യമായ ചുരുങ്ങിയ ദൂരം മാത്രമുള്ളവയും പാലക്കായടുമായി എളുപ്പം ബന്ധപെടാവുന്നവയുമായ കണ്ണനൂർ, അമ്പാട്, തച്ചൻകാട്, തിരുനെല്ലായ് വഴി ബസ്റൂട്ട് അനുവദിക്കാവുന്നതാണ്. ഇതുമൂലം പാലക്കാടുമായി നിലവിലുള്ള ദൂരത്തിൽ നിന്ന് ഏഴുകിലോമീറ്റർ ദൂരം കുറക്കാൻ സാധിക്കും.
5. അടിയന്തര പ്രധാന്യത്തോടുകൂടി ചെയ്ത് തീർക്കേണ്ട റോഡുകളുടെ സ്ഥിതി വിവരകണക്കുകൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ റോഡുകളിൽ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ അവപെട്ടെന്ന് ഉപയോഗശൂന്യമാകാതെ സംരക്ഷിക്കാം ഇതിൽ ജനപങ്കാളിത്വം നേടാവുന്നതാണ്.

| റോഡിന്റെ പേര് | ചെയ്യേണ്ടപണി | വാർഡ് |
|---|---|---|
| കൊല്ലാട് റോഡ് | വീതികൂട്ടി ടാറിടുക | I |
| കാവ് റോഡ് | ടാറിടൽ | I |
| കിഴക്കേകര റോഡ് | ടാറിടൾ | I |
| അഗ്രഹാരം റോഡ് | മെറ്റൽ | I |
| പറയൻപടി | ടാർ | II |
| ചുങ്കമന്ദം കുത്തനൂർ | ടാർ | II |
| വയറക്കാട് റോഡ് | ടാർ | II |
| തണ്ണിരങ്കാട് റോഡ് | ടാർ | III |
| നെല്ലിയം പറമ്പ് റോഡ് | ടാർ | III |
| മന്ദംപെരിയപ്പാലം റോഡ് | ടാർ | IV |
| ആണ്ടിത്തറ റോഡ് | ടാർ | IV |
| നരിക്കോട് റോഡ് | ടാർ | IV |
| തേനാംകാട് റോഡ് | വീതികൂട്ടി മെറ്റൽ ചെയ്യണം | V |
| കുത്തുപറമ്പ് തൊടിയകാവ് റോഡ് | ,, | VI |
| പെരിങ്കരംകാട് റോഡ് | ,, | VI |

| | | |
|---|---|---|
| കുന്നുപറമ്പ് | ടാർ | VI |
| പഴയകളംറോഡ് | " | VI |
| കിഴക്കെത്തറ റോഡ് | " | VI |
| പടിഞ്ഞാറെത്തറ റോഡ് | " | VII |
| പടിഞ്ഞാറെത്തറ റോഡ് | ,, | VII |
| ആശാരിത്തറ | ,, | VIII |
| ആനയംകണ്ടം | ,, | VIII |
| മന്ദംപുള്ളി | ,, | VIII |
| പൊടികുളങ്ങര | ,, | VIII |
| കോരാംകാട് | ,, | VIII |
| കണക്കത്തറ | ,, | IX |
| ചേരിങ്കൽ | ,, | IX |
| ആലാംകോട് | ,, | X |
| ആലാംതോട് | ,, | X |
| അയ്യപ്പൻകാവ് ചുണയങ്കാട് | ,, | X |
| ചിറക്കൽ പുഴ | ,, | X |
| കവറക്കുളം | ,, | X |
| ഉള്ളാട് | ,, | X |
| ചുണയക്കാട് | ,, | X |
| വിശാലം തറ | ,, | X |
| തെക്കുംമുറി | ,, | X |

പഞ്ചായത്തിലെ റോഡുകളിൽ ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുകയാണെങ്കിൽ അവ പെട്ടെന്ന് ഉപയോഗശൂന്യമാകതെ സംരക്ഷിക്കാം. ഇതിന് ജനപങ്കാളിത്വം തേടാവുന്നതാണ്.

# സമഗ്ര ഊർജ്ജാസൂത്രണം

## ഊർജ്ജം

വികസനത്തിൻെറ കാര്യത്തിൽ, പ്രധാന മാനദണ്ഡം വൈദ്യുതിയുടെ ഉപയോഗത്തെ ആശ്രയിച്ചാണ്. അതിനാൽ ആദ്യമായി വൈദ്യുതിയുടെ കാര്യത്തെ ക്കുറിച്ചു തന്നെ തുടങ്ങാം.

ഈ പഞ്ചായത്തിലേക്ക് മുഖ്യമായും വൈദ്യുതി വിതരണം നടക്കുന്നത് പറളി സബ്സ്റ്റേഷനിൽ നിന്നും വരുന്ന പാലക്കാട്, കൊടുവായൂർ ഫീഡർ വഴിയും ആണ്. പഞ്ചായത്തിൻെറ 50% കോട്ടായി ഇലക്ട്രിക്കൽ സെക്ഷൻെറ പരിധിയിലും 30% കുഴൽമന്ദം സെക്ഷൻെറ പരിധിയിലും 20% മേലാമുറി സെക്ഷൻെറ പരിധിയിലും ആണ് ഉൾപ്പെടുന്നത്. പ്രസ്തുത മൂന്ന് സെക്ഷൻെറ കീഴിലുമായി. ഈ

പഞ്ചായത്തിൻ 18 ട്രാൻസ്ഫോമറുകൾ നിലവിലുണ്ട്. ഉടൻ പ്രവർത്തനം ആരംഭിക്കാൻ സാദ്ധ്യത ഉള്ള ചാത്തൻകാവിൽ സ്ഥാപിച്ച ട്രാൻസ്ഫോർമർ ഉൾപ്പെടെ അനുമതി ലഭിച്ചു കഴിഞ്ഞത് 5 ട്രാൻസ്ഫോർമറുകൾ. സ്ഥാപിക്കാനുണ്ട്. മന്ദം പുള്ളിയും നെല്ലിയംപറമ്പും, ചിറയ്ക്കൽ, കൽനാട്ടുപറമ്പുമാണ് മറ്റു നാലു സ്ഥലങ്ങൾ വോൾട്ടേജിൽ കമ്മി രൂക്ഷതയേറിയ പ്രശ്നമായി നിലനിൽക്കുന്നില്ലെങ്കിലും നാലാം വാർഡിൽപ്പെടുന്ന കാടൻതൊടി, മുച്ചിക്കൽ പ്രദേശങ്ങളിലും 9-ാം വാർഡിൽപ്പെടുന്ന മന്ദത്തു പറമ്പ്, ചെറുവള്ളികാട് പ്രദേശങ്ങളിലും 1-ാം വാർഡിലെ ചെങ്ങണിയൂർകാവ്, പറയൻപടി ഭാഗങ്ങളിലും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ 580 ഓടിട്ടതും ടെറസ്സും ആയിട്ടുള്ള വീടുകളിൽ 3165 എണ്ണ് വൈദ്യുതികിരച്ചിട്ടുണ്ട്. രജിസ്ട്രർ ചെയ്ത 186 കണക്ഷനുകൾ ഇനി ലഭിക്കാനുണ്ട് പഞ്ചായത്തിൽ ആകെ 500 സ്ട്രീറ്റ് ലൈറ്റുകൾ ഉള്ളതിനാൽ 408 ഓർഡിനറി ബൾബും 80 ട്യൂബും 12 സോഡിയം വേപ്പർ ബൾബും ആണ് പലകാരണങ്ങൾ കൊണ്ടാണെങ്കിലും കാൽഭാഗവും സ്ട്രീറ്റ് ലൈറ്റുകൾ കത്താറില്ല എന്നതൊരു സത്യമാണ്. നിലവിലുള്ള വൈദ്യുതി കണക്ഷനുകളെ സംബന്ധിച്ച് സ്ഥിതിവിവരകണക്കുകൾ പട്ടിക 1 ൽ ചേർത്തിയിരിക്കുന്നു.

### പട്ടിക 1

| നമ്പർ | സ്ഥിതിവിവരങ്ങൾ | എണ്ണം | അനുമതി ലഭിച്ചത് സ്ഥാപിക്കാനുള്ളത് |
|---|---|---|---|
| 1. | ട്രാൻസ്ഫോർമറുകൾ | 18 Nos | 4 Nos |
| 2. | 11 കെ.വി. ലൈൻ | 16 Km | 3 km |
| 3. | ത്രീ ഫൈസ് ലൈൻ | 16 Km | 3.5 Km |
| 4. | സിംഗിൾ ഫേല്ലൈൻ | 66 Km | 5 km |
| 5. | ഗാർഹിക ഉപകരണങ്ങൾ | 3165 Nos | 186 Nos |
| 6. | വ്യാപാര കണക്ഷൻ | 411 Nos | -- |
| 7. | വ്യാവസായിക കണക്ഷൻ | 59 Nos | 3 Nos |
| 8. | കാർഷിക കണക്ഷനുകൾ | 272 Nos | 7 Nos |
| 9. | സ്ട്രീറ്റ് ലൈറ്റ് ഓർഡിനറി | 408 Nos | 40 Nos |
| | ട്യൂബ് | 80 Nos | |
| | സോഡിയം വേപ്പർ | 12 Nos | |

## വൈദ്യുതി സംബന്ധിച്ചപ്രശ്നങ്ങൾ

ഈ പഞ്ചായത്തിലെ എല്ലാവാർഡിലും പുതിയതായി സ്ട്രീറ്റു ലൈറ്റുകൾ സ്ഥാപിക്കാനുണ്ട് മാത്രമല്ല മിക്കവാർഡുകളിലും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നുണ്ട്. ഹരിജൻ കോളനിയിലെ മിക്കവീടുകളും ഇനിയും വൈദ്യുതികരിക്കാനുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾ മുഴുവനായും കത്തുന്നില്ല. മുഖ്യമായും മേൽപ്രതിപാദിച്ച കാര്യങ്ങളിൽ ഒതുങ്ങിനിൽക്കുന്നതാണ് പഞ്ചായത്തിലെ വൈദ്യുതിപ്രശ്നങ്ങൾ വാർഡ് തലത്തിൽ പ്രസ്തുത പട്ടിക 2 ൽ കൊടുത്തിട്ടുണ്ട്.

പട്ടിക (2)4

## സ്ട്രീറ്റ് ലൈറ്റുകൾ

വാർഡ് 1- കാക്കാംപൊറ്റ, കിഴക്കേക്കര,

വാർഡ് 2- കുമൻകാട് , മേലേപ്പുര, ആശുപത്രിയുടെ മുൻപിൽ സോഡിയം വേപ്പർലാംബ്

വാർഡ് 3- രാംപറമ്പ്, തോടുകാട്, കുന്ദംപറമ്പ്, നെല്ലിയംപറമ്പ്, പെരിയപ്പാലം മുതൽ തണ്ണീരംകാട് വരെ.

വാർഡ് 4 നൊടുങ്ങാടി ബാങ്ക് വടക്കുനാഥക്ഷേത്രം എന്നിവിടങ്ങളിൽ സോഡിയംലാപ്പ്, മന്ദംപെരിയ പ്പാലം റോഡ്, ആണ്ടിത്തററോഡ്, കാടൻതൊടി മുച്ചിക്കൽ, പനയ്ക്കപറമ്പ് (ഉൾപ്രദേശം).

വാർഡ് 5 കിഴക്കേപ്പുര, തൊടിയക്കാവ്, കുളപ്പറമ്പ്, തേക്കിൻകാട്, കുളക്കാട്

വാർഡ് 6 കുമുള്ളിതൊടി, വേങ്ങരപ്പറമ്പ്, ഉള്ളാട് കളം, കളരിക്കൽ

വാർഡ് 7 ആശാരിതറയ്ക്ക് മുമ്പിൽ സോഡിയംലാപ്പ്, ഇരപ്പിക്കൽ, കുളപ്പുരതൊടി, പടിഞ്ഞാറെതൊടി,

വാർഡ് 8 പാറയ്ക്കൽ ആനിക്കോട് ( പാറയ്ക്കൽ , പൊടിക്കുളങ്ങരി).

വാർഡ് 9 തച്ചങ്കാട് , ചുണ്ടയക്കാട്, പൊതിമടം, വടക്കേകാട്,

വാർഡ് 10 കാളികാവ് അമ്പലം മുതൽ തറവരെ, കൽനാട്ടു പറമ്പ്, ആണ്ടിക്കുളങ്ങര.

## വീടു വൈദ്യുതീകരണം

വാർഡ് 1 കിഴക്കേതറ, കക്കാംപൊറ്റ

വാർഡ് 2- മേലേപ്പുര, കവറതറ, ഒഴയാടി

വാർഡ് 3- തോടുകാട്, കുന്ദംപറമ്പ്, രാംപറമ്പ്

വാർഡ് 4 ആണ്ടിത്തറ, കാടൻതൊടി

വാർഡ് 5 കൂത്തുപറമ്പ്, കുറ്റപ്പട്ടി, കോഴിക്കാട്ട്, കിഴക്കേപ്പുര,

വാർഡ് 6 ചക്കുന്നം, കുന്നംപറമ്പ്, പഴയകളം, ഇളയാട്ടുകളും, പെരിങ്കരംകാട്

വാർഡ് 7 തേക്കിൻകാട്, ഇരപ്പയ്ക്കൽ, പടിഞ്ഞാറെതൊടി,

വാർഡ് 8 പാറയ്ക്കൽ പൈലേരി പറമ്പ്, കളരിക്കൽ, ചൊക്ലം കേലത്ത്

വാർഡ് 9 കളഓടിക്കുന്നം, അരുമ്പിൽകൊല്ലത്തറ, തെക്കുമുറി, അയ്യപ്പൻകാവ്

വാർഡ് 10 ചിറയ്ക്കൽ, കൽനാട്ട് പറമ്പ്, അഞ്ചുകുളങ്ങര.

## വോൾട്ടേജ് ക്ഷാമം

വാർഡ് 1 - ചെങ്ങണിയൂർ കാവ്

വാർഡ് 2- കുമൻകാട് , ചാത്തൻകാവ്,

വാർഡ് 3- നെല്ലിയംപറമ്പ്,

വാർഡ് 4- കാടൻതൊടി, മുച്ചിക്കൽ,

വാർഡ് 5 Nil

വാർഡ് 6 Nil

വാർഡ് 7 Nil

വാർഡ് 8 മന്ദംപുള്ളി

വാർഡ് 9 മന്ദത്ത് പറമ്പ്

വാർഡ് 10 ചിറയ്ക്കൽ

## പരിഹാരമാർഗ്ഗങ്ങൾ

### 1. സ്ട്രീറ്റ് ലൈറ്റ്

തെരുവ് വിളക്കുകൾ സ്ഥാപിക്കുനവാനുള്ള ഇലകട്രിസിറ്റി ബോർഡിന്റെ നടപ്പു പദ്ധതികൾ വഴി തന്നെ കുറെ പരിഹരിക്കാവുന്നതാണ്. വർഷത്തിൽ 12 എണ്ണം വീതം നൽകുന്നു.

നോർമൽ ഡവലപ്മെന്റ് സ്കീമിൽ 95 96, 96 97, വർഷത്തെ 24 എണ്ണം ഉൾപ്പെടുത്താവുന്നതാണ്. പിന്നെ 4/90 ൽ മിനിമം ഗ്യാരൻറിപ്രകാരം 40 സ്ട്രീറ്റ് ലൈറ്റുകൾ 3 കിലോ മീറ്റർ ലൈൻ വലിച്ച് സ്ഥാപിക്കുവാൻ അനുമതിക്കായി 4/92 ൽ ഉണ്ട്. പിന്നീട് അത്യാവശ്യം വരുന്ന മേഖലകളിൽ OYEC സ്ക്കീം പ്രകാരം ചെയ്യേണ്ടതാണ്. ഇനി നാല് സെൻറിൽ കൂടി സോഡിയം വിളക്കുകൾ സ്ഥാപിക്കുവാൻ നടപടികളുമായി മുന്നോട്ട് പോകുന്നുതാണ്.

### 2. വീട് വൈദ്യുതീകരണം

മിക്കവാറും എല്ലാ വാർഡുകളിലും 200 മീറ്റർ മുതൽ 500 മീറ്റർ വരെലൈൻ വലിച്ച് വൈദ്യുതി എടുക്കേണ്ട പ്രദേശങ്ങൾ ഉണ്ട്.

### 3. വോൾട്ടേജ് ക്ഷാമം

ചാത്തൻകാവ് നെല്ലിയം പറമ്പ്, മന്ദംപുള്ളി, ചിറയ്ക്കൽ എന്നിഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനുള്ള സ്കീമുകൾക്ക് ഇലക്ട്രിസിറ്റി ബോർഡിന്റെ നടപ്പു പദ്ധതി അനുമതി ലഭിച്ചതും ചാത്തൻകാവ് ഭാഗത്തെ പുതിയട്രാൻസ് ഫോർമർ ചാർജ്ജ് ചെയ്യുവാനും മറ്റും അനുമതിലഭിച്ച സ്കീമുകൾ നടപ്പിലാക്കുവാനും. കെ. എസ്. ഇ. ബിയോട് ആവശ്യപ്പെടുന്നതാണ്. അതിനുപുറമെ ചെങ്ങണിയൂർ കാവ്, കാടൻതൊടി, മൂച്ചിക്കൽ, മന്ദത്തു പറമ്പ് എന്നീ ഭാഗങ്ങളിൽ കൂടി വോൾട്ടേജ് കമ്മി പരിഹരിക്കാൻ പുതിയ ട്രാൻസ്ഫോർമർ ഉൾപ്പെടെയുള്ള പദ്ധതികൾ തയ്യാറാക്കാൻ ആവശ്യപ്പെടുന്നതാണ്.

## ബയോഗ്യാസ്

പഞ്ചായത്തിൽ ചിലവ്യക്തികൾ അവരുടെ പാചകാവശ്യത്തിനായി ഉപയോഗിക്കുന്ന ഏകദേശം 106 ഗോബർ ഗ്യാസ് പ്ലാൻറുകൾ നിലവിലുള്ളു. കേന്ദ്രീകൃത രീതിയിൽ ബയോഗ്യാസ് പദ്ധതിക്ക് സാധ്യത കുറവാണ് എങ്കിലും ചെങ്ങണിയൂർ കാവ്, നെല്ലിയം പറമ്പ്, നാരക പറമ്പ്, തോട്കാട് മേഖലകളിൽ പശുവളർത്തൽ ഉള്ളതുകൊണ്ട്, ചാണകലഭ്യത കണക്കിലെടുത്ത് ഗോബർഗ്യാസിന് പ്രോത്സാഹനം നൽകാവുന്നതാണ്.

### 1. ഭക്ഷത കൂടിയ അടുപ്പ് ഊർജ്ജസംരക്ഷണം

പഞ്ചായത്തിൽ മാത്രമെ മണ്ണെണ്ണ പാചക ഇന്ധനമായി ഉപയോഗിക്കുന്നുള്ളു പിന്നെ 210 പേർ ഗ്യാസ് കണക്ഷൻ ലഭിച്ചവരാണ്. ബാക്കി പേർ വിറകിനെ മാത്രം മുഖ്യ പാചക ഇന്ധനമായി ഉപയോഗിക്കുന്നവരാണ്. അവരുടെ ഭാഗത്തേക്കുള്ള വൈദ്യുതീകരണത്തിന് സ്പെഷൽ പ്രയോറിറ്റി ലഭ്യമാക്കാനുള്ള ശ്രമം തുടരുന്നതാണ്. ലൈൻ വന്നു കഴിഞ്ഞാൽ സ്ട്രീറ്റ് ലൈറ്റിനും ശ്രമിക്കുന്നതാണ്. ആയതിനാൽ ഭക്ഷത കുടിയഅടുപ്പിന്റെ പ്രവർത്തനം നടപ്പിലാക്കലും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരെത്യാവശ്യമാണ്. നാളിതുവരെ സുമാർ 80 പരിഷത്ത് അടുപ്പുകൾ മാത്രമാണ് പഞ്ചായത്തിൽ സ്ഥിപിച്ചിരിക്കുന്നത്. പ്രാഥമിക ഘട്ടമെന്ന നിലയിൽ ഒരു വർഷത്തിനുള്ളിൽ 1000 ഭക്ഷത കുടിയ അടുപ്പുകൾ സ്ഥാപിക്കുവാനുള്ള സ്കീം ഉണ്ടാക്കാനും അതിന് വേണ്ടുന്ന പൈപ്പുകൾ മോൾഡുകൾ, എന്നിവ പഞ്ചായത്ത് മുഖേന വിതരണം ചെയ്യുന്നതിനും പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചു.

## കോംപാക്റ്റ് ഫ്ലൂറിസെൻറ് ലാംപുകളുടെ ഉപയോഗം

ഇലക്ട്രസിറ്റി ബോർഡിൻെറയും IRTC മൂണ്ടൂർൻെറയും സഹകരണത്തോടെ പഞ്ചായത്തിലെ നാളിതുവരെ കണക്ഷൻ ലഭിച്ച 3165 വീടുകളിലും പുതുതായി കണക്ഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന വീടുകളിലും CFL ബൾബുകൾ ഉപയോഗിക്കാനുള്ള പ്രചരണം നൽകുവാനും വർഷത്തിൽ 500 വീടുകൾ എന്ന തോതിൽ പഞ്ചായത്തിൽ മുഴുവൻ വീടുകളിലും CFL ഉപയോഗം നടപ്പിലാക്കാൻ പഞ്ചായത്ത് ബോർഡ് ജനപങ്കാളിത്തോടെ ശ്രമിക്കുന്നതാണ് ആകെ 5801 ഓടിട്ടതോ, ടെറസ്സോ, ആയ വീടുകളും 528 ഓലപ്പുരകളും ആണ് പഞ്ചയത്തിലുള്ളത്. അതിൽ ഏകദേശം 1800 വീടുകൾ ഇനിയും വൈദ്യുതീ കരിക്കാനുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൻെറ നിലവിലുള്ള സ്കീം പ്രകാരം 200 മീറ്റർ താഴെ ലൈൻ വലിച്ച് കൊടുക്കാവുന്ന ഹരിജൻ വീടുകളിൽക്കവൈദ്യുതി എത്തിക്കാൻ നടപ്പുവർഷത്തിൽ തന്നെ നടപടികൾ സ്വീകരിക്കുന്നതാണ്. അതിനുപുറമെ ഉഴയാടി പോലുള്ള പത്തിൽ കൂടുതൽ ഹരിജൻ കുടുംബങ്ങൾ താമസികുന്ന ഈ പഞ്ചായത്തിലെ മുഴുവൻ പ്രദേശവും പ്രത്യേകഘടകപദ്ധതിയിലോ കോളനികളായോ അംഗീകാരം തേടുവാനും വൈദ്യുതി എത്തിക്കുവാനും, സ്ട്രീറ്റ് ലൈറ്റുകൾ ലഭ്യമാക്കാനുംഉള്ള നടപടികളുമായി മുന്നോട്ട് പോകേട്ടതുണ്ട്. 10 ാം വാർഡിലെ കൽനാട് പറമ്പ് 8 ാം വാർഡിലെ പാറയ്ക്കൽ എന്നീ ഹരിജൻ കോളനികൾ അംഗീകാരം ലഭിക്കുകും വൈദ്യുതീകരണ സംരഭവുമായി ഇലകട്രിസിറ്റി അധികൃതർ മുന്നോട്ട് പോകുന്നുമുണ്ട്. ഓന്നോ, രണ്ടോ, മുറികൾ മാത്രം ഉള്ള വീടുകളിൽIRDP യിൽ പ്പെടുന്നവരും ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ മുഖേന നിർദ്ദേശിക്കുന്ന വീടുകളിൽ കുടീൽ ജ്യോതി സ്കീം പ്രകാരം സിംഗിൾ ബൾബ് കണക്ഷൻ കൊടുക്കാവുന്നതാണം അതിനും വാർഡ് തലത്തിൽ എണ്ണം തിട്ടപ്പെടുത്തി മേൽ നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. മേലേപ്പുര ഭാഗത്തുള്ള 35 കുടുംബങ്ങൾ മിനിമം ഗ്യാരൻറി എഗ്രിമെൻറിൻെറ സ്കീമിൽ പ്പെട്ടവരാകയാൽ വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും വീടുകളിലെ ദുരുപയോഗം തടയാനും, അപകടങ്ങൾ ഇല്ലാതാകുവാനും വൈദ്യുതി ബോർഡിൻെറ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കണം.

## ഭക്ഷത കുടിയ മണ്ണെണ്ണ സ്റ്റൗവുകൾ

ANERT, IRTC, എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടെ മണ്ണെണ്ണ പാചകത്തിനായി ഉപയോഗി ക്കുന്ന വീടുകളിൽ ഭക്ഷത കൂടിയ മണ്ണെണ്ണ അടുപ്പുകൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുകയും ചെയ്യാൻ തിരുമാനിച്ചു.

## കാറ്റാടി യന്ത്രങ്ങൾ

തണ്ണിക്കോട്, വെട്ടികാട് എന്നീ ഭാഗങ്ങളിൽ താരതമ്യേന ശക്തിയുള്ള കാറ്റ് ലഭിക്കാൻ സാധ്യത ഉള്ളതിനാൽ പമ്പിംഗിന് കാറ്റാടിയന്ത്രം ഉപയോഗിക്കുവാൻ പറ്റുമോ എന്ന് പരീക്ഷണം നടത്താൻ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെടാനും സാധ്യത ഉണ്ടെങ്കിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്ന തുമാണ്.

## സൗരോർജ്ജം

പഞ്ചായത്തിൽ അധികവും നിരപ്പായ സ്ഥലമാണ് ആയതിനാൽ വൈദ്യുതി ലൈൻ വലിക്കാൻ താരതമ്യേന പ്രയാസം കുറവാണ്. അതുകൊണ്ട് സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം പഞ്ചായത്തിൽ കുറവാണ്. ആവശ്യവും കാണുന്നില്ല മറിച്ച് സൗരോർജ്ജ ഹീറ്ററുകൾ എന്നിവയുടെ ഉപയോഗത്തെ കുറിച്ച് പ്രചരിപ്പിക്കാനും അതിൻെറ ഉപയോഗം നടപ്പിലാക്കാനും എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജനപങ്കാളിത്വത്തോടെ പ്രവർത്തനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. വിറക്, മണ്ണെണ്ണ വൈദ്യുതി എന്നിവയുടെ ഉപയോഗത്തിൽ കാര്യമായ കുറവ് വരുത്താൻ സഹായിക്കുന്ന പദ്ധതിയാണിത്.

## സ്ട്രീറ്റ് ലൈറ്റുകൾ മുഴുവൻ കത്തിക്കാൻ

ഇലക്ട്രിസിറ്റി ബോർഡിൻെറ സഹകരണത്തോടെ ജനപങ്കാളിത്വത്തോടെ ഈ പഞ്ചായത്തിനെ മുഴുവൻ തെരുവ് വിളക്കുകളും കത്തിക്കാനുള്ള പദ്ധതി ആസൂത്രണം ചെയ്യണം.

പൊതുസർവ്വീസ് എന്ന നിലക്ക് തെരുവ് വിളകക് കറൻെറ ചാർജ്ജ് പഞ്ചായത്തിനെ ഒഴിവാക്കേ ണ്ടതാണ്.

## പ്രസരണ നഷ്ടം കുറക്കാൻ

പ്രസരണ നഷ്ടം കുറക്കാനുള്ള ബോർഡിൻെറ സാങ്കേതിക പ്രവർത്തനങ്ങളിൽ പൂർണ്ണ ജനപങ്കാ ളിത്വം ഉറപ്പാക്കുകയും ഒരു വർഷത്തിനകം പ്രവർത്തന നഷ്ടം കഴിയുന്നത്ര കുറക്കാനുള്ള പദ്ധതിയും ആസൂത്രണം ചെയ്യണം

# 10

# ഭവന നിർമ്മാണവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസ സാംസ്കാരിക രംഗങ്ങളിൽ വളരെ അധിക ഉയർന്ന നിലവാരം പുലർത്തുന്ന ഈ ഗ്രാമപഞ്ചായത്ത് മാത്തൂർ 1, 2 വില്ലേജുകൾ ചേർന്നതാണ്. വയലേലകളാൽ സമൃദ്ധമായ ഈ പഞ്ചായത്ത് കാർഷിക വൃത്തിമാത്രം ജീവിധോപാദിയാക്കിയ ചെറുകിട കർഷകരും കർഷക തൊഴിലാളികളും ചേർന്നതാണ് ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾ. അതുകൊണ്ടുതന്നെ ഇടത്തരം വീടുകളും കുടികളും ആണ് ഭൂരിപക്ഷം എല്ലാ വാർഡുകളിലും കാണുന്നത്. പാർപ്പിട പ്രശ്നമാണ് സാമൂഹിക വികസനരംഗത്ത് പ്രാഥമികമായി പരിഹരിക്കപ്പെടേണ്ടത്. അതുകൊണ്ട് ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ആദ്യമായി അവർക്ക് ലഭിക്കേണ്ടത് സ്വന്തമായ ഒരു തുണ്ടുഭൂമിയാണ്. അതിനായി പഞ്ചായത്തിന്റെ ഓരോ വാർഡിന്റേയും വിവിധ ഭാഗങ്ങളുടെ മിച്ചഭൂമി സർക്കാർ അധീനതയിലുള്ള പുറംപോക്ക് സ്ഥലങ്ങളും ഈ ആവിശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. പാർപ്പിട പ്രശ്ന പരിഹാരത്തിനായി ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഉണ്ട്. ഈ സംഘം ഇപ്പോൾ പ്രവർത്തന രഹിതമാണ്. അതുകാരണം ദുർബലർക്കും ഇടത്തരക്കാർക്കും വീടുവെയ്ക്കാനും കേടുവന്ന വീടുകൾ പുതുക്കിപണിയാനും സഹായങ്ങളോ വായ്പകളോ ലഭ്യമാവാതെ വളരെ അധികം ബുദ്ധിമുട്ടുന്നു.

എന്നാൽ സർക്കാർ ഭവന നിർമ്മാണ ബോർഡ് മുഖാന്തിരം ഭവന വായ്പ ലഭ്യമാവുന്നത് ചുരുക്കം ദുർബല വിഭാഗക്കാർക്ക് മാത്രമാണ്. ഭവന നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രഹികളുടെ വിലക്കയററവും സാധനങ്ങളുടെ ദൗർലഭ്യവും നിർമ്മാണ ഘട്ടങ്ങളിൽ വളരെ അധികം ദോഷകരമാവുന്നുണ്ട്. അതിനാൽ കെട്ടിട നിർമ്മാണത്തിനാവശ്യമായ ഇഷ്ടിക, കരിങ്കല്ല്, മരസാധനങ്ങൾ മുതലായവ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ മുഖേന മിതമായ നിരക്കിൽ ലഭിക്കുകയാണെങ്കിൽ ഗുണഭോക്താക്കൾക്ക് വളരെ ഗുണകരമായിരിക്കും.

പഞ്ചായത്തിലെ 6313 വീടുകളിൽ 5911 വീടുകൾ ഓട് ഇട്ടതും, 286 വീടുകൾ കോൺക്രീററ് മേൽക്കൂരയും, 88 വീടുകൾ ഓലമേഞ്ഞവയും ബാക്കിയുള്ള 28 എണ്ണം കുടിലുകളുമാണ്.

സർക്കാറിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം പഞ്ചായത്തിൽ 1984 85 കാലഘട്ടം മുതൽ 1995 96 കാലം വരെ 1ഉം 2ഉം വില്ലേജുകളിലായി 10 വാർഡുകളിലായി ലഭ്യമാക്കിയിട്ടുള്ള വീടുകൾ ആകെ 334 ആണ്. എന്നാൽ ഇത്തരം പദ്ധതി പ്രകാരം വീടുകൾ ലഭിക്കുവാൻ അർഹരായവർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ടെങ്കിലും, ഈ പദ്ധതിയെക്കുറിച്ച് ബോധവാന്മാരല്ല.

സർക്കാറിന്റെ വിവിധ ഭവന നിർമ്മാണ പദ്ധതി പ്രകാരം പഞ്ചായത്തിൽ നിർമ്മിച്ച വീടുകളെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

## പട്ടിക 1

| | മാത്തൂർ I | | | | | മാത്തൂർ II | | | | |
|---|---|---|---|---|---|---|---|---|---|---|
| Year | NREP | RLEGP | JRY | MWS | IAY | NREP | RLEGP | JRY | MWS | IAY |
| 1984-85 | -- | -- | -- | -- | -- | 10 | -- | -- | -- | -- |
| 1985-86 | 25 | 20 | -- | -- | -- | 15 | -- | -- | -- | -- |
| 1986-87 | -- | 15 | -- | -- | -- | 9 | -- | -- | -- | -- |
| 1987-88 | 10 | 5 | -- | -- | -- | 5 | 5 | -- | -- | -- |
| 1988-89 | 20 | 5 | -- | -- | -- | 5 | 4 | -- | -- | -- |
| 1989-90 | -- | -- | -- | -- | 8 | -- | -- | -- | -- | 3 |
| 1990-91 | -- | -- | -- | 12 | 1 | -- | -- | -- | 13 | 5 |
| 1991-92 | -- | -- | -- | 3 | 5 | -- | -- | 2 | 3 | 1 |
| 1992-93 | -- | -- | 3 | 6 | 1 | -- | -- | 1 | 8 | 3 |
| 1993-94 | -- | -- | 2 | 10 | 2 | -- | -- | 1 | 6 | 1 |
| 1994-95 | -- | -- | 4 | -- | 10 | -- | -- | -- | 13 | -- |
| 1995-96 | -- | -- | 3 | 3 | 23 | -- | -- | -- | 5 | 20 |
| Total | 55 | 45 | 12 | 34 | 50 | 44 | 9 | 4 | 48 | 33 |

മാത്തൂർ I വില്ലേജ് 196 }
മാത്തൂർ II വില്ലേജ് 138 } 334 വീടുകൾ

ദുർബല വിഭാഗക്കാർക്കുള്ള വീടുകൾ നിർമ്മിക്കുന്നതോടൊപ്പം, ആ വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലുള്ള കേടുപാടുകൾ സംഭവിച്ച വീടുകളുടെ അററകുററ പണികൾ ചെയ്ത് തീർക്കേണ്ടത് ആവിശ്യമാണ്. ഈ ആവിശ്യത്തിലേക്കായി എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും വായ്പ നൽകുവാനുള്ള സൗകര്യം ഉണ്ടായിരിക്കണം.

ഭവന നിർമ്മാണ രംഗത്തെ വിദഗ്ദ അവിദഗ്ദ തൊഴിലാളികളുടെ വർദ്ദിച്ച കൂലി നിരക്കും നിർമ്മാണ സാമഗ്രികളും അമിതമായ വിലക്കയററം കാരണം സർക്കാർ ബ്ലോക്ക് ഓഫീസ് മുഖേന വീടിനു നൽകുന്ന RLEGP, JRY, NREP, IAY, MWS എന്നീ സാമ്പത്തിക സഹായ പദ്ധതികളുടെ വായ്പ പരിധിയും കാലാനുസൃതമായി ഉയർത്തേണ്ടതാണ്. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പ വർദ്ധിപ്പിക്കുന്നതോടൊപ്പം ഗുണഭോക്താക്കൾക്ക് അവ ലഭിക്കുന്നതിനുള്ള സാങ്കേതിക, സാമ്പത്തിക ബുദ്ധിമുട്ടുകൾ ഒഴിവാക്കേണ്ടതാണ്.

പൂർണ്ണമായെല്ലെങ്കിലും ഈ പഞ്ചവത്സര പദ്ധതി അവസാനിക്കുന്നതിനിടയിൽ എല്ലാവിധ സാങ്കേതിക ബുദ്ധിമുട്ടുകളും പാർപ്പിട പ്രശ്നങ്ങളും പരിഹരിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള ഭവന നിർമ്മാണ സഹകരണ സംഘങ്ങളും യുവജന സന്നദ്ധ സംഘടനകളും ഗുണഭോക്താക്കളും ഒത്തൊരുമിച്ച് പ്രവർത്തിക്കണം. എങ്കിൽ മാത്രമെ സമൂഹത്തിലെ പ്രാഥമികമായ പാർപ്പിട പ്രശ്നം പരിഹാരമെന്ന നമ്മുടെ ലക്ഷ്യം സഫലീകരിക്കപ്പെടുകയുള്ളു.

## സാമൂഹ്യക്ഷേമം

സമൂഹത്തിലെ ദാരിദ്രരേഖയ്ക്കു താഴെയുള്ള ദുർബ്ബലജന വിഭാഗങ്ങളെ ഉദ്ധരിച്ച്, ദാരിദ്ര നിർമ്മാർജ്ജനം ചെയ്യുവാനുള്ള സർക്കാറിൻെറ ക്ഷേമപ്രവർത്തന പദ്ധതികളാണ് സാമൂഹ്യക്ഷേമ വകുപ്പ് മുഖാന്തിരം നടപ്പിലാക്കിവരുന്നത്.

ദാരിദ്ര നിർമ്മാർജ്ജനമെന്ന ലക്ഷ്യത്തോടുകൂടിയ ക്ഷേമപദ്ധതികൾക്കു പുറമെ, വനിതകളുടെയും സാമുദായികമായി സമൂഹത്തിന്റെ അടത്തിട്ടിലുള്ള പട്ടികജാതി മററുപിന്നോക്ക വിഭാഗത്തിൽപ്പെട്ട ദുർബ്ബല ജനവിഭാഗങ്ങളുടെ വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്കും ഈ പദ്ധതിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്.

അതിനുപുറമെ സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ, തൊഴിലാളികളുടേയും, തൊഴിലുടമകളുടേയും സഹകരണത്തോടുകൂടി ക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികൾ ഈ പഞ്ചായത്തിൽ നാമമാത്രയാണെങ്കിലും, ജനങ്ങൾ പരമാവധി ഉപയോഗപ്പെടുത്താറണ്ട്. എന്നാൽ ഓരോ പദ്ധതിയെക്കുറിച്ചുള്ളശ അറിവല്ലായ്മ കാരണം, ഈ പദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാസമയത്ത് ഗുണഭോക്താക്കൾക്ക് ലഭിക്കാതെ വരുന്നു.

പഞ്ചായത്തിൽ കർഷകത്തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, മത്സ്യതൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും ഭൂരിഭാഗവും ക്ഷേമനിധിയിൽ അംഗങ്ങൾ ആയിട്ടില്ല. അതിനുകാരണം ക്ഷേമനിധി പദ്ധതിയെക്കുറിച്ചുള്ള, ആ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ അറിവില്ലായ്മയാണെന്നറിയുന്നു.

അതുകൊണ്ട് അത്തരം വിഭാഗത്തിൽപ്പെട്ടവർക്ക് ക്ഷേമനിധിയെ സംബന്ധിച്ചുള്ള ബോധവൽക്കരണം ആവശ്യമാണ്. പിന്നീട് പഞ്ചായത്തിൽ അവശേഷിക്കുന്ന മദ്യവ്യവസായി തൊഴിലാളികളും, ബീഡിത്തൊഴിലാളികളും ക്ഷേമനിധിയിൽ അംഗത്വമുള്ളവരും, അതിന്റേതായ ആനുകൂല്യങ്ങൾ ലഭിക്കുന്നവരുമാണ്.

മഹിളാസമാജങ്ങൾ പഞ്ചായത്തിലെ പല വാർഡുകളിൽ നിലവിലുണ്ടെങ്കിലും, അവയൊന്നും യാതൊരു വിധ വനിതാ വികസന പരിപാടികൾ ലക്ഷ്യമിട്ടുള്ള ക്ഷേമ പ്രവർത്തന രീതികൾ നടപ്പാക്കുന്നില്ല. അതുകൊണ്ട് സാധാരണ സ്ത്രീകൾക്ക് അതിന്റേതായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പഞ്ചായത്തുതലത്തിലോ, വാർഡുതലത്തിലോ വനിതാ സംഘടനാ പ്രവർത്തനക്ക് യഥാസമയം ബോധവൽക്കരണം നടത്തുകയാണെങ്കിൽ വനിതാ ക്ഷേമ പ്രവർത്തന രംഗത്ത് നല്ലൊരു നേട്ടം പ്രതീക്ഷിക്കാം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ പല തരത്തിലുള്ള പദ്ധതികളും പഞ്ചായത്തിൽ നടപ്പാക്കുന്നത്, ബ്ലോക്ക് വികസന ഓഫീസ് മുഖേനയാണ് ഈ പഞ്ചായത്തിൽ മാത്തൂർ 1,2 എന്നീ ഗ്രാമ വികസന ഓഫീസിലൂടെ പദ്ധതി ഗുണഭോക്താക്കളിലെത്തിക്കുന്നു.

രണ്ടു ഗ്രാമവികസന ഓഫീസ് മുഖേന ഈ പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതിയെ സംബന്ധിച്ചുള്ള ആനുകൂല്യം ലഭിച്ചവരുടെ പട്ടിക

## IRDP ആനുകൂല്യം ലഭിച്ചവരുടെ പട്ടിക

| | മാത്തൂർ I | | | മാത്തൂർ II | | |
|---|---|---|---|---|---|---|
| വർഷം | എണ്ണം | സബ്സിഡി | വായ്പ | എണ്ണം | സബ്സിഡി | വായ്പ |
| 1992-93 | 23 | 68049 | 91871 | 15 | 52975 | 63775 |
| 1993-94 | 25 | 80368 | 113532 | 18 | 47598 | 63402 |
| 1994-95 | 21 | 144676 | 82090 | 16 | 11550 | 73400 |
| 1995-96 | 17 | 34000 | 191600 | 17 | 180120 | 88000 |
| ആകെ | 86 | 377093 | 479093 | 66 | 292243 | 288577 |

മാത്തൂർ 1 വി.ഇ.ഒ ഓഫീസ് മുഖാന്തിരം 1992 93 മുതൽ 95 96 വരെയായി 86 ദുർബ്ബല വിഭാഗത്തിൽപ്പെട്ട കുടുംബക്കാർക്കായി 377093 രൂപ സബ്സിഡിയായും, 479093 രൂപ വായ്പയായും, ഐ.ആർ.ഡി.പി പ്രകാരം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

അതുപോലെ മാത്തൂർ 2 വി.ഇ.ഒ ഓഫീസ് മുഖേന, 66 കുടുംബങ്ങൾക്കായി ഗ്രാമവികസന പദ്ധതി പ്രകാരം 292293 രൂപ സബ്സിഡിയും, വായ്പയായി 288577 രൂപയും 1992 93 മുതൽ 95 96 വരെ ഈ പഞ്ചായത്തിൽ വിതരണം നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

ഊർജ്ജിത ഗ്രാമവികസന പദ്ധതികളെ സഹായിക്കുവാനും, നടപ്പിലാക്കുവാനും, ചില ദേശസാൽകൃത ബാങ്കുകൾ മടികാണിക്കുന്നുണ്ടെങ്കിലും, പരമാവധി ഈ മേഖലയെ അവർ സഹായിക്കാറുണ്ട്. എന്നാൽ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം അംഗത്വപ്രശ്നം ബാധകമാണ്. മാത്രമല്ല പല ബാങ്കുകളുടേയും നിയമം അനുശാസിക്കുന്ന പ്രകാരം, ഗുണഭോക്താക്കൾക്ക് ആവശ്യമായ തുക ഈ പദ്ധതി നടത്തിപ്പിന്നായി ബാങ്കുകളിലൂടെ ലഭിക്കാറില്ല.

അതിനാൽ സഹകരണമേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചും, ദേശസാൽകൃത ബാങ്കുകളെകൊണ്ട് ഈ മേഖലയിൽ ഗുണഭോക്താക്കളെ കൂടുതൽ സഹായിക്കുവാനുള്ള ഊർജ്ജിത നടപടികൾ സർക്കാർ തലത്തിലുണ്ടാവണം.

## DWCRA സഹായ പദ്ധതി

ദുർബ്ബല ജനവിഭാഗങ്ങളിൽപ്പെട്ട സ്ത്രീകളുടേയും, കുട്ടികളുടേയും പുരോഗതിയെ ലക്ഷ്യമാക്കിയുള്ള ക്ഷേമ പ്രവർത്തന പദ്ധതികളാണ്, DWCRA വിഭാഗത്തിലൂടെ പഞ്ചായത്തിൽ നടപ്പാക്കി വരുന്നത്.

ഇത് ഓരോ വാർഡിലുമുള്ള 20ൽ താഴെയുള്ള സ്ത്രീകളെ ഒന്നിച്ചു പ്രവർത്തിക്കാനുള്ള തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നു.

പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന DWCRA യൂണിററുകൾ ആനിക്കോട്, കുന്നംപറമ്പ്, പല്ലഞ്ചാത്തനൂർ, കൂമൻകാട് എന്നീ പ്രദേശങ്ങളിൽ അധികം മോശമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പല്ലഞ്ചാത്തനൂർ യൂണിററ്, പാരമ്പര്യ കൈത്തൊഴിലായ കൈത്തറി നെയ്ത്തും, കൂമൻകാട് യൂണിററ്, പരമ്പരാഗതങ്ങളായ കുട്ട, വട്ടി, പറമ്പ് മുതലായവ നിർമ്മിക്കുന്നതുമായ കേന്ദ്രങ്ങളാണ്. ആനിക്കോട്, കുന്നംപറമ്പ് എന്നീ യൂനിററുകൾ പരമ്പാഗത തൊഴിലായ പായ് നെയ്ത്ത് നടത്തുന്നുണ്ട്.

ഓരോ പ്രദേശത്തിനും അനുയോജ്യമായ വിധത്തിൽ, ഇത്തരം യൂണിററുകൾ, താത്പര്യമുള്ളവരെ കണ്ടെത്തി എല്ലാ വാർഡുകളിലും സംഘടിപ്പിക്കേണ്ടതാണ്.

## ട്രൈസം പദ്ധതി

അഭ്യസ്തവിദ്യരായ 18നും 35നും മദ്ധ്യേ പ്രായമുള്ള യുവതി യുവാക്കളെ സ്വന്തമായൊരു തൊഴിൽ കണ്ടെത്താൻ പ്രാപ്തരാക്കുവാൻ ആവശ്യമായ പരിശീലന പരിപാടികൾ നടപ്പിലാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അതിനുള്ള പ്രാരംഭ നടപടികളെന്നോണം ഓരോ തൊഴിലിനോടും താല്പര്യമുള്ളവരെ പ്രത്യേകം പ്രത്യേകം പരിശീലന കേന്ദ്രത്തിൽ നിന്നും സാങ്കേതിക ജ്ഞാനം നൽകുന്നു.

തൊഴിലില്ലായ്മ രൂക്ഷമായ ഈ കാലഘട്ടത്തിൽ അവർക്കൊരു, പരിഹാരമെന്നോണം നടപ്പിലാക്കിയിട്ടുള്ള ഈ പരിപാടി ഈ രാജ്യത്തിൻെറ ഭാവി വാഗ്ദാനങ്ങളായ യുവതി യുവാക്കളെ സംബന്ധിച്ചിടത്തോളം വളരെയധികം ഗുണകരമാണ്.

ഈ പദ്ധതിപ്രകാരം പരിശീലനം സിദ്ധിച്ച് സ്വയം തൊഴിൽ കണ്ടെത്തിയ യുവജനങ്ങൾ മാത്രമല്ല പുരോഗമിക്കുന്നത് മറിച്ച് നമ്മുടെ നാടും, അതുവഴി രാജ്യവും പുരോഗതിയുടെ പാതയിലെത്തിച്ചേരുന്നു.

## ട്രൈസം പരിശീലനം ലഭിച്ചവരുടെ പട്ടിക 1

### മാത്തൂർ I വില്ലേജ്

| വർഷം | എണ്ണം |
|---|---|
| 1992-93 | 2 |
| 1993-94 | 2 |
| 1994-95 | 3 |
| 1995-96 | 5 |
| ആകെ | 12 |

## ട്രൈസം പരിശീലനം ലഭിച്ചവരുടെ എണ്ണം പട്ടിക 2

### മാത്തൂർ II വില്ലേജ്

| വർഷം | എണ്ണം |
|---|---|
| 1992-93 | Nil |
| 1993-94 | 1 |
| 1994-95 | 2 |
| 1995-96 | 4 |
| ആകെ | l7 |

1992 93 വർഷം മുതൽ 95 96 വർഷം വരെ മാത്തൂർ 1ഉം 2ഉം വില്ലേജുകളിൽ നിന്നും 19 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്. ഇത്രയും പേർക്ക് ട്രൈസം പദ്ധതി പ്രകാരം പരിശീലനം സിദ്ധിച്ചിട്ടുണ്ടെങ്കിലും, അവർ നേടിയ യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള തൊഴിൽ നേടാൻ സാധിക്കുന്നില്ലയെന്നത് ഈ പദ്ധതിയുടെ മറെറാരു പോരായ്മയാണ്. മറെറാന്ന് പരിശീലന സമയത്ത് അവർക്ക് നൽകുന്ന കുറഞ്ഞ സ്റ്റൈപൻറാണ്.

ഇതിനേക്കാളുപരി ഈ പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും ഈ പരിശീലന പരിപാടിയിലേക്ക് വരാൻ യുവതി യുവാക്കളെ ഉദാസീനരാക്കുന്നു. അതു പരിഹരിക്കാനെന്നോണം യുവജന സംഘടനകളുടെ സഹായത്തോടെ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് ഈ പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

## CRSP

പാർപ്പിട പ്രശ്നംപോലെയുള്ള മറെറാരു കാര്യമാണ് കക്കൂസുകളുടെ അഭാവം. അതിനുവേണ്ടി ദരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള ധനസഹായം 'CRSP' യിലൂടെ നടപ്പിലാക്കുന്നു. പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസ് നിർബന്ധമായും നിർമ്മിക്കേണ്ടതാണ്. ഈ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാതിരുന്നാൽ പലവിധ പകർച്ചവ്യാധികൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ട്.

പഞ്ചായത്തിൽ 92 93 വർഷം മുതൽ 95 96 വർഷം വരെ മാത്തൂർ 1 2 വില്ലേജുകളിൽ സി.ആർ.എസ്.പി. പദ്ധതി പ്രകാരം വിവിധ വാർഡുകളിലായ ആകെ 38 കക്കൂസുകൾ മാത്രമെ നിർമ്മിക്കാൻ സാധിച്ചിട്ടുള്ളൂ.

## വിവിധതരം പെൻഷൻ സംബന്ധമായ ക്ഷേമ പ്രവർത്തനങ്ങൾ

റവന്യൂ വകുപ്പ്, വില്ലേജ് ഓഫീസ് മുഖേന സാമൂഹ്യക്ഷേമ രംഗത്ത് പഞ്ചായത്തിൽ പലവിധ സഹായങ്ങൾ നൽകുന്നുണ്ട്. നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായങ്ങളും

കർഷകത്തൊഴിലാളി വികലാംഗ പെൻഷനുകളും വിധവ അഗതി പെൻഷനുകളും ഇതിൽ ഉൾപ്പെടുന്നു. എന്നാൽ മേൽപ്പറഞ്ഞ പെൻഷൻ പദ്ധതി അർഹരായ പലർക്കും കിട്ടാതാവുകയും അനർഹർക്ക് ലഭിക്കുന്നതും കാര്യമായ ഒരു അപാകതയാണ്.

## വിധവാ പെൻഷൻ

പ്രായപൂർത്തിയായ ആൺമക്കളുള്ള വിധവകൾക്ക് ഈ പെൻഷൻ പദ്ധതിയ്ക്ക് അർഹതയില്ല. ഇതുകൊണ്ട് വരുമാന അടിസ്ഥാനത്തിൽ ഈ പെൻഷൻ പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ, പ്രായപൂർത്തിയായ ആൺമക്കൾ ഉള്ളവർക്കുപോലും ഈ ആനുകൂല്യം ലഭിക്കും. അതിനുള്ള നിയമ നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ ഉണ്ടാവണം.

## വികലാംഗ പെൻഷൻ

വികലാംഗ പെൻഷൻ ലഭിക്കുന്നതിനുവേണ്ടി അംഗവൈകല്യം തെളിയിക്കുന്നതിനുള്ള ഡോക്ടറുടെ സർട്ടിഫിക്കററ് ലഭിക്കുന്നതിന് വളരെ ബുദ്ധിമുട്ട് നേരിടുന്നു. അതുകൊണ്ട് ഈ ബുദ്ധിമുട്ട് പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വികലാംഗർക്കുള്ള വ്യവസായസംരംഭം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കേണ്ടതാണ്.

## കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവും

പഞ്ചായത്തിലെ എല്ലാ വിഭാഗ ജനങ്ങൾക്കും അർഹമായ കർഷകത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ വിതരണം ചെയ്യുന്ന രീതിയിൽ നിന്നും വ്യത്യസ്ഥമായി പഞ്ചായത്തിന് കർഷകത്തൊഴിലാളി പെൻഷൻ വിതരണം നൽകാറുള്ള അധികാരം നൽകണം. അതുപോലെ തൊഴിലില്ലായ്മ വേതനം അർഹരായി എല്ലാവർക്കും ലഭ്യമാക്കണം.

## അംഗനവാടികൾ

അംഗനവാടികൾ നിലവിലില്ലാത്ത വാർഡുകളിൽ അംഗനവാടികൾ സ്ഥാപിക്കുകയും നിലവിലുള്ള അംഗനവാടി കെട്ടിടങ്ങൾ അററകുററപ്പണി ചെയ്ത് ഉപയോഗപ്രദമാക്കേണ്ടതുമാണ്. കുട്ടികൾക്ക് പോഷക മൂല്യമുള്ള ആഹാരം, വൈദ്യ ചികിത്സ, കളിക്കോപ്പുകൾ എന്നിവ ലഭ്യമാക്കണം. അംഗനവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ ഉയർത്തേണ്ടതാണ്.

## പൊതു വിതരണ കേന്ദ്രങ്ങൾ

### 1. മാവേലി സ്റ്റോർ

പഞ്ചായത്തിലെ രണ്ടു റവന്യൂ വില്ലേജുകളിലും ഓരോ മാവേലി സ്റ്റോർ, സഹകരണസംഘം മുഖേനയോ മററു സഹകരണസംഘം മുഖേനയോ മററു ഏജൻസി മുഖേനയോ സ്ഥാപിക്കണം. ആയതിൽ പച്ചക്കറി ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ലഭ്യമാക്കണം. സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഏർപ്പെടുത്തണം.

### 2. റേഷൻ കടകളും റേഷൻ ഷാപ്പുകളും

ജനങ്ങളുടെ സൗകര്യാർത്ഥം പഞ്ചായത്തിലെ 3,9 വാർഡുകളിൽ ഓരോ റേഷൻഷാപ്പ് അനുവദിക്കണം. ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ വിതരണം നടത്തേണ്ടതാണ്. ഇന്ന് റേഷൻ കാർഡ് ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴിവാക്കുന്നതിന് പുതിയ റേഷൻ കാർഡുകൾ അനുവദിക്കുന്നതിനും, പേരുകൾ ഉൾപ്പെടുത്തുന്നതിനുമുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം.

# II

# സംസ്കാരവും വനിതാക്ഷേമവും

ഇന്ത്യൻ സാമുഹ്യാടിത്തറയുടെ ഇഷ്ടികകൾ വർണ്ണജാതി വ്യവസ്ഥകളാണ്. അതുകൊണ്ടുതന്നെ ഇന്ത്യൻ സംസ്കാരിക വളർച്ചയും ജാതിമത ആചാരങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നു. അതിൻെറ ഉയർന്ന രൂപം കേരളത്തിലും ഉണ്ടായിരുന്നു. സവർണ്ണരും, മറ്റ് പിന്നോക്ക വിഭാഗക്കാരും ഉൾപ്പെടുന്ന കുടിയാൻ കർഷക തൊഴിലാളി കുടുംബങ്ങളും ആയിരുന്നു ഈ പഞ്ചായത്തിലെ സാമൂഹ്യ പാശ്ചാത്തലം. ജാതികൾക്കകത്തു തന്നെയുള്ള അന്ത വിശ്വാസങ്ങളും അനാചാരങ്ങളും ഭൂരിപക്ഷം ജനതയുടെ സംസ്കാരിക ഉന്നമനത്തിന് വിഘാതമായി നിന്നിരുന്നു. പക്ഷെ, ഇരുപതാം നൂറ്റാണ്ടിൻെറ തുടക്കത്തിൽ തന്നെ മേപ്പടി ഉച്ച നിചത്വങ്ങൾക്കെതിരെ പോരാടുകയും വിജയം കണ്ടെത്തുകയും ചെയ്ത നവോത്ഥാന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൻെറ ചരിത്രത്തിലെ സുവർണ്ണ രേഖകൾ ആണ്. ബ്രിട്ടിഷ്കാർക്കെതിരെ ഇന്ത്യൻ സ്വാതന്ത്ര സമര പ്രവർത്തനങ്ങളോടൊപ്പം നവോത്ഥാനപ്രവർത്തനങ്ങളും ഒരു പോലെ ഈ പഞ്ചായത്തിൽ നടന്നിരുന്നു.

## ഉൽസവങ്ങളും ആചാരനുഷ്ഠാനങ്ങളും

ബഹുഭൂരിപക്ഷം ഹിന്ദുക്കളും ഒരു ചെറിയ ശതമാനം മുസ്ലീംങ്ങളും തീരെ ചെറിയ തോതിൽ ക്രിസ്ത്യാനികളും അടങ്ങുന്നതാണ് ഈ പഞ്ചായത്തിലെ ഇന്നത്തെ മതപരമായ ഘടന. തെരുവത്തെ പള്ളിയും, പള്ളിനേർച്ചയും ഈ പഞ്ചായത്തിലെ മത സൗഹാർദത്തിൻെറ പ്രതീകമാണ്. എല്ലാജാതിയിലും, മതങ്ങളിലുംപെട്ടവർ വഴിപാടും, നേർച്ചയും നടത്തുന്നു. തുടക്കത്തിൽ ഒരു ഹിന്ദു നിർമ്മിച്ച് കൊടുത്ത ഈ മുസ്ലീം ആരാധനാലയത്തിൽ മറ്റ് മതസ്ഥർക്ക് അനുവദിക്കുന്ന സ്വാതന്ത്ര്യം മറ്റെങ്ങും കാണുകയില്ല. നിലവിലുള്ള മുന്നോക്ക ജാതിക്കാരും, പിന്നോക്ക വിഭാഗക്കാരും, ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ ഇടയിൽ പുള്ളുവൻമാർ (കളമെഴുത്ത് പാട്ടു), മണ്ണാൻമാർ (ഭഗവതി പാട്ടു). രാംപറമ്പ് കാടാംതൊടി, കാരാട്, നെല്ലിയാം പറമ്പ് തുടങ്ങിയ ഭാഗങ്ങളിൽ ഇന്നും കാണുന്നു. കുടുംബ ദൈവപുരയിലും, സമൂഹദൈവപുരയിലും ആയിട്ടാണ് ഇത് നടത്തുന്നത്. ലോക പരമേശ്വരി, ഭഗവതി, വിഷ്ണു, വീരഭദ്രൻ കണ്ടാകർണ്ണൻ തുടങ്ങിയ ദൈവങ്ങളാ ണ് ഈഴവർക്കിടയിൽ കാണുന്നത്. ശിവക്ഷേത്രങ്ങൾ ഇന്നു നായർ ബ്രഹ്മണ സമുദായത്തിൽ തന്നെ ഒതുങ്ങി നിൽക്കുന്നു. പട്ടിക ജാതിക്കാർക്കിടയിൽ ഭഗവതി ഒരു പ്രമുഖ ദൈവമാണ്. പിന്നെ കണ്ടാകർണ്ണൻ, ചാത്തൻ, മുണ്ടിയൻ തുടങ്ങിയ പ്രതിഷ്ഠകളും കാണാം. വിഷുവിനോട് അനുബന്ധിച്ച് നടത്തുന്ന വേലകളിൽ എല്ലാതരം ജാതികളുടെയും പങ്കാളിത്തം നടത്തിപ്പിനും ഉണ്ടാവുന്നു എന്നത് ഈ പഞ്ചായത്തിൻെറ പ്രത്യേകതയാണ്.

വിവാഹം, മരണം തുടങ്ങിയ കാര്യങ്ങളിൽ ജനകീയ പങ്കാളിത്തം കൂടുതലായി വരുന്നു എന്നത് ഒരു നേട്ടമായി പറയത്തക്കതാണ്. ആചാരാനുഷ്ഠനാങ്ങളിൽ വലിയ വ്യത്യാസങ്ങൾ ഒന്നുതന്നെ വന്നിട്ടില്ല. ഈ പഞ്ചായത്തിലിന്ന് അലോപതി, ആയുർവേദം, ഹോമിയോ, എന്നി മേഖലകളിൽ ഓരോ ആശുപത്രിയും പ്രഗൽഭരായ ഡോക്ടർമാർ ഉണ്ടായിട്ടും പഴമയുടെ തുടർച്ചയും മാന്ത്രിക ചികിൽസകളും, ദൈവകല്പന ചികിൽസകളും, നടത്തുന്നുണ്ട് എന്നത് സംസ്കാരിക മുന്നേറ്റത്തിന് ഒരു ബലഹീനതയായി ഇന്നു നിലനിൽകുന്നു. പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൽ ശക്തിപെടേണ്ടതുണ്ട്. ഈ അടുത്ത കാലത്ത് നടന്ന മാനവിക പ്രവർത്തനങ്ങൾ എടുത്ത് പറയേണ്ടതുണ്ട്. സംസ്കാരിക പ്രവർത്തകരും നാടുകാരും ചേർന്ന് നിർദ്ധന കുടുംബസഹായ സമിതി രൂപീകരിച്ച്

പഞ്ചായത്തിൽ ഏറ്റവും നിർദ്ധരരായ പെരികിലംകാട്, പുത്രശ്ശേരി, പാണത്തറ എന്നിവിടങ്ങളിൽ ഉള്ള മൂന്ന് കുടുംബങ്ങൾക്ക് സമിതി പിരിച്ചെടുത്ത ധനവും, ദ്രവ്യവും തുല്യമായി വിതരണം ചെയ്തു. 1994 സെപ്തംബർ 22 ന് 94 ലെ മാൻ ഓഫ് ദി ഇയർ അമേരിക്കൻ അവാർഡ് നേടിയ ഡോ:P.R.G.മാത്തൂർ ആണ് വിതരണം ചെയ്തത്

## വിദ്യാലയങ്ങൾ, കലാലയങ്ങൾ, ഗ്രന്ഥശാലകൾ

സംസ്കാരിക, സംവേദന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ വിദ്യാലയങ്ങൾ ആണ്. ഇന്ന് ഏവർക്കും വിദ്യ അഭ്യസിക്കാം. സ്ക്കൂൾ പ്രവേശനത്തിന് ആരെയും വിലക്കിയിട്ടില്ല, വിദ്യാഭ്യാസം വ്യാപകമല്ലാത്ത കാലത്തു സ്വയം പ്രയത്നത്താൽ മുന്നേറിയ ലോക പ്രശസ്തനായ നരവംശശാസ്ത്രജ്ഞനായ ഡോ : P.R.G.മാത്തൂർ ഈ പഞ്ചായത്തിന്റെ നേട്ടത്തിന്റെ പട്ടികയിൽ ഒന്നാമതായി വരുന്നു.

ഈ പഞ്ചായത്തിലെ സർക്കാർ സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം വളരെ മോശമായതിനാൽ അത് മുതലെടുത്ത് കുറെ അൺഎയിഡഡ് സ്ക്കൂളുകൾ മുളച്ച് വരുവാൻ ഇടയാക്കുന്നുണ്ട്. സാമൂഹ്യ ബന്ധം കുറക്കുന്ന കോൺവെൻറ് സംസ്ക്കാരം വ്യാപിക്കുന്നതിന് മുമ്പ് തന്നെ സർക്കാർ എയിഡഡ് സ്ക്കൂളുകളുടെ ഇന്നത്തെ ശോചനീയവസ്ഥ പരിഹരിക്കേണ്ടതാണ്.

## വായനശാലകളും ക്ലബുകളും

പഞ്ചായത്ത് വക സംസ്കാരിക നിലയം ഉൾപ്പെടെ നിരവധി വായനശാലകൾ ഉണ്ടെങ്കിലും പുസ്തകങ്ങൾ വളരെ കുറവാണ് എന്ന പരിമിതിയുണ്ട്. കല, കായിക പ്രോൽസാഹനങ്ങൾക്കായി പഞ്ചായത്തിൽ നിരവധി ക്ലബുകൾ ഉണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പഞ്ചായത്ത് തല കമ്മിറ്റികൾ രൂപീകരിക്കുന്നത് നന്നായിരിക്കും.

## നാടൻ കലകൾ

വിളവെടുപ്പിനോടനുബന്ധിച്ച് രണ്ടാം വിളക്ക് ശേഷവും ഈ നാട്ടിലെ പല ഭാഗങ്ങളിലുമായി പുറാട്ട് കളി, മാത്തൂർ ക്ഷേത്രത്തിൽ കൂത്ത്, ദേവിക്ഷേത്രത്തിൽ പൊങ്കൽ മാവിളക്ക് അതിനോടനുബന്ധിച്ച് പ്രാദേശികമായ കലാപ്രകടനങ്ങൾ എന്നിവ സർവ്വ സാധാരണമായി ഈ പഞ്ചായത്തിൽ കാണുന്നു.

## സംസ്ക്കാരം

ഇന്ന് നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗത്തായി ഒരു പാട് വായനശാലകളും ക്ലബുകളും നിലവിലുണ്ട്. അതിൽ മിക്കതും രാഷ്ട്രീയം നിലനിൽക്കുന്നു എന്നത് സത്യമാണ്. ആ സാഹചര്യത്തിൽ യുവജനങ്ങൾ വിഭിന്നമായി നിൽക്കുന്നു എന്നതാണ് കാരണം. നമ്മുടെ സംസ്കാരത്തിന് ജീർണ്ണത സംഭവിക്കാൻ ഇത് പ്രധാന കാരണമാണ്. ഈപ്രശ്നം പരിഹരിക്കാനും നമ്മുടെ സംസ്കാരം നിലനിർത്താനും നാം ശ്രമിക്കണം.

നമ്മുടെ പഞ്ചായത്തിൽ ഒരു സാംസ്കാരിക സമിതി രൂപീകരിക്കണം. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കൺവീനറായും വിവിധ രാഷ്ട്രീയക്കാരും സാമൂഹിക പ്രവർത്തകരും ആ സമിതിയിൽ അംഗങ്ങളായിരിക്കണം കൂടാതെ സമൂഹത്തിൽ പൊതു സമതകരായ വ്യക്തികൾക്ക് മുൻഗണന നൽകിയിരിക്കണം

എല്ലാവാർഡുകളിലും ഓരോ സാംസ്കാരിക സമിതി അതാതു വാർഡിലെ പഞ്ചായത്തു മെമ്പർമാർ അദ്ധ്യക്ഷനായുള്ള സമിതികൾ രൂപീകരക്കുകയും ഈ സമിതിയിൽ ഇപ്പോൾ നിലവിലുള്ള Arts & Sports ക്ലബുകളിലെ പ്രധാന അംഗങ്ങളും അതാതു വാർഡുകളിലെ പൊതു സമ്മതരായ ആളുകളെ ഉൾകൊള്ളിച്ചുകൊണ്ട് 11 അംഗങ്ങളുള്ള ഒരു സമിതികൾക്ക് പഞ്ചായത്തു തലത്തിൽ അംഗീകാരവും സഹായസഹകരണവും അനുവദിക്കുകയും ഈ സമിതികൾ ആഴ്ചയിൽ ഒരിക്കലോ രണ്ടാഴ്ച

കുടുമ്പോഴോ, നിശ്ചയമായി സമ്മേളിക്കുകയും അതിൽ അതാതു വാർഡു തലത്തിലുള്ള പ്രശ്നങ്ങൾ ചെയ്യുകയും പരിഹരിക്കുകയും വേണം. കാലാകാലങ്ങളിലുള്ള വികസനോന്മുഖമായ പ്രസിദ്ധീകരണങ്ങൾ സാധാരണക്കാരിൽ എത്തിക്കാൻ ഈ സമിതിമൂലം കഴിയണം. അതിനു വേണ്ട സൗകര്യങ്ങൾ പഞ്ചായത്ത് സാംസ്കാരിക സമിതി വേണ്ട സഹായം ചെയ്തിരിക്കണം. ഈ സമിതികൾക്ക് രാഷ്ട്രീയ ജാതിമത ചിന്തകൾക്ക് അതീതമായി പ്രവർത്തിക്കാൻ കഴിഞ്ഞിരിക്കണം. മറിച്ചുള്ള ദുഷ്ടചിന്താഗതി ഉണ്ടാക്കാതിരിക്കാൻ ശ്രദ്ധിക്കുക എന്നതാണ് പ്രധാനം. ഇതിനു വിപരീതമായി ഏതെങ്കിലും വാർഡുകളിൽ ഏതെങ്കിലും സമിതി അംഗങ്ങൾ പ്രവർത്തിക്കുന്നതായോ ചിന്തിക്കുന്നതായോ അറിയപ്പെട്ടാൽ പഞ്ചായത്ത് സാംസ്കാരിക സമിതിയിൽ അവതരിപ്പിച്ച് ആ അംഗത്തെ നീക്കം ചെയ്യുന്നതിന് ശുപാർശ ചെയ്യേണ്ടതാണ്.

വാർഡു സമിതികൾ വാർഡുതലത്തിൽ നടക്കുന്ന വിവാഹമരണാന്തര ക്രിയകൾക്ക് പ്രത്യേകിച്ച് നിർദ്ധന കുടുംബങ്ങൾക്ക് സാമ്പത്തിക സഹായസഹകരണങ്ങൾ ഉറപ്പുവരുത്തുന്നതിൽ ശ്രദ്ധിക്കണം. വാർഡുതലത്തിലുള്ള സമിതികളുടെ സംഭാവനയായി സംഭരിക്കുകയും വേണം. ഇപ്പോൾ നിലവിലുള്ള സാംസ്കാരിക നിലയം പഞ്ചായത്തിൻേറ ഹൃദയഭാഗമായ പഞ്ചായത്ത് ഓഫീസിൻെറ പടിഞ്ഞാറുവശത്ത് മലമ്പുഴ ജലസേചന പദ്ധതിയുടെ അധീനതയിലുള്ള അതായത് നാരായണ റൈസ് മില്ലിന് പടിഞ്ഞാറു ഭാഗം ഒഴിഞ്ഞു കിടക്കുന്ന സുമാറ് 20 സെൻറ് സ്ഥലം സാംസ്കാരിക നിലയം പണിയുന്നതിന് ഉപയോഗപ്പെടുത്തക്കരീതിയിൽ ഗവൺമെൻറിൽ നിന്നും അംഗീകാരം വാങ്ങി ഒരു സാംസ്കാരിക നിലയും പണിയുന്നതിന് ഉപയോഗപ്പെടത്തക്കരീതിയിൽ ഗവൺമെൻറിൽ നിന്നും അംഗീകാരം വാങ്ങി ഒരു സാംസ്കാരിക നിലയം സ്ഥാപിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു പൊതുവായ സമ്മേളനസ്ഥാനം നാളിതുവരെ ഇല്ല. ഈ നിലയത്തിൻേറ എതിർവശമുള്ള വിസ്തൃതമായ സ്ഥലം നിർലോഭമായി ഉപയോഗപ്പെടുത്താവുന്നതാണ്. അങ്ങനെയൊരു സ്ഥാനം ഉണ്ടാകുന്ന പക്ഷം വർഷത്തിൽ ഒന്നിലധികം തവണ സാംസ്കാരിക നായകന്മാരെ ഉൾക്കൊള്ളിച്ചു കൊണ്ട് സാംസ്കാരികമേള സംഘടിപ്പിക്കുകയും കായിക കലാരംഗങ്ങളിലുള്ള കുട്ടികളുടെയും മുതിർന്നവരുടെയും ഈ നിലവിലുള്ള പ്രകടനം കാഴ്ചവെയ്ക്കാൻ നമുക്കു കഴിയണം. അത് മൊത്തത്തിൽ മനസ്സിന് ഉത്തേജകവും ഐകമത്യബോധവും ജനങ്ങളിൽ ഉളവാകുകയും ചെയ്യും. അങ്ങനെ ഞാൻ ഞങ്ങൾ എന്ന ഭാവം മാറി നാം നമ്മൾ എന്ന സംസ്കാരത്തിലേക്ക് ഉയർന്ന മഹത്തായ ഊരിനെ അന്വർത്ഥമാക്കാൻ കഴിയണം.

നാളെ മുതൽ ജാതിയുടേയോ, മതത്തിൻെറയോ, രാഷ്ട്രീയത്തിൻെറയോ പേരിൽ വിവേചന ശബ്ദം ഉണ്ടാകാതിരിക്കട്ടെ എന്ന് നാം ആഗ്രഹിക്കണം

## പ്രശ്നങ്ങൾ

1. യുവതലമുറക്ക് സാമൂഹ്യബോധവും, പ്രതികരണശേഷിയും കുറഞ്ഞ് വരുന്നു.
2. കല, കായിക രംഗത്ത് വേണ്ടാത പ്രോൽസാഹനമില്ല.
3. അന്ധവിശ്വാസങ്ങളിൽനിന്നും, അനാചാരത്തിൽ നിന്നുള്ള മോചനത്തിൽ അവ ബോധമില്ലായ്മ.
4. ദുരഭിമാനവും, അനുകരണവും, അതിനോടനുബന്ധിച്ച് സ്ത്രീധന സമ്പ്രദായങ്ങളും.
5. പഞ്ചായത്തിൽ കമ്മ്യൂണിറ്റ് ഹാളിൻെറ അഭാവം
6. വിദ്യാഭ്യാസരംഗത്ത് നിലവാര തകർച്ച.

## പരിഹാര നിർദേശങ്ങൾ

1. പഞ്ചായത്ത് തല സംസ്കാരിക സമിതി ഉണ്ടാക്കുകയും ഒരു സംസ്കാരിക നയം രൂപീകരിക്കുകയും ചെയ്യുക.
2. സന്നദ്ധ സംഘടനകളെ പ്രോൽസാഹിപ്പിക്കുക.
3. വിദ്യാഭ്യാസ നിലവാരം ഉയർത്തുക.
4. മദ്യപാനം, പുകവലി, മയക്ക്മരുന്നുകൾ എന്നിവക്കെതിരെ ബോധവൽക്കരണം നൽകുക.

# വനിതാക്ഷേമം

വനിതാ വിമോചനപ്രസ്ഥാനങ്ങൾ, നാടെങ്ങും സജീവമായി മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നുമറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങി കൂടുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും ഏറെ വ്യത്യസ്തമല്ല. പഴയ കാലഘട്ടങ്ങളിൽ സാമൂഹ്യ പ്രവർത്തന മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഇല്ലായിരുന്നു എന്നു തന്നെ പറയാം. സ്ക്കൂൾ വിദ്യാഭ്യാസംപോലും ഒരു കാലഘട്ടത്തിൽ സ്ത്രീകൾക്ക് ആലോചിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ ജാതിയിലുംപെട്ട പെൺകുട്ടികൾക്ക് അന്ന് വിദ്യാഭ്യാസ സൗകര്യം ഉണ്ടായിരുന്നില്ല. പൊതുപരിപാടിയിലും സ്ത്രീകളുടെ പങ്കാളിത്തം ഉണ്ടായിരുന്നില്ല. നമ്മുടെ പഞ്ചായത്ത് മൂന്ന് വില്ലേജ് പഞ്ചായത്ത് ആയിരുന്നപ്പോൾ അന്ന് സ്ത്രീ പ്രാതിനിധ്യം ഉറപ്പ് വരുത്തുന്നതിനെ വേണ്ടി സ്ത്രീകളെ നാമ നിർദേശം ചെയ്തിക്കുന്നു. 1991 ലെ സെൻസസ്സ് അനുസരിച്ച് നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 22627 ആണ്. അതിൽ സ്ത്രീകളുടെ എണ്ണം 11690 ആണ്. ആകെ ജനസംഖ്യയിൽ പുരുഷന്മാരെക്കാൾ 653 സ്ത്രീകൾ കൂടുതലാണ്. എണ്ണത്തിൽ സ്ത്രീകൾ പുരുക്ഷൻമാരെക്കാൾ കൂടുതലാണെങ്കിലും എല്ലാമേഖലകളിലും അവഗണിക്കപ്പെടുന്നു. 1920ൽ ആണ് സ്ത്രീകൾക്ക് പ്രാഥമിക വിദ്യാഭ്യാസം ആരംഭിക്കാൻ കഴിഞ്ഞത്. മാത്തൂർ അഗ്രഹാരത്തിനെ രാമസ്വാമി അയ്യരുടെ മകൾ കാവേരി അമ്മാൾ ആണ് ഇവിടുത്തെ ആദ്യത്തെ ബിരുധാരിണി. സ്ത്രീകളുടെ പ്രധാന ജോലി അടുക്കളപണി ആയിരുന്ന കാലം കുറെ കഴിഞ്ഞപ്പോൾ സ്ത്രീകളും വിദ്യാഭ്യാസരംഗത്തും, തൊഴിൽരംഗത്തും കുറെശ്ശേ കടന്ന് വരാൻ തുടങ്ങി. ഇതൊരു സാമൂഹ്യ മുന്നേറ്റത്തിൻെറ മുന്നോടിയായിരുന്നു.

കാർഷിക മേഖലയായ നമ്മുടെ പഞ്ചായത്തിൽ ജോലി ചെയ്യുന്ന സ്ത്രീകളിൽ അധികം കർഷക തൊഴിലാളികൾ ആണ്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസരംഗത്തും പൊതുരംഗത്തും ഉയർന്ന് വരാനും ഉണർന്നു വരാനും സാധിക്കുന്നില്ല. സാമൂഹ്യരംഗത്ത് വളരെകാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ മുന്നോട്ട് കൊണ്ട് വന്നാലെ പൊതുജീവിതത്തിലും, തൊഴിൽമേഖലയിലും അർഹമായ പങ്ക് വഹിക്കാൻ കഴിയുകയുള്ളൂ. പട്ടിക ജാതിക്കാരിലും, പട്ടികവർഗ്ഗക്കാരിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ ആണ്. കർഷകതൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാൾ കൂടുതലാണ്. ഉന്നതവിദ്യാഭ്യാസത്തിന് സൗകര്യം കുറവായിരുന്നുവെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരെക്കാൾ മുൻപന്തിയിൽ സ്ത്രീകൾ ആണ്.

കർഷകതൊഴിലാളികൾ, ഇഷ്ടിക നിർമ്മാണതൊഴിലാളികൾ, അദ്ധ്യാപികമാർ, മഹിളാ പ്രധാൻ ഏജൻറുമാർ, അംഗനവാടി, ബാലവാടികളിൽ പ്രവർത്തിക്കുന്നവർ, കെട്ടിടനിർമ്മാണതൊഴിലാളികൾ, കൈത്തറി വസ്ത്ര തൊഴിലാളികൾ ഇങ്ങനെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ ഇവിടെയുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും പത്താം ക്ലാസ് കഴിഞ്ഞാൽ ഉയർന്ന വിദ്യാഭ്യാസത്തിന് പോകുന്ന പെൺകുട്ടികളുടെ എണ്ണം കുറവാണ്. പഞ്ചായത്ത് തലത്തിലോ, വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന ബഹുജന സംഘടനകളിൽ വനിതകളുടെ എണ്ണം കുറവാണ്. എല്ലാമേഖലകളിലും സ്ത്രീകൾക്കിടയിലെ നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്. സ്ത്രീ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനം പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരായി ക്രൂരമായ അവഗണന നില നിൽക്കുന്നു. കൂലിയുടെ കാര്യത്തിലും വളരെ അന്തരമുണ്ട് ഒരു പുരുഷന് 50രൂപ കൂലി കിട്ടുമ്പോൾ പുരുഷനോടൊപ്പം ജോലി എടുക്കുന്ന സ്ത്രീക്ക് 30രൂപയാണ് കിട്ടുന്നത്. തുല്ല്യജോലിക്ക് തുല്ല്യവേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കണം.

വീട്ടമ്മമാർക്ക് തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന മേഖലയാണ് ഭക്ഷ്യസംസ്ക്കരണം. ഭക്ഷ്യരംഗത്തെ പുതിയ സങ്കേതങ്ങളിൽ ശാസ്ത്രീയമായ തയ്യാർ രീതികൾക്ക് പരിശീലനം നൽകേണ്ടതാണ്. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാൻ കഴിയാത്ത വനിതകൾക്ക് തുടർവിദ്യാഭ്യാസവും, തൊഴിൽ പരിശീലനവും നൽകുന്നതിനുള്ള സംവിധാനം ഉണ്ടാവണം. പരമ്പരാഗത തൊഴിൽ മേഖലകളിൽ പണി എടുക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ വിശദമായി ചർച്ചചെയ്യണം. വൈവിധ്യമുള്ളതും നൂതനവുമായ തൊഴിൽ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം, പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ നൽകേണ്ടതാണ്. സ്ത്രീകളുടെ സാമൂഹ്യപുരോഗതിയെ ബാധിക്കുന്ന പ്രതിസന്ധികൾ വിദ്യാഭ്യാമേഖലയിൽ

ഉണ്ടെങ്കിൽ അത് തിരിച്ചറിയുകയും പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്ത്രീ പങ്കാളിത്തം വിലയിരുത്തുകയും വേണം. വനിതാസഹകരണസംഘം, വനിതാവ്യവസായം ഇവയുടെ അഭാവം പഞ്ചായത്തിലുണ്ട് പുരുഷന്മാർക്ക് ആധിപത്യമുള്ള ചെറുകിട വ്യവസായ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം I.R.D.P., DWCRA, വനിതാ വികസന കോർപ്പറേഷൻ, വനിതാസഹകരണ സംഘങ്ങൾ, ജില്ലാ വ്യവസായ കേന്ദ്രം ഇങ്ങനെയുള്ള ഏജൻസികൾ വഴിയാണ് പ്രോൽസാഹിക്കപ്പെടുന്നത്. പഞ്ചായത്തിലെ വനിതാ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണം. മാത്തൂർ പഞ്ചായത്തിൽ രണ്ട് DWCRA യൂണിറ്റ് ഉണ്ടെങ്കിലും ഒന്നിന്റെ പ്രവർത്തനം നടക്കുന്നില്ല. സ്ത്രീകൾക്കിടയിൽ പഞ്ചായത്തിന്റെ വിവിധ ക്ഷേമപദ്ധതികൾക്ക് പ്രചാരം കൊടുക്കാനും, സ്ത്രീകളെ സംഘടിപ്പിക്കാനും പരിശീലനം , വിഭവ സമാഹരണം, ബോധവൽക്കരണം എന്നിവക്ക് നേതൃത്വം കൊടുക്കുവാൻ മഹിളാ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ യോജിച്ചുള്ള പരിശ്രമം ആവശ്യമാണ്. പദ്ധതികൾ ഏറ്റെടുക്കണമെങ്കിൽ വൈദഗ്ധ്യം ഉണ്ടാകുന്നതിനോടൊപ്പം നേതൃത്വപരിശീലനവും ലഭിക്കണം. സ്വയം തൊഴിൽ ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ, സാങ്കേതിക മാനേജുമെന്റ് വിപണന പരിശീലനം തുടങ്ങിയവ ആവശ്യമാണ്. പഞ്ചായത്ത് തലത്തിൽ തുന്നൽ പരിശീലന കേന്ദ്രം. പൗൾട്രി ഫാമുകൾ മുതലായവ തുടങ്ങിയാൽ വനിതകളുടെ കൂട്ടായ പ്രവർത്തനത്തിന് വേദിയാകും.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. സ്വയം തൊഴിൽ സംരംഭങ്ങളിൽ സ്ത്രീകൾ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല.
2. തൊഴിൽ രംഗത്ത് ജീവിക്കാനാവശ്യമായ വിദ്യാഭ്യാസം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
3. തുല്ല്യ ജോലിക്ക് തുല്ല്യ വേതനം കിട്ടുന്നില്ല.
4. തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര അറിവ് ലഭിക്കുന്നില്ല.
5. പരിശീലന സൗകര്യങ്ങൾ ലഭിക്കുന്നില്ല
6. തൊഴിൽ മേഖലയിൽ, സർക്കാർ, അർദ്ധസർക്കാർ, പൊതു മേഖലകൾ സ്ത്രീകൾക്ക് അവഗണന നേരിടുന്നു.
7. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ ആരംഭിക്കാനുള്ള തടസ്സമാണ്.
8. സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുവാൻ സ്ത്രീകൾ തയ്യാറാകുന്നില്ല.

**സ്ത്രീകൾക്കിടയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.**

1. ഉല്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകൈ എടുക്കുക.
2. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ എളുപ്പം ലഭ്യമാക്കുക.
3. വിധവാ പെൻഷൻ, അഗതി പെൻഷൻ മുതലായവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.
4. തൊഴിലാവസരങ്ങൾ, തൊഴിൽ നിയമങ്ങൾ എന്നിവയെകുറിച്ച് വിവരം നൽകുക.
5. അംഗനവാടി പ്രവർത്തനം മെച്ചപെടുത്തുക
6. തുല്ല്യജോലിക്ക് തുല്ല്യവേതനം നടപ്പിലാക്കുക.
7. വിഭവ സാധ്യത കണക്കിലെടുത്ത് തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിന് പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
8. കർഷക തൊഴിലാളി മേഖലയിലെ സ്ത്രീകളുടെ ഉന്നമനത്തിന് പദ്ധതികൾ ആസൂത്രണം ചെയ്യുക. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിന് വേണ്ടി പഞ്ചായത്ത് തലത്തിൽ ക്രെഷെ ഏർപ്പെടുത്തുക. പഞ്ചായത്തിനെ സ്ത്രീകളെ മുഴുവൻ ഇൻഷ്വറൻസ് പദ്ധതികളിൽ ഉൾകൊള്ളിക്കുക.

# 12 സഹകരണവും മാർക്കററും

## സഹകരണം

1904 ലെ സഹകരണ (കോ ഓപ്പറേററീവ് സൊസൈററീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെ ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിക്കുന്നത്. നമ്മുടെ പഞ്ചായത്ത് ആലത്തൂർ താലൂക്കിൽ ഉൾപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ 12 സംഘങ്ങൾ ഉള്ളതിൽ 3 എണ്ണം വായ്പാമേഖലയിലും 8 എണ്ണം വായ്പേതര മേഖലയിലോ പ്രവർത്തിക്കുന്നു. സംഘത്തിൻെറ പേരും വിവരവും താഴെപ്പട്ടികയിൽ ചേർക്കുന്നു.

| സ്ഥാപനത്തിൻെറ പേര് | ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | ഓഹരി വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞു കിട്ടിയ മൂലധനം | സർക്കാർ ഓഹരി | പ്രവർത്തന ലക്ഷ്യം |
|---|---|---|---|---|---|---|---|
| പല്ലഞ്ചാത്തനൂർ നെയ്ത്ത് സഹകരണ സംഘം | 1947 | 328 | 200 | 120000 | 340040 | 374800 | -- |
| തണ്ണിരങ്കാട് സർവ്വീസ് സഹകരണ ബാങ്ക് | 1954 | 3871 | 5 | 2000000 | 795856 | 345000 | -- |
| തണ്ണിരങ്കാട് ക്ഷീരോൽപ്പാദക സഹകരണ സംഘം | 1980 | 305 | 10 | 10000 | 3630 | -- | -- |
| മാത്തൂർ പട്ടികജാതി സേവന സഹകരണ സംഘം | 1983 | 846 | 10 | 30340 | 30340 | 200000 | -- |
| ചെങ്ങണിയൂർ കോംപ്ലക്സ് കോ.ഓപ്പറേററീവ് സൊസൈററി | 1984 | 5575 | 5 | 10000 | 5575 | -- | -- |
| ആനിക്കോട് ക്ഷീരോല്പാദന സഹകരണ സംഘം | 1991 | 181 | 10 | 10000 | 3850 | -- | -- |
| മാത്തൂർ ക്ഷീരോല്പാദക സഹകരണ സംഘം | 1991 | 189 | 10 | 10000 | 2450 | | |
| കുഴൽമന്ദം ബ്ലോക്ക് ഭവന നിർമ്മാണ സഹകരണ സംഘം | 1992 | 90 | 100 | 1650000 | 10700 | -- | |
| നാരകപ്പറമ്പ് ക്ഷീരോല്പാദക സഹകരണ സംഘം | 1993 | 469 | 10 | 4690 | 4690 | -- | -- |
| വിശ്വവം ക്ഷീരോല്പാദക സഹകരണ സംഘം | 1995 | 66 | 10 | 10000 | 660 | -- | -- |
| സി.എഫ്.ഡി ഹൈസ്കൂൾ കോ.ഓപ്പറേററീവ് സൊസൈററി | 1996 | 32 | 20 | 10000 | 672 | -- | -- |
| മാത്തൂർ കൺസ്യൂമർ സഹകരണ സംഘം | - | - | - | - | - | - | - |

നമ്മുടെ പഞ്ചായത്തിൽ ആദ്യമായി രൂപീകരിക്കപ്പെട്ട സഹകരണ സ്ഥാപനം 1947ൽ ആണ് നിലവിൽവന്നത് നെയ്ത്തുജോലിയുമായി ബന്ധപ്പെട്ടിരിക്കുന്നവരെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിനുവേണ്ടിയാണ് പല്ലഞ്ചാത്തനൂർ കൈത്തറി നെയ്ത്തു സഹകരണസംഘം രൂപംകൊണ്ടത്. ഇതിൻെറ ആദ്യത്തെ പ്രസിഡണ്ട് സി.ആർ. ലക്ഷ്മണ അയ്യർ ആയിരുന്നു. ഈ സംഘത്തിൽ തോർത്ത്, ഒററമുണ്ട്, ഡബിൾമുണ്ട്, മേൽവേഷ്ടി ഇവ ഉല്പാദിപ്പിക്കപ്പെടുന്നുണ്ട്. ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള വായ്പ ഉപയോഗിച്ചാണ് പ്രധാനമായും വ്യാപാരം നടത്തുന്നത്. കഴിഞ്ഞ അഞ്ചു വർഷക്കാലങ്ങളിലായി റിബേററ് ഇനത്തിൽ സംഘത്തിന് ലഭിക്കേണ്ട 13 ലക്ഷം രൂപ കിട്ടാത്തതുകൊണ്ടാണ് സംഘം വളരെ ഞെരുങ്ങിയാണ് പ്രവർത്തിക്കുന്നത്. 224903 രൂപ സെപ്തംബർ മാസത്തിൽ അനുവദിച്ചു കിട്ടിയിട്ടുണ്ട്. സംഘങ്ങൾക്ക് ചരക്കുല്പാദിപ്പിക്കുന്നതിൻെറ അടിസ്ഥാനത്തിൽ ബോണസ് ലഭിക്കുന്നുണ്ട്. കൂടാതെ ലീവ് വിത്ത് വേജസ്, പ്രസവാനുകൂല്യം എന്നീ ആനുകൂല്യങ്ങൾ കൂടി ലഭിക്കേണ്ടതാണ്. റിബേററ് ഇനത്തിൽ സർക്കാറിൽ നിന്നും കൊടുക്കേണ്ടത് സമയാസമയത്ത് കൊടുക്കണം. വായ്പാ മേഖലയിൽ പ്രധാനമായും എടുത്തു പറയേണ്ട ഒരു സ്ഥാപനമാണ് തണ്ണീരങ്കാട് സേവന സഹകരണ ബാങ്ക്. ശ്രീമാൻ കെ.ടി. ഫിലിപ്പ്, സി. പഴണൻ എന്നിവരുടെ നേതൃത്വത്തിൽ ഒരു സഹകരണ സ്ഥാപനം ഉണ്ടാക്കുവാൻ രംഗത്തുവരുകയും തണ്ണീരങ്കാട് വിവിദോദ്ദേശ ഐക്യ നാണയസംഘം എന്ന പേരിൽ മാത്തൂർ അഗ്രഹാരത്തുണ്ടായിരുന്ന സഹകരണസംഘം ഇൻസ്പെക്ടർ ശ്രീ. രാമയ്യരുടെ സഹായത്തോടെ 24 4 54 ന് രജിസ്റ്റർ ചെയ്യുകയും 2 5 1954 ന് പ്രവർത്തനം ആരംഭിക്കുകയു ചെയ്തു. അന്നത്തെ ഓണററി സെക്രട്ടറി ആയിരുന്നു ശ്രീമാൻ കേലി മാസ്റ്റർ.

1957ക്ലിപ്ത ബാദ്ധ്യതയോടുകൂടി സഹകരണ ബാങ്കായി മാറി വായ്പ നൽകുന്ന തുകയിൽമേൽ ബാദ്ധ്യത വരുമോ എന്ന് ഭയപ്പെട്ട് ആദ്യകാല ഭരണസമിതി അംഗങ്ങൾ പലരും രാജിവെച്ചുപോയി. എന്നാൽ അക്കാലത്ത് ഭരണ സമതിയിലേക്ക് കോ.ഓപ്ട് ചെയ്യാൻ പ്രസിഡണ്ടിന് അധികാരം ഉണ്ടായിരുന്നതിനാൽ ഭരണസമിതിയെ നിലനിർത്തിവന്നു.

കാർഷിക വായ്പ നൽകുവാൻ മാത്രം ഉദ്ദേശിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഈ സ്ഥാപനം വ്യത്യസ്ത കാർഷിക വായ്പ നൽകുന്നതിന് പുറമെ കിണർ, പമ്പു സെററ്, ബയോഗ്യാസ് പ്ലാൻററ്, ഭവന നിർമ്മാണം എന്നിവയ്ക്കും വായ്പ നൽകുന്നുണ്ട്. സ്വർണ്ണപ്പണയ വായ്പയാണ് മുഖ്യമായ വായ്പാ പദ്ധതി. സിമൻററ് രാസവളം എന്നിവയുടെ വ്യാപാരം നടക്കുന്നുണ്ട്. എല്ലാവർഷവും നഷ്ടം സഹിച്ചാണെങ്കിലും ഓണച്ചന്ത നടത്തുന്നുണ്ട്. ബ്രാഞ്ച് പ്രവർത്തനം ആരംഭിക്കുന്നതിന് ആനിക്കോട് ബ്രാഞ്ചിനാവശ്യമായ കെട്ടിടവും ചുങ്കമന്ദത്ത് ഗോഡൗൺ കം ഷോപ്പിംഗ് കോംപ്ലെക്സ് നിർമ്മിച്ചിട്ടുണ്ട്. ബാങ്കിൽ നിലവിൽ 3761 അംഗങ്ങളുണ്ട്.

നിലവിൽ 1650000 രൂപയുടെ നിക്ഷേപം ബാങ്കിനുണ്ട്. ബാങ്കിൻെറ പ്രവർത്തനം കൂടുതൽ വിപുലീകരിക്കേണ്ടിയിരിക്കുന്നു. പ്രവർത്തന പരിധിയിൽ ജനങ്ങളുടെ സഹകരണവും പങ്കാളിത്തവും കൂടിയേ തീരൂ.

തണ്ണീരങ്കാട് ക്ഷീരോല്പാദക സഹകരണ സംഘമാണ് ക്ഷീരോല്പാദക രംഗത്ത് 1980ൽ ആദ്യമായി രൂപീകരിച്ച സംഘം. ഇപ്പോൾ അത് ആനന്ദ് മാതൃകാ സംഘമായി മാറിയിട്ടുണ്ട്. മാത്തൂർ ക്ഷീരോല്പാദക സഹകരണസംഘം, ആനിക്കോട് ക്ഷീരോല്പാദക സഹകരണസംഘം, വീശ്വലം ക്ഷീരോല്പാദക സഹകരണസംഘം നാരകപ്പറമ്പ് ക്ഷീരോല്പാദക സഹകരണ സംഘം, അയ്യപ്പൻകാവ് ക്ഷീരോല്പാദക സഹകരണസംഘം എന്നിങ്ങനെ ആറ് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 2600 ലിററർ പാൽ ശേഖരിച്ച് 245 ലിററർ പാൽ ഇവിടെത്തന്നെ വിററഴിച്ച് 2355 ലിററർ പാൽ പ്രതിദിനം മിൽമയിലേക്ക് കയററി അയക്കുന്നു.

ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് കറവുമാടുകൾ വാങ്ങുന്നതിന് തൊഴുത്ത്, വളക്കുഴി, തീററപ്പുൽ കൃഷി എന്നിവയ്ക്ക് സൗകര്യം ലഭിക്കേണ്ടതുണ്ട്. എന്നാൽ ഒരു പരിധിവരെ കറവുമാടുകൾ വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സ്റ്റേററ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയായ (A.D.B) കാർഷിക വികസന ബാങ്ക് വായ്പാ സഹായം നൽകിവരുന്നുണ്ട്.

പഞ്ചായത്ത് ഒരു ഹൈസ്കൂൾ സഹകരണസംഘം, ഒരു സ്കൂൾ കോംപ്ലക്സ് സഹകരണം എന്നിവ പ്രവർത്തിക്കുന്നുണ്ട്. പ്രവർത്തനം പാഠ പുസ്തകത്തിൽ മാത്രം ഒതുക്കി നിർത്താതെ സ്കൂൾ യൂണിഫോറം, പാഠോപകരണങ്ങൾ, വിദ്യാർത്ഥികൾക്കാവശ്യമായ മററു സാധന സാമഗ്രികൾ, ഉച്ചക്കഞ്ഞി എന്നീ നിലകളിലേക്ക് ഇവയുടെ പ്രവർത്തനം വ്യാപിപ്പിക്കണം.

## മാത്തൂർ പട്ടിജാതി സർവ്വീസ് സഹകരണസംഘം

1983 മുതൽ പ്രവർത്തനം ആരംഭിച്ചുവെങ്കിലും നാളിതുവരെ പട്ടികജാതി മേഖലയിൽ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. ഗവൺമെൻറിൽ നിന്നും ഒരു ലക്ഷം രൂപ അനുവദിച്ചുകിട്ടിയിട്ടുണ്ട്. സംഘം ഏറ്റെടുത്ത ഇഷ്ടിക നിർമ്മാണം മാനേജ്മെൻറിൻെറ കാര്യക്ഷമത ഇല്ലായ്മ, ദുർവ്യയം, സാങ്കേതിക നവീകരണത്തിൻെറ അഭാവം എന്നിവ കാരണം കനത്ത നഷ്ടത്തിൽ കലാശിച്ചു. രാസവള വ്യാപാരവും പുരോഗതി കണ്ടില്ല. അംഗങ്ങൾക്ക് 44589 രൂപ 30 പൈസ വായ്പ കൊടുത്തിരുന്നു എങ്കിലും അതു മുഴുവനും കുടിശ്ശികയായി തുടരുന്നു. സംഘം വക ട്രാക്ടർ പ്രവർത്തനക്ഷമമാണ്. പട്ടികജാതി മേഖലയിൽ പരമ്പരാഗത വ്യവസായങ്ങൾ കൊണ്ടു നടത്തുവാനും പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും ഇതിൻെറ പ്രവർത്തനം വിപുലീകരിക്കപ്പെടേണ്ടതാണ്. ആയതിന് പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു കയറുവാനുള്ള ആത്മ ധൈര്യമില്ലായ്മ ഒഴിവാക്കിയേ പററൂ.

മാത്തൂർ കൺസ്യൂമർ കോ.ഓപ്പറേററീവ് സൊസൈററി എന്ന പേരിൽ ഒരു സ്ഥാപനം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും യാതൊരു പ്രവർത്തനവും നടത്തുന്നില്ല. ഇവ കൂടാതെ കുഴൽമന്ദം ബ്ലോക്ക് വനിതാ സഹകരണസംഘം, ആലത്തൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് സഹകരണ സംഘം എന്നിവയുടെ പ്രവർത്തന പരിധിയിലും നമ്മുടെ പഞ്ചായത്ത് ഉൾപ്പെടുന്നുണ്ട്. ഭവന നിർമ്മാണ സഹകരണസംഘം 10700 രൂപ ഓഹരി മൂലധനം പിരിച്ച് യാതൊരു പ്രവർത്തനവും നടത്തിയിട്ടില്ല. ഭവന നിർമ്മാണത്തിനാവശ്യമായ വായ്പ ലഭിക്കുന്നതിന് ആലത്തൂർ താലൂക്ക് ഭവന നിർമ്മാണ സഹകരണ സംഘത്തെ ആശ്രയിക്കേണ്ടിവരുന്നു.

ആലത്തൂർ താലൂക്ക് പ്രാഥമിക കാർഷിക വികസന ബാങ്കിൻെറ പരിധിയിലും നമ്മുടെ പഞ്ചായത്ത് വരുന്നുണ്ട്. കാർഷികവും കാർഷികേതരവുമായ ധാരാളം വായ്പ നമ്മുടെ പഞ്ചായത്തിൽ നൽകിയിട്ടുണ്ട്. തണ്ണീരങ്കാട് സർവ്വീസ് ബാങ്കിൻെറ പ്രവർത്തനം വിപുലമാക്കണം. ബ്രാഞ്ച് പ്രവർത്തന ക്ഷമമാക്കണം. പല്ലഞ്ചാത്തനൂർ നെയ്ത്ത് സഹകരണ സംഘത്തിന് റിബേററ് ഇനത്തിൽ കിട്ടാനുള്ള പണം അതാതു സമയത്ത് ലഭിക്കുവാനുള്ള സൗകര്യം ഉണ്ടാകണം.

പഞ്ചായത്തിൻെറ പരിധിയിലുള്ള മുഴുവൻ കർഷകർക്കും സർവ്വീസ് സഹകരണ ബാങ്കിൽ അംഗത്വം ഉറപ്പുവരുത്തുക. സർവ്വീസ് കോ.ഓപ്പറേററീവ് ബാങ്കിൽ നിന്ന് കർഷകർക്ക് 5% പലിശ നിരക്കിൽ ആവശ്യമുള്ള വായ്പാ സൗകര്യം ഏർപ്പെടുത്തുക. അംഗങ്ങൾക്കുള്ള വായ്പാ പരിധി ഉയർത്തുക. സർവ്വീസ് കോ.ഓപ്പറേററീവ് ബാങ്ക് മുഖാന്തിരം രാസവളങ്ങൾ കീടനാശിനികൾ വിതരണം ചെയ്യുവാൻ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും ഡിപ്പോ തുറന്ന് പ്രവർത്തനം ആരംഭിക്കുക.

സർവ്വീസ് കോ.ഓപ്പറേററീവിൻെറ നിയമനം പഞ്ചായത്തിൻെറ പരിധിയിലുള്ളവർക്ക് മുൻഗണന കൊടുക്കുക.

കാർഷികോല്പന്നങ്ങളുടെ നിലവാരം നിലനിർത്താൻ സഹകരണ ബാങ്ക് മുഖേന താങ്ങുവില നിശ്ചയിച്ച് സംഭരിക്കുക.

കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജനോപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനും താഴെപ്പറയുന്ന മേഖലകളിൽ കൂടി സഹകരണസംഘങ്ങൾ രൂപീകരിക്കാൻ കഴിയും.

1. പൗൾട്രി ഫാമിംഗ്.
2. ക്ഷീരോല്പാദക സഹകരണസംഘങ്ങൾ.
3. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സഹകരണ സംഘങ്ങൾ.
4. മൽസ്യ. സഹകരണ സംഘങ്ങൾ.
5. റെഡിമെയ്ഡ് ഗാർമെൻറ് സഹകരണ സംഘം.
6. തുന്നൽ പരിശീലന സഹകരണ സംഘം.
7. കറി പൗഡർ നിർമ്മാണ സഹകരണ സംഘം.
8. സോപ്പുപൗഡർ നിർമ്മാണ സഹകരണ സംഘം.
9. ബാഗുകൾ, ചെരുപ്പ്, കുട എന്നിവ നിർമ്മിക്കുന്നതിനുള്ള സഹകരണ സംഘം.
10. പവർലൂം വീവേഴ്സ് സൊസൈററി.

11. കയർ ഉല്പാദക സഹകരണ സംഘം.

12. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനം, വിപണന സംഘം.

13. ഫർണീച്ചർ നിർമ്മാണ വിപണന സംഘം.

## മാർക്കററ്

നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗതമായി ഉല്പാദിപ്പിക്കുന്ന ഓലപ്പായ ഇരുമ്പുപകരണങ്ങൾ, മര സാമഗ്രികൾ, ആഭരണങ്ങൾ എന്നിവ വിൽക്കുന്നതിനുള്ള വിപണന കേന്ദ്രത്തിന്റെ അഭാവവും നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ ലഭ്യത കുറവും പുതിയ തലമുറക്ക് ഈ മേഖലകളിലുള്ള താല്പര്യക്കുറവും കാരണം പഞ്ചായത്തിന്റെ മാപ്പിൽ നിന്നുതന്നെ ഇവ അപ്രത്യക്ഷ്യമായിക്കൊണ്ടിരിക്കുന്നു.

മൽസ്യം വളർത്തുന്ന കുളങ്ങൾ ഉണ്ടെങ്കിലും മൽസ്യ, മാർക്കററ് ഇല്ല. ആഴ്ച ചന്ത നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു എങ്കിലും പ്രവർത്തിക്കുന്നില്ല. ആഴ്ച ചന്തയുടെ അഭാവം പച്ചക്കറി വിൽക്കുന്നതിനും വാങ്ങിക്കുന്നതിനും പ്രയാസങ്ങൾ ഉണ്ടാക്കുന്നുണ്ട്.

നെല്ല്, തേങ്ങ, വാഴ, പച്ചക്കറി തുടങ്ങിയവയാണ് പ്രധാനപ്പെട്ട കാർഷിക വിളകൾ. ഇതിൽ പ്രധാനപ്പെട്ട നെല്ല് താങ്ങുവില നിശ്ചയിച്ച് സംഭരിക്കുവാനുള്ള പൊതു വിപണിയോ സഹകരണ വിപണയോ നിലവിലില്ല.

നമ്മുടെ പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള എല്ലാ വിഭവങ്ങളും കോർത്തിണക്കി ഓരോന്നിന്റേയും അധിക ലഭ്യതയും സംതുലനം ചെയ്യുവാനുള്ള കരുത്തുററ വ്യവസ്ഥയോടുകൂടിയ ഒരു പഞ്ചായത്ത് വിപണന സംവിധാനം കരുപ്പിടിപ്പിക്കുന്നത്. സ്വാശ്രയ ഗ്രാമത്തിലേക്കുള്ള നമ്മുടെ ഒന്നാമത്തെ കാൽവെപ്പായിരിക്കും എന്ന കാര്യത്തിൽ തർക്കമില്ല.

## പ്രശ്നങ്ങൾ

1. പച്ചക്കറി, മൽസ്യം, കോഴിമുട്ട എന്നിവയുടെ ഉല്പാദനക്കുറവും വിപണനത്തിലെ അപാകതയും.
2. ആഴ്ച ചന്ത പ്രവർത്തനക്ഷമമല്ല.
3. കാർഷികോല്പന്നങ്ങൾ വിൽക്കുന്ന പൊതു വിപണി ഇല്ലായ്മ.
4. കൺസ്യൂമർ സ്റ്റോറുകൾ ഇല്ല.
5. പാരമ്പര്യ വ്യവസായ ഉല്പന്നങ്ങളുടെ വിതരണ കേന്ദ്രത്തിന്റെ കുറവ്.
6. പായ നെയ്ത്ത് സഹകരണ സംഘത്തിന്റെ അഭാവം.
7. ഇരുമ്പ് ഉപകരണങ്ങൾ ഉണ്ടാക്കുന്നതിനും വിപണനത്തിനുമുള്ള സഹകരണ സംഘത്തിന്റെ അഭാവം.
8. സഹകരണാടിസ്ഥാനത്തിൽ റൈസ് മില്ലിന്റെ അഭാവം.

## നിർദ്ദേശങ്ങൾ

1. മത്സ്യം, കോഴിമുട്ട, പച്ചക്കറി എന്നിവ സഹകരണ അടിസ്ഥാനത്തിൽ ഉല്പാദനം വർദ്ധിപ്പിക്കുകയും വിപണനം നടത്തുന്നതിനുള്ള സാദ്ധ്യത ഉറപ്പുവരുത്തുകയും ചെയ്യുക.
2. പഞ്ചായത്തിലെ ആഴ്ച ചന്ത പ്രവർത്തനക്ഷമമാക്കുക.
3. കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് പൊതു മാർക്കററ് ഉണ്ടാക്കുക.
4. ഏററവും ചുരുങ്ങിയത് 2 കൺസ്യൂമർ സ്റ്റോറുകൾ, 2 റവന്യൂ വില്ലേജുകളിൽ തുടങ്ങുവാൻ നടപടി സ്വീകരിക്കുക.
5. സഹകരണാടിസ്ഥാനത്തിൽ പാരമ്പര്യ ഉല്പന്നങ്ങളുടെ വിപണനകേന്ദ്രം തുറക്കുക.
6. പായ നെയ്ത്ത് സഹകരണ സംഘം സ്ഥാപിക്കുക.
7. ഇരുമ്പുപകരണങ്ങൾ ഉണ്ടാക്കുന്നതിനും വിപണനങ്ങൾ നടത്തുന്നതിനും മേഖലകൾ ഉണ്ടാക്കുക.
8. സഹകരണാടിസ്ഥാനത്തിൽ ഒരു മോഡേൺ റൈസ് മിൽ ആരംഭിക്കുക.

## സാദ്ധ്യതകൾ

ആനിക്കോട് ആസ്ഥാനമാക്കി ഒരു ആഴ്ച ചന്തയും സഹകരണാടിസ്ഥാനത്തിൽ ഒരു പൊതു മാർക്കററും സ്ഥാപിക്കുക. കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക.

# 13

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യ 27627 ആണ്. അതിൽ പട്ടികജാതിക്കാർ 5559 പേർ ആണ്. ഇവരിൽ 2708 പുരുഷൻമാരും 2851 സ്ത്രീകളുമുണ്ട്. പുരുഷൻമാരേക്കാൾ കൂടുതലാണ് സ്ത്രീകൾ. ഇവർ 46 കോളനികളിലും അല്ലാതെയിട്ടാണ് താമസിക്കുന്നത്. ഇതിൽ 3 കോളനികൾ I.H.D.P. കോളനികൾ ആക്കിയിട്ടുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്നും പിർണ്ണമായും മോചനം നേടാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതിമതസ്ഥരേയും എല്ലാതരം ചടങ്ങുകളിലും പങ്കെടുക്കുവാനും എല്ലാ പൊതുപരിപാടികളിൽ മോശമല്ലാത്ത പരിഗണന ലഭിക്കുന്നുണ്ട്.

ഇവരുടെ ഉയർച്ചയ്ക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ല. കൂടാതെ പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും. ആയതിനാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ മാത്രമേ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളത് കോളനിക്കാർക്കാണ്. ഏറ്റവും കൂടുതൽ നേട്ടം I.H.D.P. കോളനികൾക്കാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിൽക്കുന്നതും കാണാൻ കഴിയും.

വിദ്യാഭ്യാസത്തിന് വേണ്ടത്ര പുരോഗതി ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ നിരക്കിൽ കുറവാണെന്നതും നമുക്ക് കാണാം. രക്ഷിതാക്കളിൽ അധികംപേരും പഠിപ്പിക്കുന്ന കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല. താഴെയുള്ള കുട്ടികളെ നോക്കുന്നതിനും കുടുംബബാദ്ധ്യത ഏറ്റെടുക്കുന്നതിന്റെ ഫലമായും പഠനം നിർത്തുന്ന നിരവധി കുട്ടികളുണ്ട്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ഇവരെ ബോധ്യപ്പെടുത്തുന്നതിനായി വിദ്യാഭ്യാസമുള്ളവരെ ചുമതലപ്പെടുത്തി ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്. S.S.L.C.ക്ക് ഉപരിയായ വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെക്കുറവാണ്. ഈ സ്ഥിതിക്ക് പരിഹാരം കണ്ടേ തീരൂ.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും അടിമപ്പെട്ട് അസുഖം വന്നാൽപ്പോലും ആധുനിക ചികിത്സാ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുപകരം ഊതൽ, ബലിവയ്ക്കൽ, കർമ്മം കൊടുക്കൽ എന്നീ അന്ധവിശ്വാസങ്ങൾക്ക് അടിമപ്പെട്ടുപോകുന്നു.

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷം പേരും കാർഷിക വൃത്തിയെ ആശ്രയിക്കുന്നു. കാർഷിക മേഖലയുടെ തകർച്ച ഇവരെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റ് ഇതര പ്രവർത്തികൾക്കും നയിക്കുന്നു. നിർമ്മാണരംഗത്ത് കാർഷികമേഖലയേക്കാൾ കൂടുതൽ വേതനം ലഭിക്കുന്നതുകൊണ്ട് കൂടുതൽ പേരും നിർമ്മാണ രംഗത്താണ്. പുതിയ തലമുറ കാർഷിക വൃത്തിയുമായി ബന്ധപ്പെടുന്നില്ല.

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കപ്പെട്ടിട്ടില്ല. എന്നാൽ ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കുന്ന പദ്ധതികൾ സഹായിച്ചിട്ടുണ്ട്. ഹരിജനങ്ങൾ കൂട്ടായി താമസിക്കുന്ന മിക്ക സ്ഥലങ്ങളിലും പരിമിതങ്ങളായ സൗകര്യങ്ങളാണെങ്കിലും ചെറു കുടിലുകളിൽ നിന്നുള്ള മോചനം ഉണ്ടായിട്ടുണ്ട്. ഒറ്റപ്പെട്ടുകിടക്കുന്ന കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഇവരിൽ ചിലരെങ്കിലും വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന വായ്പ എടുത്ത് കടക്കെണിയിൽപ്പെട്ടുപോകുന്നുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽപ്പെട്ടുപോകുന്നതുകൊണ്ട് മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. വീടുകൾക്കനുവദിക്കുന്ന തുകയുടെ കുറവുമൂലം പല വീടുകളും പൂർത്തിയാകാതെ കിടക്കുന്നുണ്ട്.

വീടുവെയ്ക്കുവാൻ സ്ഥലമില്ലാതതവർക്ക് വീടുവയ്ക്കുവാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുക്കേണ്ടതാണ്. ഇനിയും ലഭിക്കാത്ത പട്ടികജാതിക്കാർക്ക് പാർപ്പിട സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്ത് ബ്ലോക്ക് വിവിധ ഏജൻസികൾ തുടങ്ങിയവർ സൗജന്യമായി അനുവദിച്ച വീടുകൾക്ക് കക്കൂസ് വേണമെന്ന നിർബന്ധം ഉള്ളതുകൊണ്ട് അത്തരത്തിലുള്ള വടുകളിൽ മാത്രമേ കക്കൂസ് ഇപ്പോൾ ഉള്ളൂ.

ഗ്രാമസഭകളിൽ നിന്നും പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്നതും കോളനികൾ ആക്കേണ്ടതുമായ സ്ഥലങ്ങളും ഗ്രാമസഭയിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് ഏകദേശം 2281 പട്ടികജാതി കുടുംബങ്ങൾ കൂട്ടായിട്ടും 263 കുടുംബൾ ഒറ്റയ്ക്കായിട്ടുമുണ്ട്.

## പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ

1. കൊല്ലങ്കോട്
2. മുതുകുളമ്പ്
3. പറയൻപടി
4. കവറത്തറ
5. തെക്കുമുറി
6. പാലക്കോട്
7. പേഴുംകോട്
8. ഒഴിയാടി
9. വെമ്രക്കോട്
10. ആലിങ്കൽപ്പറമ്പ്
11. പള്ളിക്കളം
12. നരിക്കോട്
13. ചിറയ്ക്കൽ
14. പെലശ്ശേരിപ്പറമ്പ്
15. പനയ്ക്കൽ പറമ്പ്
16. പൊള്ളപ്പാടം
17. ഇടയ്ക്കാട്ടുപറമ്പ്
18. തേനങ്കാട്
19. പതിയാരപ്പറമ്പ്
20. കൂത്തുപറമ്പ്
21. കോഴിക്കാട്
22. തൊടിയക്കാവ്
23. മടയൻപറമ്പ്
24. കുന്നംപറമ്പ്
25. പഴയകുളം
26. ഉള്ളാട്ടുകളം
27. വാരിയത്തുകളം
28. ചിറ്റടിക്കാട്
29. പാട്ടത്തിൻകളം
30. മായങ്ങത്തുതറ
31. കുന്നംപറമ്പ്
32. ആനയംകുണ്ട്
33. കണ്ണികാടുപറമ്പ്
34. പാറയ്ക്കൽ
35. മണ്ണാത്തിക്കാവ്
36. മന്ദംപുള്ളി
37. പറക്കാട്ടുതൊടി
38. പൊടിക്കുളങ്ങര
39. പുത്തൻതൊടി
40. അരുമ്പിൽ
41. കോറാംകോട്
42. വെട്ടിക്കാട്ട്
43. മൂലോട്ട്
44. ചിറവള്ളിക്കോട്
45. കണക്കത്തറ
46. മന്നത്തുപറമ്പ്
47. അയ്യപ്പൻകാവ്
48. പെരിങ്കരംങ്കാട്
49. അമ്പാട്ട്
50. ആങ്കിരംകാട്
51. ആലംതോട്
52. കാൽനാട്ടുപറമ്പ്
53. പറമ്പുള്ളിതൊടി

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനിൽക്കുന്നു.
2. പട്ടികജാതിക്കാരുടെ ക്ഷേമപദ്ധതികളുടെ അറിവില്ലായ്മ.
3. കാർഷിക മേഖല ആധായമില്ലാത്തതിനാൽ മറ്റു ജോലികൾക്കു പോകുന്നു.
4. എല്ലാവർക്കും സ്വന്തമായി വീടില്ല.
5. വീടുനിർമ്മിക്കുവാൻ നൽകുന്ന ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തിയാക്കുവാൻ

കഴിയാത്തതിനാൽ കിട്ടുന്ന ധനസഹായം ദുർവിനിയോഗം ചെയ്യുന്നു.

6. പ്രാദമിക സൗകര്യങ്ങൾ വളരെ കുറവാണ്.
7. കൈവശ ഭൂമിക്ക് പട്ടയം എല്ലാവർക്കും ലഭിച്ചിട്ടില്ല.
8. കുടിവെള്ളം വൈദ്യുതി എന്നിവ പൂർണ്ണമായിട്ടില്ല.
9. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
10. നിർദ്ദനകുടുംബങ്ങളിലെ അംഗങ്ങളുടെ ചികിൽസയ്ക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധനസഹായം സമയത്തിനു ലഭിക്കുന്നില്ല.
11. I.R.D.P. പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.
12. പട്ടികജാതി വികസന കോർപ്പറേഷൻ പട്ടികജാതിക്ഷേമവകുപ്പും അഭ്യസ്തവിദ്യരായവർക്ക് നൽകുന്ന വായ്പകൾ ലഭിക്കുവാൻ കടമ്പകൾ കൂടുതലുണ്ട്.
13. കിട്ടുന്ന വായ്പകൾ ഫലപ്രദമായി ഉപയോഗിക്കുല്ല.
14. കടക്കെണിയിൽപ്പെട്ടുപോകുന്നു.

## സാദ്ധ്യതകൾ

കവത്തറ, ഒഴയാടി, കുന്നംപറമ്പ്, കാംടാംതൊടി, കോഴിക്കാട്, പഴയകുളം, ഇളയാട്ടുകളം, പെരിങ്കിൻകാട്, പാറയ്ക്കൽ, പൈലേരിപ്പറമ്പ്, അരുമ്പിൽ, തെക്കുമുറി, അയ്യപ്പൻകാവ്, ചിറയ്ക്കൽ കാൽനാട്ടുപറമ്പ്, എന്നിവടങ്ങളിലെ പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കാനുണ്ട്. കോളനികളിൽ കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. വിവിധ ഏജൻസികൾ കിണറുകളും, കുഴൽ കിണറുകളും സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതും ഉപയോഗപ്രദമല്ല.

ക്ഷേമപദ്ധതികളെക്കുറിച്ച് ബോധവാൻമാരാക്കുവാനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക. അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കുക. പട്ടികജാതി വികസന കോർപ്പറേഷൻ പട്ടികജാതി വകുപ്പും നടപ്പാക്കാവുന്ന പദ്ധതികൾ പഞ്ചായത്തുമുഖാന്തിരമാക്കുക.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. കന്നുകാലി വളർത്തലിൽ പ്രോൽസാഹനം നൽകുക, കോളനികളിലെ പെൺകുട്ടികൾക്ക് കൈതൊഴിൽ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുകയും. ഇതിന് എല്ലാവിധ സഹായവും ചെയ്യുക. പായനെയ്ത്ത്, കൊട്ട, പനമ്പ്, കയർ എന്നിവയുടെ നിർമ്മാണം വ്യവസായ അടിസ്ഥാനത്തിൽ ആക്കുക. കുടിവെള്ള പ്രശ്നം പരിഹരിക്കുക, സഹകരണമേഖലയിൽ ഇലക്ട്രോണിക് വ്യവസായവും ചകിരികൊണ്ട് കയർ, ചൂടി എന്നിവ നിർമ്മാണ യൂണിറ്റും തുടങ്ങുക.

അഭ്യസ്ത വിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും സഹായധനങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്തുമുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിച്ച് മേൽനോട്ടം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുക. വ്യവസായ പരിശീലനം നൽകുകയും വ്യവസായം തുടങ്ങുവാൻ ആവശ്യമായ പണ് മുഴുവൻ വായ്പയായി അനുവദിക്കുക. വായ്പകൾ ഉദ്ദേശിച്ച കാര്യത്തിന്തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധനയ്ക്ക് ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തുക. പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലമാക്കുക. വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അവകാശം പഞ്ചായത്തുഭരണസമിതിക്കു നൽകുക. വീടു പുതുക്കിപണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും പലിശരഹിത വായ്പകൾ ലനിതമായ വ്യവസ്ഥയിൽ നൽകുക. പട്ടികജാതി വികസനവകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത ഭവനരഹിത പുനരധിവാസപദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാതവരെ സഹായിക്കുക.

കണക്കത്തറ മൂലോട്ടു ലക്ഷംവീട് കോളനിയിലേക്ക് പോകുന്ന റോഡിന്റെ സൈഡുകെട്ടുക. S.S.L.C. വരേയും തുടർന്നും പഠനം നടത്തുന്നതിന് പ്രോൽസാഹനവും ധനസഹായവും നൽകുക, കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കുക, കോളനികളിലേയ്ക്കുള്ള ഗതാഗതത്തിന് റോഡുകൾ നിർമ്മിക്കുക. I.R.D.P. വായ്പയുടെ പരിധി ഉയർത്തുക. പട്ടികജാതിക്കാരുടെ വിവാഹ ധനസഹായം വർദ്ധിപ്പിക്കുക. I.H.D.P. കോളനിക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഒറ്റപ്പെട്ടുകുടക്കുന്ന പട്ടികജാതിക്കാർക്ക് ലഭ്യമാക്കുക.

# 14

# വിഭവസമാഹരണം

മത്തൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിലും വരുമാന മാർഗ്ഗവും കാർഷിക ജോലികളിൽ നിന്നാണ്. പഞ്ചായത്തിൻെറ വരുമാന മാർഗ്ഗം നിരന്തരമായി വർദ്ധിക്കുന്നതിനുപററിയ വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ലായെന്ന് പറയാം. കെട്ടിട നികുതി, തൊഴലിൽ നികുതി, വിനോദ നികുതി എന്നിവയ്ക്കുപുറമെ സർക്കാരിൽ നിന്നുള്ള J.R.Y അൺടൈഡ് ഫണ്ട് സ്റ്റാമ്പ് ഡ്യൂട്ടി മററു ഗ്രാൻറുകൾ എന്നിവയാണ് പ്രധാന വരുമാനമാർഗ്ഗങ്ങൾ. ഏറെറടുക്കേണ്ട വികസന പ്രവർത്തനങ്ങളുടെ തോതനുസരിച്ചുള്ള വരുമാന മാർഗ്ഗം പഞ്ചായത്തിനില്ല.

## വിവിധ ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

1. കാർഷിക ജോലിയുമായി ബന്ധപ്പെട്ടവരാണ് ഏറിയപങ്കും. ആയതിനാൽ നികുതി ചുമത്തുന്നതിന് പരിമിതികളുണ്ട്.
2. റോഡ് നിർമ്മാണത്തിന് നല്ലൊരു തുക ചിലവഴിച്ചിട്ടും ആവശ്യങ്ങൾ ഏറിവരുന്നു.
3. പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തണം.
4. വികസന പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തി മനുഷ്യാദ്ധ്വാനം വിനിയോഗിക്കണം അതിന് സന്നദ്ധഭടന്മാരുടെ ഒരു കമ്മിററി രൂപീകരിക്കണം.
5. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നതിൽ നിന്നും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുള്ള സംഭാവന നേടാവുന്നതാണ്.
6. വിവിധ വാർഡുകളിൽ കൃഷി, കന്നുകാലി വളർത്തൽ, ക്ഷീര വികസനം എന്നീ കാര്യങ്ങൾക്ക് ഊന്നൽ നൽകിയ പദ്ധതി ആവശ്യമാണ്.

വിശാലമായ പഞ്ചായത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേററാൻ നിലവിലുള്ള വരുമാനം പര്യാപ്തമല്ല. കാർഷിക മേഖലയിലെ ജനങ്ങൾക്ക് അധിക നികുതി ചുമത്തി വരുമാനം ഉണ്ടാക്കുക എന്നത് പ്രായോഗികമല്ല. കെട്ടിട നികുതി, തൊഴിൽ നികുതി വിനോദ നികുതി എന്നീ ഇനങ്ങളിലുള്ള വരുമാനം പഞ്ചായത്തിൻെറ ദൈനംദിന പ്രവർത്തനത്തിന് തികയുന്നതല്ല. വൻകിട ഇടത്തര വ്യവസായ സ്ഥാപനങ്ങൾ ഒന്നുംതന്നെ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും പരിമിതിയുണ്ട്.

1. പഞ്ചായത്തിൽ നിലനിൽക്കുന്ന ഇഷ്ടിക നിർമ്മാണ വ്യവസായത്തിൽ നിന്നും കാലാനുസൃതമായ നികുതി ഘടന ഏർപ്പെടുത്തി വരുമാനം കണ്ടെത്തുവാൻ ശ്രമിക്കാവുന്നതാണ്.
2. കെട്ടിട നികുതി ഘടന പരിഷ്കരിച്ച് വരുമാനം വർദ്ധിപ്പിക്കുവാൻ സാദ്ധ്യതയുണ്ട്.
3. ഷോപ്പിംഗ് കോംപ്ലക്സ്, കല്യാണമണ്ഡപം എന്നിവ നിർമ്മിച്ച് ആയതിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
4. മണൽ ലേലം പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയാൽ മണൽ ലേലത്തിലൂടെ വരുമാനം ഉണ്ടാക്കുവാൻ കഴിയും.
5. വിവിധതരം നിക്ഷേപ പദ്ധതികളിൽ ജനങ്ങളുടെ വിപുലമായ സഹകരണം തേടാവുന്നതാണ്.

95-96 ലെ നിക്ഷേപസമാഹരണം.

| | | |
|---|---|---|
| 1. | R.D അക്കൗണ്ടുകളുടെ എണ്ണം | 27456 |
| 2. | ആകെ തുക | 1927135 |
| 3. | ഇന്ദിരാ വികാസ് പത്ര | 108 എണ്ണം |
| 4. | ഇന്ദിരാ വികാസ് പത്ര തുക | 179500 |
| 5. | കിസാൻ വികാസ് പത്ര | 75 എണ്ണം |
| 6. | കിസാൻ വികാസ് പത്ര തുക | 281500.00 |
| 7. | സ്ഥിരം നിക്ഷേപം | 18 എണ്ണം |
| 8. | സ്ഥിരം നിക്ഷേപം തുക | 377000 |
| 9. | നാഷണൽ സേവിംഗ്സ് സ്കീം | 26000 |

നിക്ഷേപ പദ്ധതികളിൽ വരുമാനത്തിൻെറ ഒരംശം നിക്ഷേപിച്ച് നാടിൻെറ വികസന കാര്യങ്ങളിൽ പങ്കാളികളാവുക എന്ന ബോധത്തിലേക്ക് ജനങ്ങളെക്കൊണ്ടുവരുവാൻ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി ഗവൺമെൻറും പഞ്ചായത്തും വിനിയോഗിക്കുന്ന തുകയേക്കാളും മൂല്യം ഉണ്ടാക്കിയെടുക്കാൻ സന്നദ്ധ പ്രവർത്തനങ്ങൾക്ക് കഴിയുന്നതാണ്. ഈ രംഗത്ത് നിലനിൽക്കുന്ന ഒട്ടേറെ പോരായ്മകൾക്കും തിരിമറികൾക്കും ജനപങ്കാളിത്തംകൊണ്ട് മാറ്റം ഉണ്ടാക്കാനും കഴിയും.

# 15

# ഉപസംഹാരം

ഉള്ള അധികാരങ്ങളും ചുമതലകളും തിരിച്ചറിയാത്തതിന്റെ
പ്രയാസങ്ങൾ എല്ലാ തലങ്ങളിലുമുണ്ട്.
അധികാരത്തോടൊപ്പം ചുമതലകളും ബാഹുല്യവും
തിരിച്ചറിയാൻ കഴിഞ്ഞാൽ വിനയാന്വിതരാകും.
ഉല്പാദിപ്പിക്കുന്ന സമ്പത്തും സംസ്കാരവും
നന്മയും എല്ലാം ലാഭം കൂട്ടാൻ
ഉപയോഗിക്കുന്ന കാഴ്ച സാർവ്വത്രികമാണ്.
ജനാധിപത്യ ഭരണക്രമത്തിലെ നിയമ നിർമ്മാണം
കാര്യ നിർവ്വഹണം. നീതിന്യായം എന്നി
അധികാര സ്തംഭങ്ങളിലെ
ചില കാര്യങ്ങളിൽ ഇടപെടാനുള്ള
പരിശീലന കളരിയായി ജനകീയാസൂത്രണ
പ്രവർത്തനങ്ങളെ കാണാവുന്നതാണ്.
തന്റെ ഗ്രാമത്തിന്റെയും രാജ്യത്തിന്റെയും
സർവ്വോപരി മനുഷ്യരാശിയുടേയും ക്ഷേമൈശ്വര്യങ്ങളിലും
സന്തോഷത്തിലും ആഹ്ലാദിക്കാൻ
ഓരോരുത്തരും പ്രാപ്തരാകുന്നതുവരെയെങ്കിലും
സംഘപ്രവർത്തനം പ്രസക്തമാണ്.
ഈ രേഖയിൽ ഇന്നലെകളിലേക്കെത്തി
നോക്കാനും ഇന്നിനെ മനസ്സിലാക്കാനും നാളെയെ
കാണാനും ശ്രമിച്ചിട്ടുണ്ട്.
സംഘ ശക്തിയിലൂടെ സുസാദ്ധ്യമല്ലാത്തതൊന്നും
ഈ രേഖയിൽ ആഗ്രഹിച്ചിട്ടുമില്ല.
ഈ രേഖ തയ്യാറാക്കാൻ ഞങ്ങളെ സഹായിച്ച
മുഴുവൻ പേർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

എഡിറ്റോറിയൽ ബോർഡ്
വികസനരേഖ
മാത്തൂർ ഗ്രാമപഞ്ചായത്ത്

മാത്തൂർ
ഡിസംബർ 96